For Private circulation only

# Hello Hope
# ഹലോ ഹോപ്പ്


---Hope Harbour for Believers---

GULF EDITION

Issue No.1, April 2017 Published by: Phoenix Publishing House, Kerala, India | Licence# RNI No.KERMAL/2017/469833/ERN

# നിങ്ങളും പ്രാപിപ്പാൻ തക്കവണ്ണം ഓടുവിൻ
## So run that you may obtain

പാസ്റ്റർ റ്റി.റ്റി. തോമസ്



കർത്താവിന്റെ വിലപ്പെട്ട ദാസൻ ബ്രദർ ചെറിയാൻ മാത്യൂസിന് ദൈവം നൽകിയ പദ്ധതി പ്രകാരം ദൈവജനത്തിന്റേയും അല്ലാത്തവരുടേയും ആത്മീക അനുഗ്രഹത്തെ കണക്കിലെടുത്ത് പ്രസിദ്ധീരിക്കുന്ന ജേർണൽ ആണ് 'ഹലോ ഹോപ്പ്.' ഈ ഉദ്യമം വിജയിക്കുവാനും തന്മൂലം അനേക പാപികളുടെ മനസാന്തരത്തിനും ആത്മീകരുടെ ആത്മീക ജീവിതത്തിന്റെ പുരോഗതിയ്ക്കും ഇത് ഉതകട്ടെയെന്ന് പ്രാരംഭത്തിൽ തന്നെ ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

ഇത് കേവലം ബഹ്റിനിൽ മാത്രമല്ല ഗൾഫിൽ എല്ലായിടത്തും ലോകത്തിന്റെ എല്ലാ ഭാഗത്തും എത്തുവാൻ ദൈവം ഇടയാക്കട്ടെ. കർത്താവിന്റെ ദാസന്റെ ഈ സംരംഭത്തെ ദൈവം സഫലമാക്കിയല്ലോ ഇനിയും ഏറിയ പ്രതിഫലം നൽകി ദൈവം മാനിക്കട്ടെ. ഒരു ആത്മാവിന്റെ വില ലോകത്തിന്റെ മുഴുവിലയേക്കാൾ വലുതാണ്. ആകയാൽ ഈ മാധ്യമത്തിലൂടെ അനേക ആത്മാക്കളെ നേടി ശാരീരികമായും ഭൗതീകമായും ആത്മീകമായും ഏറിയ പ്രതിഫലം ലഭിക്കുവാൻ പ്രാർത്ഥിക്കുന്നു.

***ബഹ്റിൻ:*** നാം നമ്മുടെ ഭൗതീക നന്മ ലക്ഷ്യമാക്കിയാണ് ബഹറിനിൽ എത്തിയത്. ഇവിടെ വന്നിരിക്കുന്ന ആരും തന്നെ അവരുടെ കൈവശം ഉള്ള പണം ഇവിടെ ചിലവഴിക്കാൻ വന്നിട്ടുള്ളവരല്ല. ഇവിടെ നിന്ന് ലഭിക്കുന്ന ഭൗതീക നന്മകളാണ് നമുക്ക് സാമ്പത്തിക ഭദ്രത ഉണ്ടാക്കിത്തന്നത്. കഴിഞ്ഞ 54 വർഷങ്ങളായി ഈ പ്രദേശത്ത് കടന്ന് വരുവാനും ആത്മീകമായും ലോകപ്രകാരവും അനുഗ്രഹിക്കപ്പെടുവാനും ഇടയായത് നന്ദിയോടെ ഓർക്കുന്നു. ഈ രാജ്യം ഒരു സ്വാതന്ത്ര്യ രാജ്യം എന്ന് പറയുന്നതിൽ അതിശയോക്തി എനിക്കില്ല. എല്ലാ വിധത്തിലും നമ്മുടെ ജന്മഭൂമിയേക്കാളും സ്വാതന്ത്ര്യം നാം ഇവിടെ അനുഭവിക്കുന്നു. കാരണം ഈ രാജ്യത്തിന്റെ ഭരണാധിപന്മാരായി മണ്മറഞ്ഞവരും ജീവിച്ചിരിക്കുന്നവരുമായവരുടെ തുറന്ന മനസ്സാണ്. ജാതിമതഭേദമന്യേ എല്ലാ വിഭാഗത്തിനും ആരാധനാ സ്വാതന്ത്ര്യവും തൊഴിൽ സ്വാതന്ത്ര്യവും അവർ അനുവദിച്ചിട്ടുണ്ട്. തന്മൂലം തിരുവചന വെളിച്ചത്തിൽ ഈ രാജ്യത്തിന്റെ ഭരണാധിപന്മാരേയും പ്രജകളേയും ഓർത്ത് അവർക്കുവേണ്ടിയും ഈ അനുഗ്രഹിക്കപ്പെട്ട രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കായും പ്രാർത്ഥിക്കുവാൻ നാം ബാദ്ധ്യസ്ഥരാണ്. നാം ബാദ്ധ്യസ്ഥർ എന്ന് മാത്രമല്ല നാം അങ്ങനെ ചെയ്യണം എന്ന് ദൈവവചനം അനുശാസിക്കുകയും ചെയ്യുന്നു.

അറിവിനായി റോമർ 13-ാം അദ്ധ്യായം ഒന്ന് മനസിരുത്തി വായിയ്ക്കുക. അതിന്റെ ചില ഭാഗങ്ങൾ നമ്മുടെ ചിന്തയ്ക്കായി താഴെ ചേർക്കുന്നു.

'ഏതു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴടങ്ങട്ടെ. ദൈവത്താലല്ലാതെ ഒരു അധികാരവുമില്ലല്ലോ; ഉള്ള അധികാരങ്ങളോ ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു. ആകയാൽ അധികാരത്തോടു മറുക്കുന്നവൻ ദൈവ വ്യവസ്ഥയോടു മറുക്കുന്നു. മറുക്കുന്നവരോ ശിക്ഷാവിധി പ്രാപിക്കും. വാഴുന്നവർ സൽപ്രവ്രത്തിക്കല്ല ദുഷ്പ്രവ്രത്തിക്കത്രെ ഭയങ്കരം....

(ശേഷം 20-ാം പേജിൽ)

# ഭാരം ചുമക്കുന്ന സാഹോദര്യ ബന്ധം

പാസ്റ്റർ പി.സി. വർഗീസ്



*'എന്നാൽ ശക്തരായ നാം അശക്തരുടെ ബലഹീനതകളെ ചുമക്കുകയും നമ്മിൽ തന്നേ പ്രസാദിക്കാതിരിക്കയും വേണം"....(റോമർ 15:1-3)*

ആത്മീകമായി ശക്തരായ നാം അശക്തരുടെ ഭാരം പ്രാർത്ഥനയിലൂടേയും ഉപദേശത്തിലൂടേയും ദൈവവചനത്തിലൂടേയും ചുമക്കുകയും നമ്മിൽ തന്നെ പ്രസാദിക്കാതിരിക്കുകയും വേണം. ക്രിസ്തുവാണ് അതിന് മകുടോദാഹരണം.ഭാരം ചുമക്കുന്നവന്റെ ഭാരവും,നിന്ദയും നമ്മിലേക്ക് ഏറ്റെടുത്തുകൊണ്ട് പ്രാർത്ഥിക്കുന്ന പ്രാർത്ഥനയാണ് സ്വർഗ്ഗം പ്രസാദിക്കുന്ന പ്രാർത്ഥന.

'തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമപ്പിൻ, ഓരോരുത്തൻ താന്താന്റെ ചുമട് ചുമക്കുമല്ലോ,യേശുവിന്റെ ചൂടടയാളം എന്റെ ശരീരത്തിൽ വഹിക്കുന്നു' (ഗലാത്യർ 6:2,5,17 )

അഭയം നൽകുന്ന, ഒന്നിച്ചു ബന്ധിക്കുന്ന ഒരു ബന്ധമായിരിക്കണം സാഹോദര്യ ബന്ധം. (Brother :**B** – Beloved, **R** – Redeemed, **O** – Obedient, **T** – Teachable, **H** – Helpful, **E**–Encouragement, **R** – Refuge) എന്ന നിലയിൽ ഒരു വിശ്വാസി അനുവർത്തിക്കേണ്ട ചില കാര്യങ്ങൾ ചിന്തിക്കാം...


(ശേഷം 20-ാം പേജിൽ)

## HH കുഞ്ഞാപ്പി




# ENCOUNTERING GOD

Dr. P C Abraham



Encounter means a meeting of two individuals face to face: An encounter with God means a meeting that engages the created fallen and weak human beings directly with God who is the Supreme Being, Majestic, Holy and Almighty. He is the blessed Potente, the King of kings and Lord of lords, who alone has immortality, dwelling in unapproachable light, whom no man has seen or can see, to whom be honor and everlasting power."
*1 Tim. 6: 15, 16*

## *The common thread*

Biblical accounts of human encounters with God have produced a certain common phenomena. Encountering God will pull down all defenses; and all masks dropped down. You feel exposed and vulnerable before an all knowing God who is powerful enough to crush you down to dust. "The Lord is in his holy temple; the Lord's throne is in heaven; his eyes behold, his eye lids tests the children of men. The Lord tests the righteous, but the wicked and the ones who loves violence, his soul hates". Psalm 11:4, 5. So encountering God will never be a casual meeting. It will be a serious matter and often 'dangerous' to the soul. Expect brokenness, tears, rebukes, corrections and also comforts in the process. You will never remain the same.

*(Continued in Page 7)*

hhgulfnews@gmail.com
0973 3838 3399
Hello Hope

പേജ് 5 ക്രൂശീകരണം
പേജ് 6 Sisters' Outlook
പേജ് 10 ഭാരത സുവിശേഷകരുടെ ശബ്ദം
പേജ് 13 Knowledge Cafe

എഡിറ്റോറിയൽ

# ഒരു മാറ്റത്തിനായി...






നിരന്തരം മാറിക്കൊണ്ടിരിക്കുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. ഒന്നിലും സ്ഥിരത കണ്ടെത്താതെ ഒന്നിൽ നിന്നും മറ്റൊന്നിലേക്ക് മാറുവാനുള്ള മനു ഷ്യന്റെ ത്വരയും ആയതിലേക്കായുള്ള ആഹ്വാന വുമാണ് എല്ലാ മേഖലയിലും മുഴങ്ങി കേൾക്കുന്നത്.

ഒരു വലിയ മാറ്റത്തിനായി എല്ലാവരും ഒന്നിച്ച് നീങ്ങണം എന്നിങ്ങനെയുള്ള ചിന്തകൾ നാം കേൾക്കാറുണ്ടല്ലോ. ശാസ്ത്രലോകത്തിന്റെ മാറ്റം പ റഞ്ഞറിയിക്കാവുന്നതിലും അപ്പുറമാണ്. 1950 ന്ശേഷം ഉള്ള ഓരോ രണ്ടര വർഷത്തിനിടയിലും ശാസ്ത്രവിജ്ഞാനം ഇരട്ടിയായി വർദ്ധിച്ച് വരുന്നു എന്ന് കണക്കാക്കപ്പെടുന്നു.

എന്നാൽ മാറ്റത്തിന് വേണ്ടിയുള്ള പരക്കം പാച്ചിലിൽ വല്ലാത്ത ഒരു അസംതൃപ്തി ലോകത്തിലെവിടേയും കാണുന്നു, പ്രത്യേകിച്ച് ഇന്നത്തെ യുവതലമുറയിൽ. അക്രമങ്ങൾ എവിടേയും പെരുകുന്നു. അഴിമതി വർദ്ധിക്കുന്നു. അസന്മാർഗികതയെ അംഗീകൃത പ്രമാണമാക്കി പട്ടാള വിപ്ലവങ്ങളും ആഭ്യന്തര വഴക്കുകളും പെരുകുന്നു. മയക്കു മരുന്നിനും മദ്യത്തിനും അടിമകളാകുന്നവർ ലക്ഷങ്ങളാണിന്ന്. തൊഴിലില്ലായ്മ, ആത്മഹത്യാ, കുറ്റകൃത്യം, പീഡനം ഇവ എല്ലാം മനുഷ്യന്റെ കൂടപ്പിറപ്പുകളാണെന്ന് തോന്നും. മനുഷ്യനിന്ന് ആവശ്യമായിരിക്കുന്നത് ആന്തരികമായ ഒരു മാറ്റമാണ്. ആന്തരീകമാറ്റത്തിന് നാം വിധേയരായി തീരുമ്പോൾ ബാഹ്യമായത് സ്വയം മാറ്റത്തിന് വിധേയമായിക്കൊള്ളും. ആന്തരിക മാറ്റമെന്നാൽ ഹൃദയത്തിന കത്ത് നടക്കുന്നതാണ്.

ഒരു യഥാർത്ഥ ഡോക്ടർ രോഗിയെ ചികിത്സിക്കുന്നത് ബാഹ്യ ലക്ഷണങ്ങൾക്കല്ല, ആന്തരീക രോഗത്തിനാണ്. ഉദാഹരണമായി ക്യാൻസർ രോഗബാധിതനായിരിക്കുന്ന ഒരു രോഗി വിശപ്പില്ലെന്ന് പരാതിപ്പെട്ടേക്കാം. ആ ഡോക്ടർ രോഗിയുടെ വിശപ്പില്ലായ്മക്ക് വേണ്ടി മാത്രം ചികിത്സിക്കുകയും ക്യാൻസറിനെ ചികിത്സിക്കാതിരിക്കുകയും ചെയ്താൽ അദ്ദേഹം ചെയ്യുന്ന അബദ്ധം എത്ര വലുതാണ്. അതു പോലെ ബാ ഹ്യമായ ഒന്നിന് പ്ര തിവിധി കണ്ടെത്തി ആന്തരികമായി ഒരു വ്യക്തിയേയോ കുടുംബത്തേയോ രാഷ്ട്രത്തേയോ ലോകത്തിനെ തന്നെയോ മാറ്റം വരുത്താം എന്ന് ആരെങ്കിലും ചിന്തിക്കുകയാണെങ്കിൽ അത് ശരിയല്ല. മനുഷ്യ ഹൃദയത്തെ നന്നായി അറിയുന്ന സർവശക്തനായ ദൈവത്തിന് മാത്രമേ ഹൃദയത്തിനകത്ത് സ്ഥായിയായ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയുകയുള്ളൂ. ആ മാറ്റം പ്രത്യക്ഷമായതും നിലനി ൽക്കുന്നതുമാണ്.

ദൈവത്താൽ മാറ്റത്തിന് വിധേയമാക്കപ്പെട്ട ചിലരെ ദൈവം കാലാകാലങ്ങളിൽ അവിടവിടങ്ങളിൽ തന്റെ ദർശനത്താൽ നി റച്ച് അവരെ ഒരുമിച്ച് കൂട്ടിയപ്പോൾ രൂപം കൊണ്ട ആഗ്രഹമായിരുന്നു ഒരു ജേർണൽ എന്നത്. ഒത്തിരി പ്രാർത്ഥനയുടെയും അദ്ധ്വാനത്തിന്റേയും ഫലമായി അതിനെ 'ഹലോ ഹോപ്പ്' എന്ന് നാമകരണം ന ൽകാൻ ദൈവം പ്രേരിപ്പിച്ചു.

സമാനചിന്താഗതിക്കാരായ ഒരുപാട് പേ രെ ഒരുമിച്ച് കൂട്ടി ഒത്തൊരുമയോടെ മുമ്പോട്ട് പോകണം എന്നൊരു കാഴ്ചപ്പാട് അകത്തുണ്ടായി. അങ്ങനെ വിവിധ നിലകളിൽ ദൈവം നൽകിയ മുന്നറിയിപ്പിന്റേയും നി ർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ആരംഭിക്കുന്ന ഈ ശുശ്രൂഷയ്ക്ക് എല്ലാ പേരുടേയും പ്രാ ർത്ഥനയും നിർലോഭമായ പ്രോത്സാഹന വും സഹകരണവും പ്രതീക്ഷിക്കുന്നു.

*ചെറിയ ആരംഭങ്ങളെ തുച്ഛീകരിക്കാത്തവനായ സർവശക്തൻ ഈ ഉദ്യമത്തെ വിജയിപ്പിക്കും എന്ന ദൃഢവിശ്വാസം ഞങ്ങൾക്കുണ്ട്. എല്ലാ മാനവും മഹത്വവും കർത്താവിന് അർപ്പിച്ചുകൊണ്ട് എല്ലാ വായനക്കാർക്കും ആത്മീയവർദ്ധനവിന് ഈ സംരംഭം ഉതകട്ടെ എന്നാശംസിച്ചുകൊണ്ടും 'ഹലോ ഹോപ്പ്' ജേർണൽ ദൈവജനത്തിനായി സമർപ്പിക്കുന്നു.*

*...................... രാജീവ് സ്റ്റുവർട്ട്*
*ചീഫ് എഡിറ്റർ*


## പരസ്യമായി പങ്കുവെക്കാൻ കഴിയാത്ത പ്രാർത്ഥനാ വിഷയങ്ങളുമായി നിങ്ങൾ ഭാരപ്പെടുന്നുവോ?

**ദൈവഹിത പ്രകാരം ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണെങ്കിൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം.**

എന്നാൽ നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവൻ നിങ്ങളുടെ വിഷയങ്ങളിൽ തീർപ്പുകൽപ്പിക്കും.

Prayer Cell

0973 3838 3399
0973 1787 71 71
hhgulfnews@gmail.com

പ്രാർത്ഥനാവിഷയങ്ങൾ ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.


## Bouquet



*Mr Cherian Mathews*
*Director and Managing Editor*
*Hello Hope*

Dear Brother in Christ,

Greetings to you in the precious and matchless name of our Lord and Saviour Jesus Christ.

I am extremely delighted to note that you are launching a believers' monthly journal titled " Hello Hope, " as part of your noble mission of promoting the Gospel ministry in the Gulf in general and Bahrain in particular. In this connection, we have to thank our Lord for placing us in the beautiful Kingdom of Bahrain, where the benevolent rulers have given us the freedom to practise and propagate our faith . May God bless this great country and its gracious rulers.

When I heard about this new journal , it reminded me about William Carey, the Father of modern mission, who said : "Expect great things from God, Attempt great things for God." I am sure God will honour your attempt, and you can expect greater things from Him in the days and years to come.

We are all privileged to be Christians whose Hope is in a living God. Remember the words of Peter: " Praise be to the God and Father of our Lord Jesus Christ. In His great mercy, He has given us new birth into a living Hope through the resurrection of Jesus Christ from the dead. (I Peter: 1: 3 -6).

"The Lord delights in those who fear Him, who put their Hope in His unfailing love". (Psalms: 147:11).

As you launch Hello Hope, the Lord will delight in you.

Once again, let me congratulate you on this great initiative which will go a long way in promoting the gospel for the extension of His Kingdom.
God bless you.

**Soman Baby**
Chief Editor, Daily Tribune (DT News)
and President YMCA, Bahrain


"ഹലോ ഹോപ്പ്" ജേർണലിൽ വരുന്ന എല്ലാ ലേഖനങ്ങളിലേയും പതിവ് പംക്തികളിലേയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്തം എഴുത്തുകാർക്ക് മാത്രമാണ്.
-എഡിറ്റർ-

Views and opinions expressed in various articles and features in "Hello Hope" are only of the writers and not necessarily of the publishers.
-Editor-



നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങൾക്ക് എഴുതുക:


**Hello Hope Journal**
**P.O. Box :10489**
**Kingdom of Bahrain**
**E-mail :hhgulfnews@gmail .com**
**Whatsapp : 00973 38383399**
**Fax : 17877171**




# വിശുദ്ധനായ ദൈവവും ഭൂമിയിലെ വിശുദ്ധന്മാരും

പാസ്റ്റർപി.എം. ജോയി



2008, ഒക്ടോബർ 12 ഭാരതത്തിലെ ക്രൈസ്തവർക്ക് പ്രത്യേകാൽ റോമൻ കത്തോലിക്കാ സഭയ്ക്ക് വളരെ പ്രധാനപ്പെട്ട ഒരു ദിനമായിരുന്നു. കാരണം ചില വർഷങ്ങൾക്കു മുമ്പ് മരിച്ചുപോയ അൽഫോൻസാമ്മ എന്ന ഒരു കന്യാസ്ത്രീയെ ബനഡിക്ട് പതിനാറാമൻ മാർപാപ്പ വിശുദ്ധയായി പ്രഖ്യാപിച്ചു. വളരെ ചുരുക്കം പേർക്ക് ലഭിക്കുന്ന ഒരു പദവി. ജീവിച്ചിരുന്നപ്പോൾ അവർ എന്തായിരുന്നാലും, മരിച്ച് ചില വർഷങ്ങൾ കഴിഞ്ഞാണ് അവരെ വിശുദ്ധയായി പ്രഖ്യാപിച്ചത്. മാധ്യമങ്ങൾ അതിന് വളരെ പ്രാധാന്യം കൊടുത്ത് വാർത്തകൾ നല്കി. ഒരു ദൃശ്യമാധ്യമം ഇങ്ങനെ പറഞ്ഞു; 'അൽഫോൻസാമ്മയ്ക്ക് ദൈവത്തിനു തുല്യമായ പദവിയാണ് ലഭിച്ചിരിക്കുന്നത്'. ഇതാണ് അവരുടെ വിശ്വാസം.

ഒന്നാം നൂറ്റാണ്ടിൽ എല്ലാ വിശ്വാസികളേയും വിശുദ്ധന്മാർ എന്നാണ് വിളിച്ചിരുന്നത്. പുതിയ നിയമ വിശ്വാസികൾ ജീവിച്ചിരിക്കുമ്പോൾ തന്നെ വുശുദ്ധന്മാരായി ദൈവം അംഗീകരിക്കും.

പൗലോസ് അപ്പൊസ്തോലന്റെ ലേഖനങ്ങൾ വായിച്ചാൽ വിശ്വാസികളെ വിശുദ്ധന്മാർ എന്ന് സംബോധന ചെയ്തിട്ട് അവരുടെ മൂഢത്തരങ്ങളേയും പാപമയമായ സ്വഭാവത്തെയും കഠിനമായി ശാസിക്കുന്നത് കാണാം. വിശു ദ്ധന്മാരിൽ പാപമോ? എല്ലാ തരത്തിലുമുള്ള പാപത്തോട് മൽപ്പിടുത്തം നടത്തുന്ന വിശ്വാസികൾ വിശുദ്ധന്മാരോ? ന്യായമായി ഈ ചോദ്യം ആരും ചോദിച്ചു പോകും.

നിങ്ങളെ വിളിച്ച വിശുദ്ധന് ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ. 'ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ' (1 പത്രോ.1:15,16) എന്ന് എഴുതിയിരിക്കുന്നുവല്ലോ.

പത്രോസ് അപ്പൊസ്തോലന്റെ വളരെ ശ്രദ്ധേയമായ ഒരു പ്രസ്താവനയാണ് ഈ വാക്യങ്ങളിൽ നാം കാണുന്നത്.

**HOLINESS (വിശുദ്ധി):** വിശുദ്ധി എന്ന പദത്തിന്റെ മൂല ഭാഷയിൽ Hagios (ഹാഗിയോസ്) എന്ന ഗ്രീക്ക് പദമാണ്. ഈ പദത്തിന്റെ അർത്ഥം: സദാചാര പ്രേരിതമായ, ശുദ്ധമായ, നിഷ്കളങ്കമായ, പാപ രഹിതമായ, ദൈവഭക്തിയുള്ള, പരിപൂർണ്ണമാകുക, പൂർത്തിയായ, എല്ലാ അർത്ഥത്തിലും നിറവേറപ്പെട്ടത്, മറ്റെല്ലാ വ്യക്തികളിൽ നിന്നും വസ്തുക്കളിൽ നിന്നും വേർപ്പെട്ടിരിക്കുകയും ഉയർന്നിരിക്കുകയും ചെയ്യുന്നത്. അങ്ങനെയെങ്കിൽ ഒരു വിശ്വാസി മേൽപറഞ്ഞ നിലയിലുള്ള സ്വഭാവത്തോടു കൂടിയുള്ളവൻ ആയിരിക്കണം. എന്തുകൊണ്ട് ഒരു വിശ്വാസി വിശുദ്ധമായി ജീവിക്കണം?

## മൂന്നു കാരണങ്ങൾ :

1. ദൈവം വിശുദ്ധൻ
2. വിശുദ്ധരായിരിക്കുവാൻ വേണ്ടി ദൈവം ജനത്തെ വിളിക്കുന്നു
3. ദൈവ വചനം അധികാര പൂർവം ആവശ്യപ്പെടുന്നു വിശുദ്ധരായിരിക്കുവിൻ

### *1. ദൈവം വിശുദ്ധൻ*

യിസ്രായേൽ ജനം വിശുദ്ധരായിരിക്കേണ്ടതിന് ദൈവം പറഞ്ഞ കാര്യം ഉദ്ധരിച്ചുകൊണ്ട് (ലേവ്യ.11:44) പത്രോസ് അപ്പൊസ്തോലൻ വീണ്ടെടുക്കപ്പെട്ട ദൈവജനത്തിന് നിർദ്ദേശം നൽകുന്നു. വിശുദ്ധി എന്ന ദൈവത്തിന്റെ ഈ ഉൽകൃഷ്ട ഗുണം മറ്റാരുമായി തുലനപ്പെടുത്തുവാൻ കഴിയുകയില്ല. നമ്മെക്കുറിച്ച് ദൈവം ആഗ്രഹിക്കുന്ന ഏറ്റവും വലിയ കാര്യം തന്റെ വിശുദ്ധി നാം അറിഞ്ഞിരിക്കേണം എന്നുള്ളതാണ്. മറ്റെല്ലാ ഗുണങ്ങളും മറന്നാലും ദൈവത്തിന്റെ പരിശുദ്ധി നാം ഒരിക്കലും മറക്കരുത്. പഴയ പുതിയ നിയമങ്ങളുടെ സന്ദേശം തന്നെ ദൈവത്തിന്റെ പരിശുദ്ധിയാണ്. മറ്റെല്ലാ ഗുണ വിശേഷത്തേക്കാളും നിത്യനായ സൃഷ്ടികർത്താവായ ദൈവത്തെക്കുറിച്ച് വിശദീകരിക്കുവാൻ ദൈവത്തിന്റെ പരിശുദ്ധിയെന്ന ഒറ്റ സ്വഭാവ വിശേഷം ധാരാളം മതി. അതിനെ നമുക്ക് ഇങ്ങനെ മനസ്സിലാക്കാം സപ് തവർണ്ണങ്ങളുടെ യോജിച്ച അവസ്ഥയിൽ തൂവെള്ള പ്രകാശം ഉണ്ടാവുന്നതുപോലെ ദൈവത്തിന്റെ മറ്റെല്ലാ സ്വഭാവ വിശേഷങ്ങളും കൂടിച്ചേർന്നതാണ് ദൈവീക വിശുദ്ധി. ദൈവ വചനം പറയുന്നു ലേവ്യ.19:2 'നീ യിസ്രായേൽ മക്കളുടെ സർവ്വസഭയോടും പറയേണ്ടത് എന്തെന്നാൽ: നിങ്ങളുടെ ദൈവമായ യഹോവ വിശുദ്ധനാകയാൽ നി ങ്ങളും വിശുദ്ധരായിരിപ്പിൻ. 'സങ്കീ. 99:9' നമ്മുടെ ദൈവമായ യഹോവയെ പുകഴ്ത്തുവിൻ; അവന്റെ വിശുദ്ധ പർവ്വതത്തിൽ നമസ്കരിപ്പിൻ; നമ്മുടെ ദൈവമായ യഹോവ പരിശുദ്ധനല്ലോ'.

> ദൈവം നമ്മെ വിശുദ്ധീകരിച്ച് രക്ഷിച്ചത് തന്നേപ്പോലെ ആയിത്തീർന്ന് നിത്യതയിൽ തന്നോടൊത്ത് ജീവിക്കുവാൻ കഴിവുള്ള ഒരു കൂട്ടം ജനമായിത്തീരേണംഎന്നുള്ള പരമ പ്രധാനമായ ഉദ്ദേശത്തോടെയാണ്.

ഒരു മാനദണ്ഡത്തിലും ഒതുങ്ങാതവണ്ണം ദൈവം പരിശുദ്ധനായിരിക്കുന്നു. അതുകൊണ്ട് തന്നെ ദൈവത്തിന്റെ ചിഹ്നം മുഴുവനും വിശുദ്ധിയാണ്. അതായത് ദൈവത്തിന്റേത് എന്ന് നാം ചിന്തിക്കുന്ന എന്തും വിശുദ്ധമായിരിക്കേണം. താൻ നിർമിച്ച അഖിലാണ്ഡം ആരോഗ്യമായി നിലനിൽക്കുവാൻ പരിശുദ്ധി എന്ന സദാചാര നിയമം ആവിശ്യമാണ്. ഇപ്പോൾ ലോകത്തിൽ താല്ക്കാലികമായ പാപത്തിന്റെ സാനിദ്ധ്യം ഉണ്ട്. സദാചാരമില്ലായ്മ എന്ന രോഗമാണ് അശുദ്ധി. അത് ഒടുവിൽ മരണത്തിൽ കലാശിക്കും. നേരിട്ടുള്ള കല്പനകളിലൂടെ, വസ്തുക്കളിലൂടെ, വ്യക്തികൾക്ക് നൽകിയ ദർശനങ്ങളിലൂടെ, വ്യക്തികളിൽ നടത്തിയ ന്യായവിധിയിലൂടെ, വേദപുസ്തകത്തിലെ ദൈവം തന്റെ വിശുദ്ധിയ്ക്ക് അടിവര ഇട്ടിരിക്കുകയാണ്. നമ്മുടെ ദൈവം മഹാ പരിശുദ്ധൻ. ഈ അറിവ് നമ്മെ വിശുദ്ധിയിലേക്ക് നടത്തുന്നു. ഈ പരിശുദ്ധ ദൈവമാണ് നമ്മെ വിളിച്ചത്. ആ വിളിക്ക് യോഗ്യമാകുംവണ്ണം നടക്കാം.

### *2. ദൈവം തന്റെ ജനത്തെ വിളിച്ചത് അവർ വിശുദ്ധരായിരിക്കുവാനാണ്:*

അശുദ്ധിയിൽ നിന്ന് ജനിച്ച വിശുദ്ധനുണ്ടോ? ഒരുത്തനുമില്ല (ഇയ്യോ.14:4). തന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ ദൈവീക വിശുദ്ധി മനുഷ്യനിൽ കൂടി പ്രതിഫലിച്ചിരുന്നു. മനുഷ്യൻ പാപം ചെയ്തപ്പോൾ അത് നഷ്ടമായി. മനുഷ്യൻ അശുദ്ധനാ യിത്തീർന്നു. തന്റെ വിശുദ്ധി വീണ്ടും മനുഷ്യനിലേക്ക് പകർന്ന് നൽകുവാൻ ദൈവത്തിന് ഹിതമായി. പരിശുദ്ധാത്മാവിനാൽ ഉരുവായ വിശുദ്ധപ്രജയായ ദൈവ പുത്രൻ കാൽവറി ക്രൂശിൽ തന്റെ വിശുദ്ധ രക്തം ചിന്തി മനുഷ്യനെ വിശുദ്ധീകരിച്ചു. വിശുദ്ധനാ യ ദൈവത്തോട് അടുപ്പിച്ചു. ദൈവത്തിന്റെ എല്ലാ നിറവോടും നി റഞ്ഞ് വരേണ്ടതിന് തന്റെ കൃപ നല്കി ദൈവം ദിനന്തോറും നമ്മെ നടത്തിക്കൊണ്ടിരിക്കുന്നു.

.........(തുടരും)

# വിജയിക്കുവാനുള്ള തത്ത്വങ്ങൾ ക്രിസ്തുവിൽ നിന്നും പഠിക്കുക

Acts 10:38

പാസ്റ്റർ പി.സി ചാണ്ടി
(Philadelphia, USA)



വിജയകരമായ ജീവിതം ആഗ്രഹിഹിക്കുന്നവർക്ക് പ്രാവർത്തികം ആക്കുവാൻ സാധിക്കുന്ന ചില മാർഗ നിർദ്ദേശങ്ങൾ ക്രിസ്തുവിൽ നിന്നും പഠിക്കുവാൻ സാധിക്കും. അപ്പൊസ്തൊലനായ പത്രോസ് തന്റേ പ്രസംഗത്തിൽ അവ രേഖപ്പെടുത്തിയിരിക്കുന്നു. ജാതികളോടുള്ള മൂന്ന് പ്രസംഗങ്ങൾ ആണ് അപ്പോസ്തൊല പ്രവർത്തികളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. Act 10:34-43, 14:15-17, 17:22-31. അവയിൽ ഒന്നാമത്തെ പ്രസംഗം അപ്പൊസ്ഓതലനായ പത്രോസിന്റേതാണ്. ശേഷം ഉള്ളത് രണ്ടും അപ്പൊസ്തൊലനായ പൗലോസിന്റേതാണ്.

പത്രോസിന്റെ പ്രസംഗത്തിൽ താൻ ക്രിസ്തുവിനെ ഉയർത്തി മാനവരാശിയുടെ രക്ഷാ പദ്ധതി വ്യക്തമാക്കി. ദൈവത്തിന്റെ മാനവരാശിയോടുള്ള സ്നേഹം, കരുതൽ, വാഗ്ദത്തം എന്നിവ വളരെ വ്യക്തമാക്കുകയുണ്ടായി. അതിനു വേണ്ടി പ്രഥമ പടി ആയി താൻ നൂറ്റാണ്ടുകളായി നില നിന്ന വിജാതീയ ചിന്ത തകർത്തു സംസാരിച്ചു. ദൈവത്തിനു മുഖപക്ഷമില്ല എന്നും ഏതു ജാതിയിലുള്ളവരേയും ദെവം അംഗീകരിക്കുന്നു എന്ന് പ്രസംഗിച്ചു. (Act 10:34-35). സാധാരണ യെഹൂദനോ യെഹൂദാ നേതൃത്വ നിലവാരത്തിലുള്ളവർക്കോ അംഗീകരിക്കുവാൻ പ്രയാസമുള്ള ഒരു പ്രസംഗം. എന്നാൽ ദൈവിക പദ്ധതിയെ തകർക്കുവാൻ ആർക്കും കഴിയുകയില്ല. നമ്മുടെ ദൈവം മാനവ രാശിയെ മുഴുവൻ സ്നേഹിക്കുകയും രക്ഷാ പദ്ധതി തയാറാക്കുകയും ചെയ്തു.

ക്രിസ്തുവിന്റെ മൂന്നര വർഷത്തെ പരസ്യ ശുശ്രൂഷ ഒറ്റ വാക്ക്യത്തിൽ ഒരു ഗുളിക രൂപത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. യേശുവിന്റെ ക്രൂശീകരണത്തിനു മുമ്പുള്ള ശുശ്രൂഷ തികച്ചും വിജയോന്മുഖമായിരുന്നു എന്നു മാത്രമല്ല അതിൽ നിന്നും വിജയിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ചില അടിസ്ഥാന തത്വങ്ങൾ ലഭിക്കുന്നു. വിജയിച്ച നാഥന്റെ കാല്പാടുകളെ പിൻപറ്റുന്ന ഓരോരുത്തർക്കും വലിയ വിജയം കൈവരിക്കാൻ സാധിക്കും.

**1. Divine Anointment:** അഭിഷേകം ശുശ്രൂഷക്ക് വേണ്ടിയാണ്. പൂർണ മനുഷ്യനായി വന്ന ക്രിസ്തുവിന് മൂന്ന് പ്രധാന ശുശ്രൂഷകളാണ് പിതാവാം ദൈവം ഭരമേല്പ്പിച്ചിരുന്നത്.അവയെ ഓർപ്പിക്കുന്നതാണ് പഴയ നിയമത്തിലെ മൂന്ന് ഔദോഗിക സ്ഥാനം അലങ്കരിക്കുന്നവർക്ക് ലഭിക്കുന്ന അഭിഷേകം. അപ്രകാരം ദൈവത്താൽ രാജാവ്, പ്രവാചകൻ, പുരോഹിതൻ എന്നിവർ അഭിഷേകം ചെയ്യപ്പെട്ടവർ ആയിരിക്കും. ക്രിസ്തു തന്റെ പരസ്യ ശുശ്രൂഷ ആരംഭിക്കുന്നതിന് മുൻപ് അഭിഷേകം ചെയ്യപ്പെട്ടു. Mathew 3:16,17 ക്രിസ്തു സ്നാനം ഏറ്റത് തന്റെ പരസ്യ ശുശ്രൂഷക്കു വേണ്ടി ആയിരുന്നു. ആയതിനാൽ പിതാവ് തന്നെ അഭിഷേകം ചെയ്യുന്നു. പ്രിയര , പരസ്യ ശുശ്രൂഷക്കു ക്രിസ്തുവിന് അഭിഷേകം ആവശ്യമെങ്കിൽ കേവലം മനുഷ്യരായ നാം ഒരു ആത്മീയ ശുശ്രൂഷ ചെയ്യുന്നതിന് നമുക്ക് എത്ര മാത്രം അഭിഷേകം ആവശ്യമാണ്.

**2. Divine Power:** ഉയരത്തിലെ ശക്തി ലോക ശക്തിയെ തകർക്കുന്നതാണ്. ഫറവോന്റെ കൊട്ടാരത്തിൽ മന്ത്രവാദികൾ ശക്തി കാണിച്ചു. എന്നാൽ മോശ ഉയരത്തിലെ ശക്തി കൊണ്ടു ചെയ്ത അത്ഭുതത്തിന്റെ മുൻപിൽ ലോക ശക്തി പരാജയപ്പെട്ടു . ഉയരത്തിലെ ശക്തിയാൽ പൗലോസ് എലിമാസ് എന്ന വിദ്വാന്റെ ശക്തിയെ തകർത്തു. Acts 13:8-10. അത് കൊണ്ടാണ് ഉയരത്തിലെ ശക്തി ലഭിക്കുവോളം നഗരത്തിൽ തന്നെ കാത്തിരിക്കണം എന്ന് ക്രിസ്തു പറഞ്ഞത്. ശക്തിലഭിച്ചിട്ട് സാക്ഷികളാകുവാനു ള്ള ക്രിസ്തുവിന്റെ ആജ്ഞ എത്രയോ വിലയേറിയതാണ്.

**3. Divine Presence:** Mathew 28:20 ഞാനോ ലോകാവസാനത്തോളം എല്ലാ നാളും കൂടെ ഇരിക്കാമെന്ന് പറഞ്ഞ കർത്താവ് , തന്റെ വാഗ്ദത്തം നിറവേറ്റും.

ഒരു വിജയകരമായ ജീവിതത്തിനു അഭിഷേകം, ശക്തി, ദൈവീക സാന്നിധ്യം അത്യന്താപേക്ഷിതമാണ് . ഇവ മൂന്നും ലഭിക്കുന്നത് ഉയരത്തിൽ നിന്നും ആകയാൽ നമുക്ക് ഉയരത്തിലേക്ക് നോക്കാം . അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി. അവരുടെ മുഖം ലജ്ജിച്ചു പോയില്ല . ജയത്തിനു ക്രിസ്തു അവലംബിച്ച തത്വം അനുകരിക്കാം, വിജയിക്കാം .

# ദൈവമക്കൾക്കൊരു സന്തോഷവാർത്ത

## –പ്രഭാതപ്രാർത്ഥന–

**സഭാവ്യത്യാസമില്ലാതെ പ്രഭാതയാമത്തിൽ പ്രസന്നതയോടെ കർത്തൃസന്നിധിയിൽ വ്യക്തിപരമായതും മറ്റുള്ളവരുടെയും വിവിധ വിഷയങ്ങൾക്കുവേണ്ടി പ്രാർത്ഥനയ്ക്കായി ഒത്തുകൂടാൻ ഒരു അവസരം**

**എല്ലാമാസത്തിന്റെയും ആദ്യത്തെ ഏഴുദിവസങ്ങളിൽ**
**രാവിലെ 4:45 മുതൽ 5:45വരെ ,**
**സെഗയായിലുള്ള ശാരോൺ ഫെല്ലോഷിപ്പ് ചർച്ച് ഹാളിൽ**

# നോഹൈക പ്രവചനങ്ങളുടെ ചരിത്ര പ്രസക്തി

**രാജൻ തോമസ്**



വേദപുസ്തകം സത്യവചനങ്ങളാണെന്നുള്ളതിന്റെ പരമ പ്രധാനമായ തെളിവുകളിൽ ഒന്നാണല്ലോ അതിൽ മുൻകൂട്ടി പ്രസ്താവിച്ചിരിക്കുന്ന പ്രവചനങ്ങൾ ചരിത്രത്തിൽ നിറവേറി, അഥവാ നിറവേറിക്കൊണ്ടിരിക്കുന്നു എന്ന വസ്തുതകൾ.

ഉല്പത്തി 9:25–27 വരെ ജലപ്രളയത്തെ തുടർന്ന് നോഹയിൽ കൂടെ വലിയവനായ ദൈവം വെളിപ്പെടുത്തിയിരിക്കുന്ന നാല് വസ്തുതകൾ കാണുന്നു.
9:25 – കനാൻ ശപിക്കപ്പെട്ടവൻ, അവൻ തന്റെ സഹോദരന്മാർ ക്ക് അധമ ദാസനായിത്തീരും.
9:26 – ശേമിന്റെ ദൈവമായ യഹോവ സ്തുതിക്കപ്പെട്ടവൻ കനാൻ അവരുടെ ദാസനാകും.
9:27 – ദൈവം യാഫെത്തിനെ വർദ്ധിപ്പിക്കും. അവൻ ശേമിന്റെ കൂടാരങ്ങളിൽ വസിക്കും,കനാൻ അവരുടെ ദാസനാകും.
മുകളിൽ പറഞ്ഞിരിക്കുന്ന വാക്യശകലങ്ങളിൽ ഉൾക്കൊണ്ടിരിക്കുന്ന നാല് പ്രവചനങ്ങളുടെ സംക്ഷേപം താഴെ പറയുന്നതുപോലെയാണെന്ന് കാണാം.

1. ഹാമിന്റെ സന്തതി പരമ്പര ശപിക്കപ്പെട്ടവരാണ്. അവർ ശേമിന്റെയും യാഫേത്തിന്റെയും സന്തതി പരമ്പരകൾക്ക് കീഴടങ്ങി അവരെ സേവിക്കുന്നവരായിത്തീരും. അധമ ദാസൻ (servant of servant) എന്ന വാക്കിൽ നിന്നും ഏറ്റവും ഹീനമായ അടിമത്വം വരെ അനുഭവിക്കും എന്നുള്ളതാണ് ഉദ്ദേശിച്ചിരിക്കുന്നത്.
2. ശേമിനെ സംബന്ധിച്ചിടത്തോളം 'ദൈവമായ യഹോവ സ്തുതിക്കപ്പെട്ടവൻ' ആയിരിക്കും. പഴയനിയമത്തിലെ ദൈവമായ യഹോവയാണല്ലോ പുതിയ നിയമത്തിലെ ക്രിസ്തു. ശേമിന്റെ സന്തതി പരമ്പരയുടെ വംശാവലിയിലാണല്ലോ ദൈവം മനുഷ്യാവതാരം ചെയ്തത്.
3.ദൈവം യാഫേത്തിനെ വർദ്ധിപ്പിക്കും (enlarge) എന്നതിന്റെ അർത്ഥം യാഫേത്തിന്റെ സന്തതി പരമ്പരകൾ ഭൂലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വർദ്ധിപ്പിച്ചു പെരുകി അഭിവൃദ്ധിയുള്ളവരായിതീരുമെന്നതാണ്.
4. യാഫേത്ത് ശേമിന്റെ കൂടാരങ്ങളിൽ വസിക്കും എന്നതിൽ, യാഫേത്തിന്റെ സന്തതി പരമ്പരകൾ ശേമിന്റെ സന്തതി പരമ്പരകളുമായി സ്നേഹ സൗഹാർദ്ദത്തിൽ തുടരും എന്നാണ് അർത്ഥമാക്കുന്നത്.

ലോക ചരിത്രത്തിന് നിഷേധിക്കാനാവാത്ത ഒരു ചരിത്ര വസ്തുതയായി വേദപുസ്തകത്തിലെ ജലപ്രളയ ചരിത്രം നിലകൊള്ളുന്നു. ആധുനിക പുരാവസ്തു ഗവേഷണങ്ങൾ ഈ വസ്തുതയെ പിൻതാങ്ങുന്നു. അമേരിക്കയിലെ Institute of Creation Research -ലെ ശാസ്ത്രജ്ഞന്മാർ ഉല്പത്തി പുസ്തകത്തിലെ സംഭവങ്ങളെ ചരിത്ര പാശ്ചാത്തലത്തിൽ വിലയിരുത്തുമ്പോൾ നോഹയുടെ കാലത്തുണ്ടായ പ്രളയവും പെട്ടകത്തിന്റെ കഥയും ചരിത്രവസ്തുതകൾ ആയിരുന്നു എന്നതിന് ധാരാളം തെളിവുകൾ നിരത്തിവെച്ചിരിക്കുന്നു. പ്രസ്തുത പ്രളയത്തിനുശേഷം ചില വർഷങ്ങൾക്കുള്ളിലാണ് മുകളിൽ പറഞ്ഞ നാല് പ്രവചനങ്ങൾ നടന്നിരിക്കുന്നത്.

ആദ്യത്തെ ആഗോള ന്യായവിധിയായിരുന്ന പ്രളയം മുതലുള്ള ഭാവിചരിത്ര കാലയളവുകളിൽ നിറവേറപ്പെടേണ്ട പ്രവചനവുമായിതിരിക്കുന്നു. 'പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല' (2 പത്രോസ് 1:21) എന്ന വസ്തുത ഇത്തരുണത്തിൽ മറന്നു പോകരുത്. പ്രളയം മുതൽ ഇന്നോളമുള്ള മാനവസംസ്കാരത്തിന്റെ ചരിത്രം കൂലംകഷമായി വിചിന്തനം ചെയ്തു പഠിച്ചാൽ നോഹ മുൻകൂട്ടി പ്രസ്താവിച്ചിരിക്കുന്ന വസ്തുതകൾ വളരെ കൃത്യമായി നിറവേറിയതായും, നിറവേറിക്കൊണ്ടിരിക്കുന്നതായും കാണാം.

സർവ്വ ലോകചരിത്രം തന്നെ നരവംശത്തെ നോഹയുടെ സന്തതി പരമ്പരകളായിട്ടാണ് തിരിച്ചിരിക്കുന്നത്. ശേമ്യർ (Semitics), ഹേമ്യർ (Hemitics), യാഫേത്യർ (IndoEuropeans) എന്നികൂട്ടങ്ങളാണവർ.

പശ്ചിമേഷ്യയിലെ മദ്ധ്യപൂർവ്വ പ്രദേശങ്ങളിൽ നിന്ന് എവിടെ നിന്നോ ആണ് ഭൂഗോളത്തിന്റെ വിവിധഭാഗങ്ങളിലേക്ക് മനുഷ്യന്റെ കുടിയേറിപാർപ്പ് (migration) നടന്നതെന്നും ചരിത്രം സമ്മതിക്കുന്നു. ചരിത്രാതീത ചരിത്രപഠനം ഉല്പത്തി പുസ്തകത്തിലെ ആദ്യത്തെ അദ്ധ്യായങ്ങളിൽ വിവരിച്ചിരിക്കുന്ന ചരിത്ര വസ്തുതകളെസാധൂകരിക്കുന്നു എന്നത് വേദപുസ്തകത്തിന്റെ വിശ്വാസ്യതയെ ഉയർത്തികാണിക്കുന്ന വസ്തുതയാണ്. ഉല്പത്തി 10–ാം അദ്ധ്യായത്തിലേക്ക് കടന്നാൽ ചരിത്ര പഠനത്തിനുതന്നെ സ്രോതസ്സായിരിക്കുന്നചരിത്ര വസ്തുതകൾ നിരത്തിവെച്ചിരിക്കുന്നതായി കാണാം. ശേമ്യ, ഹാമ്യ, യാഫേത്യ സന്തതികൾ എങ്ങനെയാണ് പുരാതന മാനവസംസ്കാരങ്ങളുടെ ഭാഗമായി തീർന്നതെന്നതിന്റെ വസ്തുനിഷ്ടമായ അറിവ് പ്രസ്തുത അദ്ധ്യായത്തിൽ നിന്നും ലഭിക്കുന്നു. വംശങ്ങളുടെ പട്ടിക (Table of Nation)എന്നാണ് വേദശാസ്ത്രചരിത്രകാരന്മാർ ഈ അദ്ധ്യായത്തെ വിശേഷിപ്പിക്കുന്നത്. ഉല്പത്തി 10–ാം അദ്ധ്യായത്തിൽ നിരത്തിവെച്ചിരിക്കുന്ന വംശങ്ങളുടെ പട്ടികയിൽ നിന്ന് ഇന്നത്തെ മാനവവംശങ്ങളുടെയും, സംസ്കാരത്തിന്റെയും അടിസ്ഥാനചരിത്രം ലഭിക്കുന്നു. അതിൽ പറഞ്ഞിരിക്കുന്ന സന്തതിപരമ്പരകളുടെ പേരിൽ തന്നെയാണ് പുരാതന സ്ഥലനാമങ്ങൾ ഉളവായതെന്നോർക്കണം. ഒന്നാമതായി യാഫേത്തിന്റെ സന്തതി പരമ്പരകൾ ആരാണെന്നും അവർ ഏത് പ്രദേശങ്ങളിൽ വാസം ആരംഭിച്ചുവെന്നും ശ്രദ്ധിക്കാം. രണ്ടു തലമുറകളിലായി 14 പേരുകൾ താഴെവരും പ്രകാരം കാണുന്നു. ഓരോ പേരിന്റെയും എതിരായി അവരിൽ നിന്നും ഉത്ഭവിച്ച സന്തതി പരമ്പര ഈ ആധുനിക ചരിത്രകാലത്ത് ആരൊക്കെയാണെന്നതും ശ്രദ്ധിക്കുക.

*.........(അടുത്ത ലക്കത്തിൽ തുടരും)*

## Bouquet



It is a matter of great joy to know that a new magazine, Hello Hope, that focuses on family and hope is being published.

We live in a world that has lost hope. Having been alienated from God, the world seems to lose its moorings and spiraling down into an abyss of meaninglessness. The crises within and without signify a fracturing of hope based on human capabilities. But, if there is one word that summarizes the work of God in Jesus, it is the word Hope. The Bible shows us a God who has not lost hope in this world, and is still engaging the world through the Holy Spirit. In Christ we experience God's living hope. It is the call and commission of each believer to rely on the divine hope, make it relevant, and share it to the world.

I would like to convey my wholehearted wishes and fervent prayers to those who have made this magazine a reality, and to all those who will read it. It is our earnest desire that the magazine spread out its wings and fly high, thus expanding its reach and instilling hope among the expatriates all over Gulf.

In His Service
**Jiji Varghese**
Al-Khobar, Saudi Arabia

## നല്ല 'തിമൊഥെയോസിൽ'




**പ്രസംഗക്കുറിപ്പുകൾ**

1. നല്ല മനഃസാക്ഷി
   1 തിമൊ. 1:5,18,19
2. നല്ല യുദ്ധസേവ
   1 തിമൊ. 1:18
3. നല്ല വേല
   1 തിമൊ. 3:1 ,2
   തിമൊ. 2:21
4. നല്ല സാക്ഷ്യം
   1 തിമൊ. 3:7
5. നല്ല നില
   1 തിമൊ. 3:13
6. നല്ല ശുശ്രൂഷകർ
   1 തിമൊ. 4:6
7. നല്ല പോർ
   1 തിമൊ. 6:12, 2
   തിമൊ. 4:7
8. നല്ല സ്വീകാരം
   1 തിമൊ. 6:12,14
9. നല്ല ഉപനിധി
   2 തിമൊ. 1:14
10. നല്ല ഭടൻ
   2 തിമൊ. 2:3

# ക്രൂശീകരണം

പാസ്റ്റർ സഖറിയാ എബ്രഹാം
(ദുബായ്)



പെസഹ പെരുന്നാളിന്റെ പിറ്റേന്ന് പ്രഭാതം. പുലർച്ചയുടെ പ്രസരിപ്പില്ലാത്ത, പൂക്കളുടെ നറുമണം പരക്കാത്ത, പൂന്തെന്നലിന്റെ സംഗീതാത്മകമായ മർമ്മരങ്ങൾ ഉതിർക്കുന്ന ഉണർത്തുപാട്ടില്ലാത്ത പ്രഭാതം. പേക്കിനാവ് കണ്ട് പേടിച്ചരണ്ട പിഞ്ചു പൈതലിന്റെ ഭാവത്തോടെ പകലോൻ കാർമേഘമാകുന്ന കരിമ്പടക്കെട്ടിനുള്ളിലൂടെ എത്തിനോക്കുകയാണ്. കഴിഞ്ഞ പകലിലെ ഉത്സവതിമിർപ്പിന്റെ പരവശതയിൽനിന്നും പിടഞ്ഞെഴുന്നേറ്റ ജനം, പതിവിന് വിപരീതമായി പ്രകൃതിയുടെ മുഖത്ത് പതിച്ച വിഷാദഛായ കണ്ട് വിഷണ്ണരായി. വിജയഗാഥ മുഴക്കേണ്ട പുലരിയുടെ ചുണ്ടിൽനിന്നും വിഷാദ രാഗമുയർന്നത് ഏതോ അശുഭകരമായ സംഭവത്തിന് നാന്ദിയാണെന്ന് അവർ മനസ്സിലാക്കി.

നാടുവാഴിയായ പീലാത്തോസിന്റെ വസതി. അധികാരത്തിന്റേയും അഹന്തയെ പ്രകടമാക്കുന്ന താഴികകുടങ്ങൾ തലയുയർത്തി നിൽക്കുന്ന അരമന. നീതിയുടേയും ധർമ്മത്തിന്റേയും പ്രതീകമായ ന്യായാസനമെന്ന് വൃഥാ നാമകരണം ചെയ്യപ്പെട്ടിരിക്കുന്ന നാടുവാഴി സ്ഥാനം അലങ്കരിക്കുന്ന ഉന്നത പീഠത്തിൽ ഉപവിഷ്ടനായിരിക്കുന്ന പീലാത്തോസിന്റെ മുമ്പാകെ-അഖിലാണ്ഡകടാഹത്തിന്റെ രചയിതാവും, അനശ്വര ദേശത്തിന്റെ അവകാശിയും, അനന്ത ജീവന്റെ ദാതാവുമായ യേശുവിനെ ബന്ധിച്ച് കുറ്റവിചാരണയ്ക്കായി പടയാളികൾ കൊണ്ടുവന്നു നിർത്തി.

യോഹന്നാൻ സ്നാപകനാൽ ലോകത്തിന് വെളിവാക്കപ്പെട്ട ദൈവത്തിന്റെ കുഞ്ഞാട്, അവരുടെ മുമ്പാകെ അറുക്കുവാനുള്ള കുഞ്ഞാടിനെപ്പോലെ വായ് തുറക്കാതെ നിന്നു. യേശു നീതിമാനാണെന്ന് പീലാത്തോസിന് വെളിവായിട്ടും,അവന്റെ ഭാര്യയിൽകൂടി വെളിപ്പെടുത്തിയിട്ടും ജനത്തിന്റെ പ്രത്യാഘാതത്തെ ഭയന്ന് നാടുവാഴി നീതിയുടെ നിറകുടത്തിനെ ക്രൂശിക്കാൻ ഏൽപ്പിച്ചു. പകരം അതിക്രമത്തിന്റെ അന്തസത്തയായ ബറബാസിനെ വെറുതെ വിട്ടയയ്ക്കുകയും ചെയ്തു. ഈ നീതിമാന്റെ രക്തത്തിൽ എനിക്ക് പങ്കില്ലായെന്ന് പുറംപൂച്ചായൊരു പ്രകടനം  നടത്തി. അനീതിയുടെ പങ്ക് വെള്ളത്തിൽ കഴുകി കളയാൻ ഒരു പാഴ്ശ്രമം നടത്തുകയും ചെയ്തു.

വിശപ്പിന്റെ ആധിക്യത്താൽ അലറിവിളിക്കുന്ന സിംഹത്തിന്റെ മുമ്പിലേക്ക് ഇര എറിഞ്ഞുകൊടുക്കുന്ന ലാഘവത്തോടെ ദൈവത്തിന്റെ കുഞ്ഞാടിനെ ആ കശ്മലന്മാരുടെ മുമ്പിലേക്ക് വിട്ടുകൊടുത്തു. രക്തത്തിനായി ദാഹിക്കുന്ന ചെന്നായ്ക്കളെപ്പോലേയും, മാംസത്തിനായി ആർത്തിപൂണ്ട കണ്ണുകളുമായി പറന്നടുക്കുന്ന കഴുകന്മാരെപ്പോലേയും ക്രുദ്ധരായ ജനങ്ങളും പടയാളികളും അവന്റെ നേരേ പാഞ്ഞടുത്തു.

കാട്ടാളന്മാരായ പടയാളികളുടെ ചാട്ടവാറുകൾ നിർദാക്ഷണ്യം പലതവണ ആ പരിശുദ്ധന്റെ മേൽ ഉയർന്നുതാണു. ചുട്ടുപഴുത്ത ഇരുമ്പുദണ്ഡിൽ വീഴുന്ന ജലകണങ്ങൾ ഉതിർക്കുന്ന ശബ്ദസമാനമായ ചാട്ടവാറിന്റെ ശീൽക്കാരത്തോടൊപ്പം പവിത്രനായവന്റെ മേനിയിൽ നിന്നും ചാട്ടയിൽ കൊരുത്തു വലിച്ച മാംസ കഷണങ്ങളും രക്തകണികകളും ജനത്തിന്റെ ഇടയിലേയ്ക്ക് തെറിച്ച് വീണുകൊണ്ടിരുന്നു. പരമോന്നതനായവന്റെ മുഖത്തുനിന്നും അവർ രോമം പിഴുതെടുത്തു. കണ്ണുകൾ കെട്ടി കന്നത്തടിച്ചിട്ട് നിന്നെ അടിച്ചത് ആർ എന്ന് പ്രവചിക്ക എന്ന് ആക്രോശിച്ചു. മുള്ളിനാൽ മെടഞ്ഞ ഒരു കിരീടം അവർ ദൈവകുമാരന്റെ തലമേൽ തറച്ചു. ധൂമ്രവസ്ത്രം ധരിപ്പിച്ചു. ഒരു കോലും കൈയ്യിൽ പിടിപ്പിച്ചു. അവന്റെ മുമ്പാകെ അവർ മുട്ടുകുത്തി. യഹൂദന്മാരുടെ രാജാവേ ജയ ജയ എന്ന് ആർത്തട്ടഹസിച്ച് അവനെ പരിഹസിച്ചു. അവന്റെമേൽ അവർ തുപ്പി. കോൽ കൊണ്ട് അവനെ അടിച്ചു.

പച്ചതടിയിൽ തീർത്ത ഭാരമേറിയ കുരിശും ചുമലിൽ ഏന്തി ഗോൽഗോഥാ മലമുകളിലേയ്ക്ക് ദൈവത്തിന്റെ ഓമന കുമാരൻ യാത്രയായി. സർവ്വലോകത്തിന്റേയും ശാപത്തിന്റെ വിഴുപ്പുകെട്ടാകുന്ന ക്രൂശിന്റെ അതിഭാരത്താൽ അവൻ പലവട്ടം നിലംപതിച്ചു. പ്രമാണിസംഘത്തിന്റെ പദ്ധതി പൊളിയുമാറ് ക്രൂശിലേറ്റുന്നതിന് മുമ്പേ അവൻ മരിച്ചുപോകുമെന്ന് സംശയിച്ചിട്ട്-ക്രൂശ് ചുമപ്പാൻ മറ്റൊരാളെ നിർബന്ധിച്ച് ഏൽപ്പിച്ചു.

**മുൾകിരീടം തറയ്ക്കപ്പെട്ട ശിരസ്സിൽ നിന്നും രക്ത തുള്ളികൾ ഇറ്റിറ്റുവീണ് ക്രൂശിന്റെ ചുവട്ടിൽ ഇപ്രകാരം എഴുതപ്പെട്ടു; ഇത് നിത്യജീവന്റെ ഉറവ.**

വയലിലെ അദ്ധ്വാനത്തിന്റെ വിയർപ്പ് മാറ്റുവാൻ വീട്ടിലേയ്ക്ക് മടങ്ങുകയായിരുന്ന കുറേനക്കാരനായ ശീമോൻ ആയിരുന്നു അത്. വ്യഥകളുടെ അതികാഠിന്യത്തിൽ ശരീരത്തിലെ ജലാംശം മുഴുവനും ശ്മശ്രു കണങ്ങളായി ബഹിർഗമിച്ച്, നാവ് വറ്റിവരണ്ടപ്പോൾ,കനിവിന്റെ കണികപോലും ഇല്ലാത്ത ആ കിരാതന്മാർ സ്വർഗ്ഗത്തിന്റെ അരുമ സന്തതിക്ക് കുടിപ്പാനായി പുളിച്ച വീഞ്ഞാണ് നല്കിയത്. നാവ് വരൽച്ചയുടെ നെല്ലിപലക കണ്ടപ്പോഴും ലോകം കൊടുത്ത പുളിച്ച വീഞ്ഞ് അവൻ നിരസ്സിച്ചുകളഞ്ഞു. കാപാലികന്മാരായ പടയാളികൾ സ്വർഗ്ഗത്തിന്റെ മണിമകുടമായവനെ ശാപത്തിന്റെ ശവമഞ്ചത്തിൽ കിടത്തി. നന്മയുടെ വിളനിലമായവന്റെ കൈകാലുകളിൽ നീണ്ട ഇരുമ്പാണികൾ ആഞ്ഞു തറച്ചു. പവിത്രനായവന്റെ വിലാപുറത്ത് കുന്തം കുത്തിയിറക്കി, അനന്തരം സകല ജനത്തിനും ദൃശ്യമാകത്തക്കവിധത്തിൽ ക്രൂശിതനായ ക്രിസ്തുവിനെ തലയോടിടം എന്ന ഉന്നതസ്ഥാനത്ത് നാട്ടി നിർത്തി.

പ്രാണവേദനയാൽ ഹൃദയം പിടഞ്ഞപ്പോഴും പിതാവിന്റെ ഹിതം പൂർണ്ണമാകട്ടെ എന്ന് അവൻ പ്രാർത്ഥിച്ചു. കുത്തിതുളയ്ക്കപ്പെട്ട മുറിവുകളിൽ നിന്നും ഉറവെടുത്ത രുധിരത്തിന്റെ അരുവികൾ സംഗമിച്ച് കരുണയുടെ സാഗരമായി ഭൂമിയിലേയ്ക്ക് പതിച്ചു. മുൾകിരീടം തറയ്ക്കപ്പെട്ട ശിരസ്സിൽ നിന്നും രക്തതുള്ളികൾ ഇറ്റിറ്റുവീണ് ക്രൂശിന്റെ ചുവട്ടിൽ ഇപ്രകാരം എഴുതപ്പെട്ടു ഇത് നിത്യജീവന്റെ ഉറവ.

ജീവന്റെ തുടിപ്പായ അവസാനതുള്ളി രക്തത്തോടൊപ്പം വെള്ളവും പുറത്തേക്കൊഴുകി. ഏലീ,ഏലീ ലമ്മാ ശബക്താനി എന്ന് ഉറക്കെ നിലവിളിച്ച് ദൈവത്തിന്റെ ഓമന പുത്രൻ പ്രാണനെ വെടിഞ്ഞു. പ്രപഞ്ചത്തിന്റെ ഉടയവനായവന്റെ പ്രാണവേദന കാണുവാൻ കഴിയാതെ അവന്റെ സൃഷ്ടികൾ പൊട്ടികരഞ്ഞു. ഭൂമി കുലുങ്ങി, പാറകൾ പിളർന്നു,മരിച്ച വിശുദ്ധന്മാർ ഉയർത്തെഴുന്നേറ്റു.

ദേവാലയത്തിലെ തിരശ്ശീല മേൽതൊട്ട് അടിവരെ രണ്ടായി ചിന്തിപ്പോയി. ലോകത്തിന്റെ വെളിച്ചമായവന്റെ വേർപാട് കാണുവാൻ കഴിയാതെ കതിരോൻ സ്വയം കണ്ണ്പൊത്തിയപ്പോൾ ഭൂമിയിൽ അന്ധകാരം പരന്നു. പാപത്തിന്റെ ഹരാളഹസ്തങ്ങളിൽ കുരുങ്ങികിടന്ന മാനവജാതിയുടെ രക്ഷയ്ക്കുവേണ്ടി പരിപാവനൻ, പവിത്രമായവൻ കാൽവറിയുടെ കൊലകളത്തിൽ അങ്ങനെ പരമയാഗമായി.

---

## ദേശങ്ങൾക്കായി

തയ്യാറാക്കിയത്: ബിജുമോൻ വർക്കി



## സംസ്ഥാനം: കേരളം

**തലസ്ഥാനം:** തിരുവനന്തപുരം
**മുഖ്യമന്ത്രി:** ശ്രീ. പിണറായി വിജയൻ



ഇന്ത്യയുടെ സ്വാതന്ത്ര്യ ലബ്ധിക്ക് ശേഷം മലയാളം സംസാരിക്കുന്ന മേഖലകൾ സംയോജിപ്പിച്ചാണ് സംസ്ഥാന പുനസംഘടന ആക്ട് പ്രകാരം 1956 നവംബർ 1 ന് കേരള സംസ്ഥാനം രൂപീകരിച്ചത്. കേരളം ദക്ഷിണേന്ത്യയിലെ ഏറ്റവും സുന്ദരവും മനോഹരമായ സംസ്ഥാനമാണ്. പച്ചപ്പ് വിരിച്ച സഹ്യപർവ്വത നിരകളും, കായലുകളും, മനോഹരമായ കടലോരങ്ങളും കേരളത്തെ സഞ്ചാരികളുടെ പറുദീസാ എന്ന വിളിപ്പേരിന് അർഹമാക്കി. വൈവിധ്യമേറിയ ഭൂപ്രകൃതിയാൽ സമ്പന്നമായ ഇവിടം ലോകത്തിലെ സന്ദർശനം നടത്തേണ്ട 50 സ്ഥലങ്ങളുടെ പട്ടികയിൽ നാഷണൽ ജിയോഗ്രാഫിക് ട്രാവലർ മാഗസിൻ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇൻന്ത്യയിലെ ഏറ്റവും താഴ്ന്ന നല്ല ജനസംഖ്യാ വളർച്ച നിരക്ക് ഏറ്റവും ഉയർന്ന മാനവ സൂചിക (HDI) 2011 ൽ 0,790, ഉയർന്ന സാക്ഷരതാ നിരക്ക് 2011 സെൻസസ് 93.91%, ഏറ്റവും ഉയർന്ന ആയുർദൈർഘ്യം 77 വർഷം, ഏറ്റവും ഉയർന്ന ലിംഗാനുപാതം, 1000 പുരുഷന്മാരിൽ 1,048 സ്ത്രീകൾ. കേരളത്തിന്റെ വരുമാനത്തിന്റെ വലിയൊരു പങ്ക് പേർഷ്യൻ ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്ന മലയാളികളെ ആശ്രയിച്ചിരിക്കുന്നു.

സംസ്ഥാനത്തിന്റെ നല്ല ജനസംഖ്യ വിവരങ്ങളും കണക്കുകളും പ്രതീക്ഷ നൽകുന്നതാണ്. പക്ഷേ ഉയർന്നുവരുന്ന മദ്യ ഉപയോഗം, ലഹരി മരുന്നുകളോടുള്ള ആസക്തി, അധാർമികതയുടെ വർദ്ധിച്ചുവരുന്ന സ്വാധീനം എന്നിവയാൽ വഴിതെറ്റുന്ന യുവാക്കളെ ഓർത്ത് പ്രാർത്ഥന കഴിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. വിവേകത്തോടെ സംസ്ഥാനം ഭരിക്കുവാൻ ഭരണ കർത്താക്കൾക്ക് ആവിശ്യമായ ജ്ഞാനത്തി നായും സംസ്ഥാനത്തിലെ രാഷ്ട്രീയ സ്ഥിരതയ്ക്കായും പ്രാർത്ഥിയ്ക്കാം.

## രാജ്യം: ബഹ്റിൻ

**തലസ്ഥാനം:** മനാമ

**ഭരണാധികാരികൾ:** ഹിസ് മജെസറ്റി കിംഗ് ഹമദ് ബിൻ ഇസാ അൽ ഖലീഫ (രാജാവ്)

ഹിസ് റോയൽ ഹൈനസ് പ്രിൻസ് ഖലീഫാ  ബിൻ സൽമാൻ അൽ ഖലീഫ (പ്രധാനമന്ത്രി)

ഹിസ് റോയൽ ഹൈനസ് പ്രിൻസ്  സൽമാൻ ബിൻ ഹമദ് അൽ ഖലീഫ (രാജകുമാരൻ, ഡെപ്യൂട്ടി സുപ്രീം കമാൻഡർ, ഒന്നാം ഉപപധാനമന്ത്രി)



ബഹ്റൈൻ മധ്യപൂർവ്വദേത്തെ ചെറിയ ഒരു ദ്വീപ് രാജ്യമാണ്. ഏഷ്യൻ വൻകരയുടെ തെക്ക്പടിഞ്ഞാറ് അറേബ്യൻ ഉൾക്കടലിലാണ് ബഹ്റൈനിന്റെ സ്ഥാനം. പടിഞ്ഞാറ് സൗദി അറേബ്യയും തെക്ക് ഖത്തറുമാണ് അയൽരാജ്യങ്ങൾ. രണ്ട് കടലുകൾ എന്നാണ് ബഹ്റൈൻ എന്ന വാക്കിന്റെ അർത്ഥം. ലോകത്തിലെ ഏറ്റവും മികച്ച മുത്തുകൾ മുൻകാലങ്ങളിൽ ബഹ്റൈനിൽ നിന്നാണ് എത്തിയിരുന്നത്. ഗൾഫ് പ്രദേത്ത് ആദ്യമായി എണ്ണ നിക്ഷേപം കണ്ടെത്തിയത് 1930–കളിൽ ബഹ്റൈനിലാണ്. എണ്ണ നിക്ഷേപം കണ്ടെത്തിയത് രാജ്യത്തിന്റെ സമ്പത്ത് വ്യവസ്ഥയിൽ വല്യ പുരോഗതിക്ക് കാരണഹേതു ആയിതീർന്നു.

എന്നാൽ അടുത്ത സമയങ്ങളിലെ എണ്ണവിലയിലെ ഇടിവ് ബഹ്റിനിൽ സാമ്പത്തിക പ്രതിസന്ധിയ്ക്ക് കാരണമായി തീർന്നു. രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കായി നാം പ്രാർത്ഥിയ്ക്കേണ്ടത് അത്യാവശ്യം ആയിരിക്കുന്നു. മറ്റ് മധ്യപൂർവ്വദേശത്തെ രാജ്യങ്ങളിൽനിന്നും വ്യത്യസ്തമായി മത സ്വാതന്ത്ര്യം വളരെ അധികം ഉള്ള രാജ്യമാണ് ബഹ്റൈൻ. ഇന്ന് നാം അനുഭവിക്കുന്ന ആരാധനാ സ്വാതന്ത്ര്യം ഹനിക്കപ്പെടാതെ നിലനിൽക്കേണ്ടതിന് ദിനവും പ്രാർത്ഥിയ്ക്കുക. ദേശത്തിന്റെ ഭരണസാരഥികളേയും ജനങ്ങളേയും ഓർത്ത് പ്രാർത്ഥിക്കുക.

## IPC BAHRAIN FASTING PRAYER

**Started on on 23rd March until 13th April at The New Indian School, from 7.30pm to 9.00pm**

*Guest Speakers:*

*Bro. Saju John Mathew*
*Bro. John Thomas (Qatar)*
*Pastor Raju (Houston)*

## അടിയന്തര പ്രാർത്ഥനയ്ക്ക്

**റിഫയിൽ വീട്ടിനകത്തുണ്ടായ തീപിടുത്തത്തിൽ ശരീരത്തിൽ ഗുരുതരമായ പൊള്ളലേറ്റ് BDF ഹോസ്പിറ്റലിൽ അഡ്മിറ്റായിരിക്കുന്ന ബ്രദർ ഡാളസിൻറെ പൂർണ്ണസൗഖ്യത്തിനായി ദൈവജനം പ്രത്യേകാൽ പ്രാർത്ഥിയ്ക്കുക. ഭാര്യ ഡ്യൂട്ടിയിലായിരുന്ന സമയത്തുണ്ടായ അപകടത്തിൽ മക്കളും തന്നോടൊപ്പം ഉണ്ടായിരുന്നു എങ്കിലും ദൈവം അവരെ അത്ഭുതകരമായി രക്ഷിച്ചു. ദീർഘ ദിവസങ്ങൾ വെന്റിലേറ്ററിൽ ആയിരുന്ന സഹോദരനെ ഇപ്പോൾ വാർഡിലേക്ക് മാറ്റിയിട്ടുണ്ട്.**

HH Sisters' Outlook

## SITTING AT THE FEET OF JESUS

Do you find that every day is a busy rush? It seems we hardly have time to sit still, rest or relax! In this busy traffic of life, where do we have the time to sit quietly at the feet of Jesus? We think we have so much to do during the day that we end up hurrying with our prayers!

*But let's see what the Bible has to say about this...*

***Luke 10:38- 42 NKJV***

***38 Now it happened as they went that He entered a certain village; and a certain woman named Martha welcomed Him into her house. 39 And she had a sister called Mary, who also sat at Jesus'[a] feet and heard His word. 40 But Martha was distracted with much serving, and she approached Him and said, "Lord, do You not care that my sister has left me to serve alone? Therefore tell her to help me." 41 And Jesus[b] answered and said to her, "Martha, Martha, you are worried and troubled about many things. 42 But one thing is needed, and Mary has chosen that good part, which will not be taken away from her."***


When we are busy, we try to use our own effort, intelligence, skill and speed to finish our work. But most days, however hard we labour, it seems that our work never gets over, always looming like an imposing mountain before us! At the end of the day we are left exhausted and frustrated!! On the contrary, though, if we know we are going to be busy but we still choose to spend quality time with the Lord, then when we go about our work, He not only empowers us with His strength from above but also showers His wisdom on us. The result is that we are able to finish our work quickly and efficiently! Indeed, all the speed and intelligence the whole world has to offer cannot match up to our Lord's wisdom!!

Let's follow Mary's example, sitting for more time at Jesus' feet. He's the One who will give us His supernatural power to sail through our work each day! Haven't we experienced that the days we spend more time at His feet, we finish our work earlier than expected, feel rested and even get time to relax? For this is fulfillment of the Scripture ---

***Isaiah 40:31 (KJV)***

***But they that wait upon the Lord shall renew their strength; they shall mount up with wings as eagles; they shall run, and not be weary; and they shall walk, and not faint.***

The truth of life is that many days we spend too little time in prayer and when we do our prayers are hurried too. But the Lord wants us to spend quality time in His presence daily! We need to lay aside our earthly cares and just relax and sit in His presence for some time. We need to just focus on the Lord and the love relationship that we have with Him. Here at His feet is where we can pour out our hearts to Him completely! Nothing should come between us and our Lord during this time. No matter whatever tensions we have, we should set these aside and be lost in Him, in His loving, life-giving Presence! Then His peace will descend into us and when we get up from His Presence and with His Presence to go and face the world, we can do it in a better way, a truly victorious way!




**Sis. Julie Mathew**
(Dubai)

This is infinitely better than any relaxation technique that the world has to offer! Sitting at the feet of Jesus will purge away our tensions, remove the aches and pains from our bodies (which most often build up due to stress) and flush out the toxins that accumulate in our bodies. We will find that we are maintained in good health! All this just by spending quality time with our Lord! How important it is that we decide today itself, like Mary, to spend quality time at the feet of our Lord Jesus!

HH Butterflies



Princy Sara Thomas



HELLO KITCHEN HH

## പാവയ്ക്ക അച്ചാർ

### ചേരുവകൾ

പാവയ്ക്ക - അരകിലോ
സവാള - ഒന്നരകപ്പ്
കുരുവില്ലാത്ത മുന്തിരി - അരകപ്പ്
മുളകുപൊടി - മൂന്ന് സ്പൂൺ
മല്ലിപൊടി - ഒരുസ്പൂൺ
ഉലുവപൊടി - ഒരുസ്പൂൺ
ജീരകം - അരസ്പൂൺ
മഞ്ഞൾപൊടി - അരസ്പൂൺ
വെളുത്തുള്ളി - ഒരുസ്പൂൺ
നല്ലെണ്ണ - അരകപ്പ്
വെളിച്ചെണ്ണ - അരകപ്പ്
വിനാഗിരി - രണ്ടരകപ്പ്
വാളൻപുളി - ഒരുനെല്ലിക്കാവലുപ്പം
ശർക്കര - ഒരുനെല്ലിക്കാവലുപ്പം

### തയ്യാറാക്കുന്ന വിധം


പാവയ്ക്ക കനം കുറച്ച് അരിഞ്ഞ് ഉപ്പ് പുരട്ടി വെയ്ക്കുക. വെള്ളം ഇറങ്ങി കഴിഞ്ഞ് വാടിയ പാവയ്ക്ക 2 മണിക്കൂർ വെയിലത്ത് നിരത്തി വെയ്ക്കണം. സവാളയും കനം കുറച്ച് അരിഞ്ഞ് അരകപ്പ് വെളിച്ചെണ്ണയിൽ ഗോൾഡൺ കളറിൽ വറുത്തു കോരണം. പാവയ്ക്കയും അതുപോലെ വറുത്തു കോരുക. ബാക്കി എണ്ണയിൽ മുന്തിരങ്ങയും വറുക്കുക. മുളകുപൊടി,ഉലുവ,മഞ്ഞൾ,മല്ലി,ജീരകം, വെളുത്തുള്ളി ഇവ വിനാഗിരിയിൽ അരച്ചെടുക്കുക. വാളൻപുളി വിനാഗിരിയിൽ കലക്കി പിഴിഞ്ഞ് അരിയ്ക്കണം. നല്ലെണ്ണ അടുപ്പിൽവെച്ച് അരപ്പ് മൂപ്പിക്കണം. പുളിപിഴിഞ്ഞ വിനാഗിരിയിൽ



ശർക്കര ചിരികിയത് ചേർത്ത് പാകത്തിന് ഉപ്പും ചേർത്ത് തിളച്ചശേഷം നേരത്തെ വറുത്ത് വെച്ചിരിക്കുന്ന സാധനങ്ങൾ ചേർത്ത് ചെറുതീയിൽ ചാറുകുറുകുന്നത് വരെ തിളപ്പിയ്ക്കുക. കുറുകിയ ശേഷം വാങ്ങി ഉപയോഗിയ്ക്കുക.

# പൂക്കൾ തനിയെ വിരിയട്ടെ

ജിജോ അങ്കമാലി



വളർന്നു വരുന്നൊരു കുഞ്ഞ്, വളർന്നു വന്നൊരു പൂച്ചെടിയിൽ നിന്നൊരു പൂമൊട്ട് പറിച്ച് പൂമുഖ വാതിൽക്കലരിക്കുന്നത് അമ്മയുടെ ശ്രദ്ധയിൽപ്പെട്ടു. ഇറുത്തെടുത്ത പൂമൊട്ട് എന്ത് ചെയ്യുമെന്ന് കാണാൻ അമ്മ കുഞ്ഞിനെ ശ്രദ്ധിച്ചു.കുഞ്ഞ് തന്റെ കുഞ്ഞു വിരൽ കൊണ്ട് പൂവിതൾ ഓരോന്നോരോന്നായി വിടർത്താൻ തുടങ്ങി. അമ്മ അടുത്ത് വന്ന് നിന്നതുപോലും കുഞ്ഞ് ശ്രദ്ധിച്ചില്ല. ഇതളുകൾ ഓരോന്നായി സൂഷ്മതയോടെ വിടർത്താൻ ശ്രമിക്കുന്ന കുഞ്ഞിനോട് അമ്മ ചോദിച്ചു 'കുഞ്ഞേ നീ എന്ത് ചെയ്യുകയാ'. തലയുയർത്താതെതന്നെ കുഞ്ഞ് പറഞ്ഞു 'അമ്മേ, ഒത്തിരി നാളായി ഈ പൂവൊന്ന് വിടർന്ന് കാണാൻ ഞാൻ കൊതിയോടെ നോക്കിയിരിക്കുകയാണ്. പക്ഷേ ഞാൻ ഉദ്ദേശിച്ച വേഗത്തിൽ അത് വിടരുന്നില്ല. ആയതിനാൽ ഞാൻ ഈ പൂവിനെ വിടരാൻ സഹായിയ്ക്കുകയാണ്'.


ചിരിച്ചുകൊണ്ട് അമ്മ പറഞ്ഞു 'പൂവിതൾ ഓരോന്നായി വിടർത്തുമ്പോൾ പൂവ് വിരിയുകയല്ല, കരിയുകയാണ്. ആകയാൽ പൂമൊട്ടുകൾ പൂമരത്തിലിരുന്ന് തനിയെ വിടരണം. എങ്കിൽ മാത്രമേ പൂവിന് ശോഭയും,സൗരഭ്യവും,ആയുസും ഉണ്ടാവുകയുള്ളൂ.

ഈ സത്യം പഠിച്ചിരിക്കേണ്ടതും ഓർത്തിരിക്കേണ്ടതും കുട്ടികളേക്കാൾ കൂടുതൽ മുതിർന്നവരാണ്. പൂന്തോട്ടത്തിലെ കാര്യമല്ല ഞാൻ പറഞ്ഞുവരുന്നത്.പിന്നെയോ, സഭയിലേയും, ഭവനത്തിലേയും,സുവിശേഷ വയലിലേയും കാര്യമാണ്.

പൂമൊട്ടുകൾ തനിയെ വിരിഞ്ഞ് വരുന്നത് ക്ഷമയോടെ നോക്കി കാത്തിരിക്കാൻ ക്ഷമയുള്ളവരും മനസുള്ളവരും ഇന്ന് വളരെ കുറവാണ്. ആയതിനാൽ പ്രായത്തിന് മുമ്പേ ഇതൾ വിടർത്തി ബാല്യ,കൗമാര,യൗവന ജീവിതങ്ങളെ നാം വിടരാൻ സഹായിക്കയും,വിടർത്തുകയും ചെയ്യുന്നതിനാൽ ആ പൂമൊട്ടുകൾ കരിഞ്ഞു പോകുന്നു എന്ന് നാം തിരിച്ചറിയാറില്ല. തിരിച്ചറിയാൻ ആഗ്രഹിക്കുന്നതുമില്ല. എങ്ങനെ എങ്കിലും ഈ പൂമൊട്ടുകൾ ഒന്ന് വിരിഞ്ഞ് കാണണം എന്ന ഒറ്റ ആഗ്രഹം മാത്രമേ നമ്മെ ഭരിക്കാറുള്ളൂ! അത് പോരാ.

'രക്ഷിക്കപ്പെടാൻ പ്രായമായി', 'സ്നാനപ്പെടാൻ പ്രായമായി' എന്ന കണക്ക് കൂട്ടലിൽ ബലം പ്രയോഗിച്ച് ഇതളുകൾ വിടർത്താൻ നാം ശ്രമിക്കുന്നു. ഭവനത്തിലായാലും,സഭയിലായാലും, സുവിശേഷ വയലിലായാലും നാം ഈവിധം വർത്തിക്കുന്നതിനാൽ വിരിഞ്ഞ് സൗരഭ്യം പരത്തി നയനസുഖം തരേണ്ടതായ എത്രയോ ജീവിതങ്ങൾ ശോഭയറ്റ്, ജീവനറ്റ് കരിഞ്ഞുണങ്ങി നില്ക്കുന്നു. ദുഃഖകരം എന്ന് പറയട്ടെ ഇന്നത്തെ പല സഭകളിലും ഈ വിധത്തിൽ ഇതൾ വിടർത്തി വിരിയിച്ചെടുത്ത പൂക്കളെകൊണ്ട് നി റഞ്ഞിരിക്കുകയാണ്!

പ്രായമായയല്ലോ, സമയമായയല്ലോ, മറ്റുള്ളവരൊക്കെ രക്ഷിക്കപ്പെട്ടല്ലോ എന്നീ ചിന്തകളൊന്നുമല്ല രക്ഷിക്കപ്പെടാനുള്ള മാനദണ്ഡം. പിന്നെയോ ആഴമായ പാപബോധവും രക്ഷാബോധവുമാണ്. സ്നാനത്തിനാണെങ്കിൽ വേണ്ടത് ശരിയായ രക്ഷാനിർണയമാണ്. ആയവ ഇല്ലാതെ രക്ഷിക്കപ്പെട്ടു എന്നും സ്നാനപ്പെട്ടു എന്നും 'വിചാരിച്ച്' മുമ്പോട്ട് പോകുന്നവർ സ്വർഗ്ഗത്തിലേക്കല്ല പിന്നെയോ നിത്യാഗ്നിയിലേക്കാണ്




ചുവടുവെച്ച് നീങ്ങുന്നത് എന്ന അപ്രിയസത്യം നാം അംഗീകരിച്ചേ പറ്റൂ.

ഇന്നത്തെ സുവിശേഷ പ്രഭാഷണങ്ങൾ വിലയിരുത്തി നോക്കൂ. ഒരു പാപിക്ക് പാപബോധമുണ്ടാകത്തക്ക വിധത്തിലാണോ പ്രസംഗം? ക്രൂശിക്കപ്പെട്ട ക്രിസ്തുവാണോ ഇന്നത്തെ പ്രമേയം? അല്ലേ അല്ല എന്ന് പറയേണ്ടിയിരിക്കുന്നു. അനുഗ്രഹിക്കുന്ന,സമൃദ്ധി തരുന്ന, രോഗം സൗഖ്യമാക്കുന്ന, കുടുംബ പ്രശ്നങ്ങൾ പരിഹരിക്കുന്ന ഒരു യേശുവിനെക്കുറിച്ച് മാത്രം പ്രസംഗിച്ചാൽ ഏത് പാപിക്കാണ് പാപബോധം ഉണ്ടാവുക?

ഈ വിധത്തിൽ പ്രസംഗിച്ചതിന് ശേഷം ഒരു പാപിയെ ക്രിസ്തുവിനെ രക്ഷിതാവായ് സ്വീകരിക്കുവാനായി ആഹ്വാനം ചെയ്താൽ ആ പാവം പാപി മുമ്പോട്ട് വരുന്നത് പാപങ്ങളെ ക്ഷമിക്കുന്ന പാപത്തിൽ നിന്ന് രക്ഷിക്കുന്ന യേശുവിനെ രക്ഷിതാവായി സ്വീകരിക്കുവാനല്ല. പിന്നെയോ അനുഗ്രഹിക്കുകയും സൗഖ്യമാക്കുകയും ചെയ്യുന്ന യേശുവിനെ സ്വീകരിക്കാനാണ്. അങ്ങനെ സ്വീകരിക്കുന്ന ഒരുവന് പാപമോചനം ലഭിക്കുമോ ?

*.......(തുടരും)*

# ENCOUNTERING GOD

Dr. P C Abraham

*......(Continued from Page 1)*

## *Get Inside the Frame*

God delights in encountering man. During the encounter he invites you to get inside the frame with him. In that meeting of ecstatic intimacy with God, the human soul is changed into his likeness without even you knowing what is happening to you. He offers himself to you and causes you to absorb as much of Him as you can. The purpose is to instill confidence into your soul to agree with God in the unfolding of his plan of action concerning you. He is about to reveal your role and is ready to invite you to participate with Him.

## *The principle of Osmosis at work*

Osmosis is the movement of molecules of a solvent of lesser concentration through a semi permeable membrane towards the solvent of a high concentration. The pressure exerted by the moving molecules on to the membrane is called the osmotic pressure. Osmosis in Greek means to push through or to thrust. Our hunger pang for experiencing God, the pressure of dissatisfaction of our inner being with the status quo and the burning desire to be changed into Christ likeness in our spirit constitute the kind of spiritual osmotic pressure within ourselves. That is what we experience during our encounter with God. If we are reluctant to engage and are holding ourselves back from God we may miss the boat. Often, it is our pride, our self-admiration, our puffed up self-sufficiency, our fallen nature etc that become the agents, prompting us to refuse God's invitation for a spiritual osmosis.

## *The After Glow*

Apostle John at the Isle of Patmos narrates the story of the glorified Jesus encountering with the seven churches of Asia Minor. For each church he makes a spiritual scanning, gives a report of the spiritual condition of the church; then he prescribes medicine for cure and a rewarding promise to get well. To the church at Pergamos, he concludes his report with an exhortation. "To him that overcomes will I give to eat of the hidden manna and will I give him a white stone and on the stone a new name written which no one knows except the one who receives it." (Rev. 2:17).

MacArthur explains: A White stone is a memento that is given along with the trophy to the athlete who has won the game. The stone will be his identity proof for his admission to the banquet hall where the winners are honored and celebrated at the end of the game. The new name could be a personal message of appreciation from the King. Similarly, there awaits a blessed banquet of the Marriage Supper of the Lamb for those who relished their encountering with God. For a believer in Christ, the celebrations are not here. It is kept as an eternal reality that awaits fulfillment with the coming of Christ in glory.

## *The alternative*

Instead of spiritual osmosis, the alternative is to keep your heart away from God, refusing to be drawn by the Spirit's osmotic pressure, but idly and casually go through the motions of religiosity, participate in the church programs, and avoid encountering God. Thus keep your heart with yourself wrapped up with an impermeable membrane, buried in fleshly activities, locked up water tight, air tight and God tight, as in a safe deposit locker. At the end of it all, your heart will remain, although safe with you, will become brittle, stiff and unbreakable due to spiritual malnutrition and deprivation…. It will become hardened, unworkable, stiff, unresponsive and useless.

So there these are two options available to us: Either to stay where we are and admiring ourselves over the past trophies and accolades won within the confines of our religious comfort zone or to respond to God's invitation for an ongoing series of fresh encounters with Him. Our further progress in spiritual walk will depend on our responses to the wooing of the lover of our soul for a spiritual romance. That will put us on road to Christ likeness and victorious Christian life. The choice is yours.

# ദൈവത്തിനു മഹത്വം



പ്രവാസി വിശ്വാസി സമൂഹത്തെ ലക്ഷ്യമിട്ടുകൊണ്ട്, ബഹറിനിൽ ഉള്ള പ്രിയപ്പെട്ടവർ 'ഹലോ ഹോപ്പ്" എന്ന പേരിൽ ഒരു പ്രസിദ്ധീകരണം ആരംഭിക്കുന്നു എന്നറിയുന്നതിൽ സന്തോഷിക്കുകയും കർത്താവിനെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു.

ദൈവീക/വേദപുസ്തക വിഷയങ്ങളിൽ ഊന്നിയുള്ളതും, വ്യക്തികളുടെ ആത്മീക വർദ്ധനവിനുതകുന്നതും പക്വമായ ഒരു ക്രിസ്തീയ ജീവിതം കെട്ടിപ്പടുക്കുന്നതിന് മുതിർന്നവരേയും ഒപ്പം പുതുതലമുറയേയും സജ്ജമാക്കും വിധം ഈടുറ്റതും, വ്യത്യസ്തതയാർന്നതുമായ, സാഹിത്യ രചനകളും, കലാസൃഷ്ടികളും നമ്മുടെ ഇടയിൽ നിന്നും തന്നെ സമാഹരിച്ച് പ്രസിദ്ധീകരിക്കുക എന്നത് ശ്രമകരമായ ഒരു പ്രവർത്തിയാണ്. അതുകൊണ്ട് തന്നെ ഇത് തികച്ചും അഭിനന്ദനാർഹമായ ഒരു കാൽവയ്പാണ്.

ഗുണപരമായ മികവും, ഒപ്പം വ്യത്യസ്തതയാർന്ന രചനകൾ കൊണ്ടും, ഉപദേശക സൂക്തങ്ങൾ കൊണ്ടും സമ്പുഷ്ടമാകട്ടെ ഓരോ ലക്കങ്ങളും എന്ന് ആശംസിക്കുന്നു. വിവിധവും അന്യവുമായ ഉപദേശങ്ങളുടെ അതിപ്രസരത്തിൽ മൂല്യശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്ന വർത്തമാനകാലത്തെ ആത്മീക സമൂഹത്തിന്, സത്യമായതും, വിശുദ്ധമായതും, ഘനമായതും, ഉയർത്തി കാണിപ്പാൻ എളിയ നിലയിൽ എങ്കിലും ഈ പ്രസിദ്ധീകരണത്തിന് സാധിച്ചാൽ ഉദ്ദേശ്യം ലക്ഷ്യപ്രാപ്തിയിലെത്തുകയും, നമ്മുടെ അരുമ രക്ഷകന്റെ ഉള്ളത്തിനു സന്തോഷമാകുകയും ചെയ്യും.

ഇത്തരുണത്തിൽ, ഈ നല്ല ഉദ്യമത്തിനു Bahrain Malayalee Christian Congregation –ന്റെ എല്ലാവിധമായ ഭാവുകങ്ങളും, ആശംസകളും നേരുകയും, ഒപ്പം ഇതിന്റെ അണിയറ പ്രവർത്തനങ്ങൾക്കു വേണ്ട എല്ലാ ജ്ഞാനവും കഴിവും, പ്രാപ്തിയും നൽകി സർവ്വശക്തനായ ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർഥിക്കുകയും ചെയ്യുന്നു.

**ബ്രദർ ജേക്കബ് ജോർജ്**
**പ്രസിഡന്റ്, ബഹറിൻ മലയാളി ക്രിസ്ത്യൻ കോൺഗ്രിഗേഷൻ (BMCC)**

*"Being confident of this very thing, that which has begun a good work in you will perform it until the day of Jesus Christ." Phil: 1: 6*



*Greetings in Jesus Name,*

I would like to thank you for giving me this opportunity to pen down few words and greetings on behalf of MIDDLE EAST PENTECOSTAL CHURCH (MEPC). We are greatly delighted to know about this monthly journal entitled, "Hello Hope." We believe that this journal will benefit us to get to know each other among the various Pentecostal Churches. Moreover, this journal will be served as to give hope to the people who are in pain and frustration. We pray that, let God use this journal as an extension of His Kingdom in the Perl Island. Someone says like that, "Don't wait until you reach your goal to be proud of yourself. Be proud of every step you take." May this effort, determination, and your work, help you to proud of every step you take. May the Lord glorified through you and this journal.

"Therefore, my brethren, be you steadfast, unmovable, always abounding in the work of the Lord, forasmuch as you know that your labour is not in vain in the Lord."

*Yours In Christ*

**Pr. Jaison Kuzhivila**
**President, The Middle East Pentecostal Church (MEPC)**
**Mobile: 33353205**

എല്ലാ ആശകളും പ്രതീക്ഷകളും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ ലോകത്തിൽ 'ഹലോ ഹോപ്പി'ലൂടെ ഒരു പ്രത്യാശയുടെ തുറമുഖം (Hope Harbor) കാണാൻ കഴിയുന്നത് ആശ്വാസം തന്നെ.

അമേരിക്കൻ മോട്ടിവേഷണൽ പ്രഭാഷകനായ ലെ ബ്രൌൺ പറയുന്നു: 'ഒരു സെമിത്തേരി യാണ് ഏറ്റവും സമ്പന്നമായ സ്ഥലം..കാരണം, അവിടെ നിറവേറ്റപ്പെടാത്ത ധാരാളം മോഹങ്ങളും സ്വപ്നങ്ങളും കുഴിച്ചിടപ്പെട്ടിരിക്കുന്നു.. എഴുതപ്പെടാത്ത വളരെയേറെ പുസ്തകങ്ങൾ, ഒരിക്കലും പാടിയിട്ടില്ലാത്ത ഒത്തിരി പാട്ടുകൾ... പങ്കു വെയ്ക്കപ്പെട്ടിട്ടില്ലാത്ത പല പല കണ്ടുപിടുത്തങ്ങൾ... വെളിപ്പെടുത്തപ്പെട്ടിട്ടില്ലാത്ത അനേക ചികിത്സാവിധികൾ... എല്ലാം അവിടെ മണ്ണടിഞ്ഞിരിക്കുന്നു.

എന്തുകൊണ്ട് ഇങ്ങനെയൊക്കെ സംഭവിച്ചു? തങ്ങളുടെ സ്വപ്നങ്ങളെ പൂർത്തീകരിക്കാനുള്ള ദൃഢനിശ്ചയത്തോടെ പ്രതിസന്ധികളെ അതി ജീവിച്ചു മുന്നേറുവാൻ അവിടെ കിടക്കുന്ന പലരും ധൈര്യപ്പെട്ടില്ല! തങ്ങളുടെ വൈദഗ്ധ്യത്തിന്റെ മേഖലയിൽ ലോകത്തിലേക്ക് ഒരു 'ആദ്യ ചുവടു വെയ്പ്പ്" നടത്തുവാൻ ആ കിടക്കുന്നവരിൽ മിക്കവർക്കും പേടിയായിരുന്നു!






നാം ഓരോരുത്തരും ഈ ഭൂമിയിലേക്ക് ജനിച്ചു വീണത് തന്നെ ദൈവദത്തമായ അനേക താലന്തുകളുടെ അകമ്പടിയോടെയാണ്. തക്ക സമയത്ത് അവ പുറത്തെടുത്ത് ഉപയോഗിക്കുന്നില്ലെങ്കിൽ, അവയൊക്കെ ശവപ്പറമ്പിൽ മണ്ണടിഞ്ഞു പോവുകയേയുള്ളൂ.

ഈ ഏപ്രിൽ മുതൽ ബഹ്റിനിൽ നിന്നും വിശ്വാസികൾക്ക് വേണ്ടി 'ഹലോ ഹോപ്" എന്ന പേരിൽ ഒരു പ്രതിമാസ വാർത്താ പത്രിക ഇറങ്ങുന്നു എന്ന് അറിഞ്ഞത് വളരെ സന്തോഷകരം തന്നെ. പ്രസിദ്ധരുടെ രചനകൾ ഈ രാജ്യത്തെ വിശ്വാസികൾക്ക് നിറഞ്ഞ വായനാനുഭവം നല്കുതന്നതോടൊപ്പം, നാളത്തെ ക്രിസ്തീയ എഴുത്തുകാർക്ക് ഒരു പരിശീലനക്കളരിയായും ഈ പത്രിക ആയിത്തീരട്ടെ എന്ന് ഞാൻ ആത്മാർത്ഥമായി പ്രാർഥിക്കുന്നു.

ഇനി കാത്തിരിക്കേണ്ട; താലന്തുകൾ വ്യാപാരം ചെയ്യപ്പെടട്ടെ... രചനകൾ വെളിച്ചം കാണട്ടെ... 'ഹലോ ഹോപ്പി'ന്റെ എല്ലാ പ്രവർത്തകർക്കും എന്റെ ഭാവുകങ്ങൾ!

***സ്നേഹപൂർവ്വം ,***
***പാസ്റ്റർ തോമസ് കുര്യൻ***
***എ. ജി. ചർച്ച്***

*Dear Brother Cherian Mathews & team*



I am really happy to know that you are in the process of publishing a family journal named 'Hello Hope'.

I pray and hope that, it will be a real comfort to many who read and correct themselves in their daily walk with the LORD.

I take this opportunity to wish this publication all the success, so that it may encourage and edify many who really want to grow and strengthen spiritually.

Thanking you,
Yours in the LORD,

**Pr. Varghese Mathew**
Full Gospel Church
of Philadelphia



On behalf of Church of God (Full Gospel Prayer Fellowship), we extend our immense happiness and fraternal greetings on publishing 'Hello Hope Journal from the harbour of Kingdom of Bahrain.

May this journal be a worth reading and bring a new hope on the readers. We wish all the best and assure our sincere prayers and supports and may our

Lord bless all those who are behind this great work.

With Prayers
**Tom.K.M**
**Secretary**
Church of God
(Full Gospel
Prayer
Fellowship)

# Bouquet



സങ്കീ.45:1
' എന്റെ ഹൃദയം ശുഭവചനത്താൽ കവിയുന്നു; എന്റെ കൃതി രാജാവിന്നു വേണ്ടിയുള്ളതു എന്നു ഞാൻ പറയുന്നു.എന്റെ നാവു സമർത്ഥനായ ലേഖകന്റെ എഴുത്തുകോൽ ആകുന്നു'.


ലോകം ഇൻഫർമേഷൻ ടെക്നോളജിയുടെ ഉന്നതിയിൽ നിൽക്കുമ്പോൾ ഫേസ്ബുക്കും വാട്സാപ്പും അരങ്ങു വാഴുന്ന ഈ കാലയളവിൽ ജനങ്ങൾക്ക് വായനയിലുള്ള താല്പര്യം കുറഞ്ഞു വരികയാണല്ലോ. അനേക ആത്മീക പ്രസിദ്ധീകരണങ്ങൾ ഉണ്ടെങ്കിലും അവയിൽ മിക്കതും അവരവരുടെ സ്വാർത്ഥ താൽപര്യങ്ങൾക്കും മഹത്വത്തിനും ആയി ഉപയോഗിക്കുന്നതായികാണാം. അവ വായിക്കുന്നവർക്ക് അവയിൽ നിന്നും എന്തെങ്കിലും ആത്മീക സന്ദേശമോ ആത്മീക വളർച്ചയ്ക്ക് ആവിശ്യമായ പോഷകങ്ങളോ ലഭിക്കുന്നില്ല. കാലം അതിന്റെ അന്ത്യത്തിലേക്ക് ഓടിക്കൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ കർത്താവിനെ എതിരേൽപ്പാൻ ദൈവജനങ്ങൾ ഒരുക്കപ്പെടേണ്ടതിന് ഉതകുന്നതായിരിക്കണം ക്രൈസ്തവ മാസികകൾ. അതിന് പകരം ഭൗതീകമായ അനുഗ്രഹങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് മേമ്പൊടിയായി അല്പം ആത്മീകവും കൂടി ചേർത്ത് പ്രസിദ്ധീകരിക്കുന്ന മാസികകൾ ദൈവജനത്തേയും മറ്റുള്ളവരേയും ആകെ ചിന്താകുഴപ്പത്തിലാക്കുന്നു. 'എന്റെ ലോകം ഭൗതീകമല്ല' എന്ന് പറഞ്ഞ കർത്താവിന്റെ തിരുവായ്മൊഴികൾ സശ്രദ്ധം ശ്രദ്ധിച്ചെങ്കിൽ മനസിലാക്കിയെങ്കിൽ അവർ ജനത്തെ കുഴപ്പത്തിലാക്കയില്ലായിരുന്നു.

ശരിയായ ആത്മീക ദർശനമുള്ള മാസികകൾ ഈ കാലഘട്ടത്തിന്റെ ആവിശ്യമാണ്. ദൈവത്തെക്കുറിച്ചുള്ള ആഴമായ അറിവ് ജനത്തിനുണ്ടാകണം. യോഹ.4:10 –ൽ യേശു ശമര്യക്കാരത്തിയോട് പറയുന്നത് ശ്രദ്ധിക്കുക: ' നീ ദൈവത്തിന്റെ ദാനവും നിന്നോട് കുടിപ്പാൻ ചോദിക്കുന്നവൻ ആരെന്നും അറിഞ്ഞു എങ്കിൽ" ...... ഈ അറിവ് ജനത്തിനുണ്ടാകണം. ' പരിജ്ഞാനം ഇല്ലായ്കയാൽ എന്റെ ജനം തെറ്റിപോകുന്നു' എന്നും 'നിങ്ങൾ തിരുവെഴുത്തുകളേയും ദൈവശക്തിയേയും അറിയായ്കകൊണ്ട് തെറ്റിപോകുന്നു' എന്നും കർത്താവ് പറഞ്ഞതായി നമുക്ക് ദൈവവചനത്തിൽ കാണാൻ കഴിയും.

മത്താ. 9:36–ൽ ' അവൻ പുരുഷാരത്തെ ഇടയനില്ലാത്ത ആടുകളെപോലെ കുഴഞ്ഞവരും ചിന്നിയവരുമായി കണ്ടിട്ട് അവരെക്കുറിച്ചു മനസ്സലിഞ്ഞു' എന്ന് വായിക്കുന്നു. മനസ്സലിവുള്ള ഒരു കർത്താവിനെ അവിടെ നമുക്ക് കാണാൻ കഴിയുന്നു. ആ മനസ്സ് നമ്മൾ അറിയണം.

അതുകൊണ്ട് നാം ആരാധിക്കുന്ന ക്രിസ്തുവിനേയും ദൈവശക്തിയേയും അറിവാൻ, ജനമനസ്സിലേക്ക് ഇറങ്ങിച്ചെന്ന് അവിടെ രൂപാന്തരം വരുത്തുവാൻ, ദൈവത്തെ അധികമായി സ്നേഹിപ്പാൻ, വിശ്വസിപ്പാൻ ഈ വാർത്താപത്രിക മൂലം ഇടവരട്ടെ എന്ന് ആത്മാർഥമായി ആശിക്കയും പ്രാർത്ഥിക്കയും ചെയ്യുന്നു. ഇപ്രകാരമുള്ള പ്രസിദ്ധീകരണം തുടങ്ങുവാൻ ബ്രദർ ചെറിയാൻ മാത്യൂസിന്റെ ഹൃദയത്തിൽ ദൈവം നൽകിയ ആത്മീക കാഴ്ച്ചപ്പാടിനായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു. ഈ പത്രിക വായിയ്ക്കുന്നവർ തങ്ങളുടെ ഇതുവരെയുള്ള ജീവിതത്തെ ഒന്ന് വിശകലനം ചെയ്യുവാനും മുമ്പോട്ടുള്ള ക്രിസ്തീയ ജീവിതത്തിന് ഒരു പ്രചോദനം ആയിത്തീരുവാനും കർത്താവ് സഹായിക്കട്ടെ ! വേഗം വരുന്ന കർത്താവിനെ എതിരേൽപ്പാൻ അവനായി ഒരുക്കപ്പെടുവാൻ ദൈവജനത്തെ സഹായിക്കേണ്ടതിന് ഈ സംരംഭം ഒരു മുഖാന്തരമായി തീരട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന എല്ലാ കരങ്ങളേയും ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ! ആത്മീക വർദ്ധനയ്ക്കുതകുന്ന നല്ല ആശയങ്ങൾ പരിശുദ്ധാത്മാവ് നൽകട്ടെ. ഈ വാർത്താപത്രിക മുടക്കം കൂടാതെ ദൈവജനങ്ങളുടെ കരങ്ങളിൽ എത്തുവാൻ കർത്താവ് സഹായിക്കട്ടെ എന്ന് ആശംസിച്ചും പ്രാർത്ഥിച്ചും കൊണ്ട്

ക്രിസ്തുവിൽ ,
**പാസ്റ്റർ സൈമൺ ഫിലിപ്പ്**
**ഷാരോൺ ഫെല്ലോഷിപ്പ് ചർച്ച്**



It gives me profound joy to know that a noble Christian endeavour is going to take place in the Kingdom of Bahrain from the 1st April 2017 onwards: the publication of the Christian monthly journal 'Hello Hope'. There are numerous highly resourceful Christian brethren living in this island but sadly, no effort has been made all through these decades to nourish and nurture their talents for the glory of God and His Church.

I am sure that the Hope Harbour will open new avenues for the entire spectrum of the believing community in Bahrain - kids, teens, young adults and parents. Let this endeavour encourage each one of us to pray, study, meditate and write. Let enriching articles come out that will bring comfort and happiness to the over 5000 readers the Editorial Board hopes to reach. I pray that this might be yet another milestone in the history of the Christian community in this island.

On behalf of ICPF, I extend my best wishes and fullest cooperation in the success of the Hello Hope. May it bring glory to the Lord's most holy name! Amen

**Bro. Rajesh Joy**
**President – ICPF Bahrain Chapter**



കർത്താവിൽ പ്രിയരെ,
ഹലോ ഹോപ്പിനായി ചില ആശംസാവരികൾ കുറിക്കുവാൻ ഇടയായതിൽ ദൈവത്തെ സ്തുതിക്കുന്നു.

ജീവിതത്തിന്റെ മഹാപടവുകൾ താണ്ടുമ്പോഴും ദൈവത്തിന്റെ കരസ്പർശമേൽക്കാതെ ഒരു നാമ്പു പോലും കടന്നു പോകുന്നില്ല. എന്നിരിക്കിലും, ഇന്ന് ദൈവസാനിദ്ധ്യം തിരിച്ചറിയാതെ, ആ മഹനീയത മനസിലാകാതെ പോകുന്ന ജീവിതങ്ങൾക്ക് മാർഗ്ഗദർശനം പകരാൻ വാക്കുകളുടെ ഒരു കൂട്ടായ്മ 'ഹലോ ഹോപ്പ്' വായനക്കാരിൽ ആത്മീയപ്രചോദനം ഉളവാക്കുവാൻ, നാം അനുഭവിച്ചറിയുന്ന ക്രിസ്തുവിൽ സ്നേഹത്തെ പകരാൻ, ഹൃദയം നുറുങ്ങിയവർക്ക് ആശ്വാസമായി, വിടുതലായ് തീരുവാൻ ഈ സംരംഭം ഉതകട്ടെ. അനുവാചകരിൽ ചിന്തയുടേയും മനസാന്തരത്തിന്റേയും വിപ്ലവം സൃഷ്ടിക്കട്ടെ 'ഹലോ ഹോപ്പ്".

ക്രിസ്തുയേശുവിൽ ലഭിച്ച അനുഭവത്തിന്റേയും അറിവിന്റേയും വെളിച്ചം വായനയ്ക്ക് വഴിയൊരുക്കുന്ന ഈ സാഹചര്യത്തിൽ മനുഷ്യമനസുകൾക്ക് ആശയുടെ,പ്രതീക്ഷയുടെ തണലൊരുക്കുവാൻ തയ്യാറാക്കുന്ന ഈ വാർത്താപത്രികയ്ക്കും ഇതിന് വേണ്ടി പ്രയത്നിക്കുന്ന സന്മനസുകൾക്കും എല്ലാവിധ നന്മകളും ദൈവനാമത്തിൽ ആശംസിച്ചുകൊള്ളുന്നു.

ജീവനുള്ള ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കുവാനും അനേകരെ ക്രിസ്തുവിൽ നേടുവാനും ദൈവരാജ്യത്തിൽ പങ്കാളികളാക്കുവാനും ഈ പ്രസിദ്ധീകരണം വഴി ഒരുക്കട്ടെ. ഇതിലൂടെ ഏകരക്ഷകനായ യേശുക്രിസ്തുവിന്റെ നാമം മഹത്വപ്പെടട്ടെ. നാം എല്ലാവരും ആശാ തുറമുഖത്ത് എത്തിച്ചേരുവാൻ ഈ പ്രസിദ്ധീകരണം ഒരു മാർഗ്ഗമായി തീരട്ടെയെന്ന പ്രാർത്ഥനയോടെ എല്ലാവിധ ആശംസകളും നേരുന്നു.

ക്രിസ്തുവിൽ,
**പാസ്റ്റർ ബാബു എബ്രഹാം**
ബെഥസ്ദാ ,ബഹ്റിൻ



I am happy to know that Brother Cherian Mathews is going to publish a Believers Monthly Journal "HELLO HOPE".

To begin is to be half done, Getting started is the absolute hardest part. In the meantime I know that he want to do something significant for the Lord and move into new areas of service for Him·. God is looking for men & women who will be committed to living for His way and stepping into the purposes He has for their lives. He wants man and woman who are willing to sacrifice themselves for His kingdom, who are willing to say, "Not my will, but Yours be done."

I pray that you will be equipped and ready when God says, "Now is the time." And the doors of opportunity open. Just keep doing what's right and when you least expect it, you will get a CALL from God giving you your assignment. Remember, God "is able to do exceedingly abundantly above all that we ask or think, according to the power that works in us" (Ephesians 3:20). He has more for you than you can imagine.

I would like to congratulate and extend my best wishes to all the team members of Hello Hope.

And now may "the God of hope fill you with all joy and each believing, that you may abound in hope by the power of the Holy Spirit" (Romans 15:13). Stay focused on God, and He will keep you in perfect peace as He moves you into the future He has for you.

**For Revival Fellowship Church of Bahrain Family**
**Rev. Dr.K.G.Daniel**



## ഭാരത സുവിശേഷകരുടെ ശബ്ദം

*സുവിശേഷ വയലുകളെ അടുത്തറിയാനും പ്രാർത്ഥിക്കാനും...*



# കൊയ്ത്തിനായി വിളഞ്ഞു കിടക്കുന്ന വയലുകൾ

പാസ്റ്റർ
സുജിത്ത് പി. ജോസഫ്
ഡൽഹി

കഷ്ടതയിൽ പാടി ഏകാന്തതയിൽ ദൈവസാനിധ്യം അനുഭവിച്ചുകൊണ്ട് വിശ്വാസം കാത്തു സൂക്ഷിച്ച് കർത്തൃ ശുശ്രൂഷ തികയ്ക്കുക എന്നത് എത്രയോ ശ്രമകരമായ കാര്യമാണ്. ത്യാഗത്തിന്റേയും സഹനത്തിന്റേയും മാർഗ്ഗമാണ് കർത്തൃവേല. വിശ്വാസത്തിന്റെ മധുരിമ അതിൽ രുചിച്ചറിയുന്നു. കഠിനമായ കഷ്ട തയുടെ ശോധനയിൽ ആരും സഹായിക്കാൻ ഇല്ലാതെ ആരോടും ആവശ്യങ്ങൾ പങ്കുവെയ്ക്കാതെ ആരാലും സഹായം വാഗ്ദാനം ചെയ്യപ്പെടാതെ ദൈവത്തിൽ മാത്രം ആശ്രയിച്ച് അവങ്കലേക്ക് മാത്രം നോക്കി വിശ്വാസത്താൽ തങ്ങളുടെ ജീവിതം സുവിശേഷ വേലയ്ക്കായി സമർപ്പിക്കപ്പെട്ട കർത്തൃ ദാസർ എത്രയോ വിലപ്പെട്ടവരാണ്. ഉത്തര ഭാരതത്തിലേക്ക് ദൈവത്താൽ അയക്കപ്പെട്ടവരുടെ ജീവ ചരിത്രത്തിന്റെ ഒരു സംഷിക്ത രൂപം ഇങ്ങനെ വിവക്ഷിക്കാം..

വിശ്വാസം മാത്രം കൈ മുതലാക്കിയാണ് കാലാവസ്ഥയുടെ വിവിധ ഭാവത്തിന്റെ മുൻപിലും തളരാതെ ആത്മാക്കളെ മാത്രം തേടിയുള്ള തങ്ങളുടെ യാത്ര അവർ ആരംഭിച്ചത്.നാടും വീടും വിട്ട് ഉറ്റവരോടും ഉടയവരോടും അകന്ന് നഷ്ട്ടപ്പെട്ട് പോകുന്ന ആത്മാക്കളുടെ വില മനസിലാക്കി ക്രിസ്തു നിമിത്തം സകലതും ചേതം എന്നെണ്ണി തങ്ങളുടെ ജീവിതം സുവിശേഷ വേലയ്ക്കുവേണ്ടി അവർ ഉരിഞ്ഞു വെച്ചു. കന്യാകുമാരി മുതൽ കാശ്മീർ വരെ അവർ തളരാതെ ഓടി. കഷ്ടത അവരുടെ കൂടപ്പിറപ്പായിരുന്നു,പട്ടിണി അവരുടെ ജീവിതാനുഭവം ആയിരുന്നു എങ്കിലും ആത്മാക്കളെക്കുറിച്ചുള്ള ഭാരം മാത്രമേ അവരുടെ ഉള്ളിൽ ഉണ്ടായിരുന്നുള്ളൂ.

ഇന്ത്യയുടെ 28 സംസ്ഥാനങ്ങളിലും യേശുവിനെ അറിയിക്കുക എന്നുള്ള ഒറ്റ ലക്ഷ്യമായിരുന്നു അവരുടെ കൈമുതൽ. ഭാരത മണ്ണിൽ ചിലരുടെ ജീവൻ പൊലിഞ്ഞു, ചിലർക്ക് സകലതും നഷ്ട്ടപ്പെട്ടു എങ്കിലും വിളിച്ചവന്റെ വിളിയെ ഉറപ്പോടെ സ്വീകരിച്ചു. തങ്ങളെ ഏൽപ്പിച്ച ശുശ്രൂഷ അവർ തികച്ചു, ചിലർ തികച്ചു കൊണ്ടിരിക്കുന്നു. എങ്കിലും ഇന്നും സുവിശേഷം എത്താത്ത അനേകം ഗ്രാമങ്ങൾ വടക്കെ ഇന്ത്യയിൽ ഉണ്ട്. അവിടേക്കു നിങ്ങളെ വിളിക്കുന്നു. വിളഞ്ഞു കിടക്കുന്ന ഗോതമ്പ് വയലുകളെയല്ല മറിച്ച് നിത്യ ജീവനെക്കുറിച്ച് അറിയാത്ത ആത്മാക്കളെ കൊയ്യുവാൻ. അത് അവരെ അറിയിക്കുവാൻ. തുടർന്നുള്ള ഭാഗങ്ങളിൽ ഉത്തര ഭാരതത്തിലെ ദൈവ വേലയേയും വേലസ്ഥലങ്ങളെയും വേലക്കാരെയും സ്തോത്രത്തിനും പ്രാർത്ഥനയ്ക്കും ആയി പരിചയപ്പെടുത്താൻ ആഗ്രഹിക്കുന്നു.

## പവിഴ മൊഴികൾ

ചുമക്കാത്ത കുതിരയ്ക്ക് തീറ്റ കൊടുക്കരുത്.

ഭിന്നിപ്പുള്ള വീട് നിലനിൽക്കില്ല.


മനസ്സിലാക്കിയ അബദ്ധം, അറിയാത്ത സത്യത്തേക്കാൾ ഉപകാരപ്രദം.

രഹസ്യം പ്രാവുകളെപോലെയാണ്. നമ്മുടെ കൈയ്യിൽനിന്നും പോയാൽ അനന്തമായി വിഹരിക്കും.

അറിവുള്ളവരോടല്ല, അനുഭവജ്ഞരോട് ഉപദേശം തേടുക.

# Defending Your Faith

Pastor Thomas Kurian



As we know, several Christian parents are concerned that many of their children are unable to share their faith with unbelievers simply because of fear! They are afraid that the non-Christians will ask them a question or raise an objection that they cannot answer. So they choose to remain silent and thus hide their light under a bushel. I believe it is time for ourChristian leaders to acknowledge this serious problem and do everything possible to resolve it and enable and empower our young generation to defend their faith with confidence.

The Bible clearly teaches us that defending the Christian faith (Apologetics) was greatly needed in the first century Church and beyond any doubt is still needed today. The Apostle Paul was doing apologetics when he debated the Greek thinkers at the Areopagus in Athens (Acts 17). Peter the Apostle summed it up when he wrote: 'Always be prepared to give an answer to everyone who asks you to give the reason for the hope that you have '(1 Peter 3:15).

Let us look a little deeper into the meaning of the word apologetics. The word Apologetics ,comes from a Greek word 'apologia' meaning 'to make a defense' that is to sayto defend the Christian faith with confidence in the Word of God. In other words, knowing what you believe and why you believe it and respond to challenges that are brought against Christian faith.Christian apologetics is a field of Christian theology that presents historical, reasoned, and evidential bases for Christianity, defending it against objections. (Christian apologetics – Wikipedia).

Why the topic of apologetics is so relevant today? I would like to add a caution here. We should not underestimate the intellectual questions of many of our children. The internet has made it possible for even the youngest children to come into skeptical atheism online. So we need to help children to engage with the issues from a young age. Tom Price, an academic tutor at OCCA (Oxford Centre for Christian Apologetics) stated: 'I would say that if we don't do apologetics with children then somebody else will do apologetics for something else with them. Whether that is the beauty industry, the fashion industry, secular worldviews, or the Christian Gospel, is up to each parent".

The goal of this article is to humbly suggest to the leaders of our churches and Sunday schools to consider creating clear-thinking Christian young people/children who will not be afraid to share their faith with anybody. We have faith that is not based on unrealistic thinking or a leap in the dark.The evidence is there for any who take the time to examine it.

Ofcourse, we as parents, can present much of this evidence at home, but Sunday school classes, in my opinion, need to add apologetics to their curriculum in order to achieve the goal outlined in this article. We should use children's Christian education as a way to build a firm foundation of evidence so when they confront the outside world, they will not be shaken in their beliefs!



# THE ULTIMATE PURPOSE IN LIFE

Rev. Georgy Mathew Alexios
(Bangalore)

Many people live their lives in this world as if it is only this life that matters. They think that making money, achieving some desired status, having certain possessions are all what life is all about. They feel that they should strive to attain such things in life, otherwise they conclude that they didn't achieve their goals. Sadly, this kind of thinking has permeated the hearts of many professing Christians also. Are all these what life is all about?

The Bible makes it very clear as to what our ultimate purpose in life should be. We see people in both the Old and New Testament eras seeking and discovering life's purpose. After going through all of life's pleasures, the wisest man who ever lived, Solomon, discovered the uselessness of life when it is lived only for this world. He gives these remarks in the end of the book of Ecclesiastes: "Let us hear the conclusion of the whole matter: Fear God and keep His commandments, for this is man's all. For God will bring every work into judgement, including every secret thing, whether good or evil" (Eccl. 12:13-14). Solomon says that life's ultimate purpose is all about keeping God's commandments and honouring Him with our thoughts and lives, because we will stand before Him in judgement.

We should see life on this earth in the correct perspective. There are many whose focus is just on this earthly life. Unlike them, we see King David looking for his satisfaction in the age to come. He said in Ps. 17:15, "As for me, I will see Your face in righteousness; I shall be satisfied when I awake in Your likeness." For David, full satisfaction would come in the next life beholding God's face and being like Him (1 John 3:2).

*We should see life on this earth in the correct perspective. There are many whose focus is just on this earthly life.*

We see Asaph (the chief singer) in Psalm 73, talking about how he was tempted to be jealous of the wicked who seemed to have no cares and built their prosperity by taking advantage of others, but then he considered their ultimate end. In contrast to what they pursued, he says in Ps. 73:25 what mattered to him: "Whom have I in heaven but You? And there is none upon earth that I desire besides You." To Asaph, the relationship with God mattered above everything else in life. Without that relationship, there is no real purpose in life.

In the New Testament, the apostle Paul talks about his religious piety and achievements before being confronted by the risen Christ. He says that all those what he considered as valuable in life are now like rubbish after knowing Christ (Phil. 3:8). He continues by saying that all he wants is to know Christ and "be found in Him," to have His righteousness even if it meant suffering and death (Phil. 3:9-11). Ultimately he looked forward to the resurrection from the dead.

In God's original plan, our purpose in life is to 1) glorify God and enjoy fellowship with Him, 2) have good relationships with others, 3) work, and 4) have dominion over the earth. But because of the Fall of Man, the fellowship with God was broken, relationships with others are stressed, work seems to be frustrating and hard, and man struggles to have dominion over the earth. Only when fellowship with God is restored through faith in Jesus Christ can purpose in life be rediscovered.



The Bible says, "And the world is passing away, and the lust of it; but he who does the will of God abides forever" (1 John 2:17). Instead of just living for this world and its passing pleasures we need to discover our life's true purpose – glorify God by fearing and obeying Him, keep our eyes on our future home in heaven, and know God intimately all the more day by day. One can find meaning to life only by knowing God and having a personal relationship with Him through Jesus Christ. By following His purpose for our lives, we enjoy God and we will experience true and lasting joy. Jesus Himself said, "I have come that they may have life, and that they may have it more abundantly" (John 10:10). Yes, Jesus wants to bless you with the abundant life not just here on earth but also wants you to enjoy fellowship with Him in eternity. It all starts with your decision to make Him your Lord and Saviour, and having a personal relationship with Him. Today, would you reconsider your real purpose in life?

# 'അഞ്ചപ്പവും രണ്ടുമീനും' പിന്നെ കുറെ ചിന്തകളും...

റോജി ഇലന്തൂർ



സുവിശേഷകന്മാർ വ്യത്യാസമന്യെ തങ്ങളുടെ തൂലികത്തുമ്പിനാൽ പകർത്തിയതും മനുഷ്യദൃഷ്ടിയിൽ അത്ഭുതകരമെന്നു വിളിച്ചോതുകയും ചെയ്തതും ദൈവകരസ്പർശവും ദൈവപുത്രന്റെ പ്രാർത്ഥനയും സമ്മേളിച്ച അനേക സംഭവങ്ങളിൽ ഒന്നാണ് 'അഞ്ചപ്പവും രണ്ടുമീനും'.

ഓരോ കാലഘട്ടത്തിനും അതിന്റേതായ തനത് പ്രാധാന്യത അർഹിക്കുന്നതു പോലെ ആ കാലഘട്ടവും ഒരു പാട് പ്രത്യേകതകളും നിറഞ്ഞതായിരുന്നു. ഇടപ്രഭുവായ ഹെരോദാവ് യേശുവിന്റെ ശ്രുതി കേട്ട കാലം, സത്യത്തിനു വഴി ഒരുക്കുവാൻ വന്നവനും രാജാവിന്റെ നേർക്കുന്നേർ സത്യം വിളിച്ച് പറഞ്ഞതിനാൽ 'ശിരച്ഛേദം' ചെയ്യപ്പെട്ടവനുമായ യോഹന്നാൻ സ്നാപകന്റെ കാലം, കൊന്നു കൊലവിളിച്ച ഹെരോദാവ് യേശുവിന്റെ അത്ഭുത പ്രവൃത്തികളെപ്പറ്റി കേട്ടിട്ട് യോഹന്നാൻസ്നാപകൻ ഉയിർത്തുവന്നവനാണ് യേശു എന്നും തെറ്റിദ്ധരിച്ച് ഭയവിഹ്വലമായ കാലം.

യേശുവിന്റെ പരസ്യശുശ്രൂഷയുടെ മൂന്നാം വർഷത്തിന്റെ പ്രാരംഭത്തിലാണ് ഈ സംഭവം അരങ്ങേറുന്നത്. യേശുവിന്റെ അത്ഭുതശുശ്രൂഷകളെക്കുറിച്ചുള്ള ശ്രുതി ഇടപ്രഭുവായ ഹെരോദാവിന്റെ കർണ്ണപുടങ്ങളിലുമെത്തി. മഹാനായ ഹെരോദാവിന്റെ അത്ര പ്രസിദ്ധനല്ലാത്ത ഹെരോദാവ് അന്തിപ്പാസ് എന്ന മനുഷ്യൻ യേശുവിന്റെ പ്രസിദ്ധിയിൽ തെല്ല് അസൂയ തോന്നിയില്ലെങ്കിലേ അത്ഭുതമുള്ളൂ. മാത്രവുമല്ല, യോഹന്നാൻ സ്നാപകനെ കൊല്ലുവാൻ ഉത്തരവ് ഇട്ടതിന്റേയും യേശുവിന്റെ അത്ഭുതപ്രവൃത്തികളെ കുറിച്ച് കേട്ടതിന്റേയും വെളിച്ചത്തിൽ തന്റെ ഹൃദയത്തിൽ കുത്ത് കൊണ്ടിരിക്കണം. സത്യത്തിനു വഴി ഒരുക്കുവാൻ മുന്നോടിയായി വന്ന യോഹന്നാൻ സ്നാപകന്റെ അന്ത്യം വാളാൽ കുറിച്ച രാജാവായ ഹെരോദാവിന്റെ നെഞ്ചിൽ ഒരു വാൾ കയറി ഇറങ്ങിയിരിക്കണം. എന്നാൽ ഭാഷാനിഘണ്ടുവിൽ ഇല്ലാത്ത വാക്കും ഭാഷണവും കൊണ്ട് 'എന്തും ഏതും' മാധ്യമങ്ങളിലൂടെ



വിളിച്ചോതുകയും വരമൊഴിയായി കോറിയിടുകയും ചെയ്യുന്ന ഇന്നത്തെ പുതുതലമുറയിലെ നിരൂപകവിമർശകവൃന്ദങ്ങൾക്കും തെല്ലും കുത്തലും കുറ്റബോധവുമില്ലാത്ത ഒരന്ത്യകാലം!

യോഹന്നാന്റെ ശിഷ്യന്മാർ അവന്റെ ഉടൽ മാന്യമായി സംസ്കരിച്ച ശേഷം യേശുവിനെ വിവരം അറിയിച്ചു. അവരുടെ വേദനയും വിദ്വേഷവും പകരുന്നതിനായി അതിലും ഭേദപ്പെട്ട മറ്റൊരിടം ഇല്ലായിരുന്നു. ഇതിലും നല്ലൊരു മാതൃക നമ്മുടെ മുമ്പിൽ അവർക്ക് വരച്ച് കാട്ടുവാനും ഇല്ലായിരുന്നു. പ്രശ്നങ്ങളുടെയും പ്രതികൂലങ്ങളുടെയും പരിശോധനകളുടേയും വേളയിൽ നാമും യേശുവിന്റെ അരികിൽ എത്തി നമ്മുടെ അവസ്ഥ 'അറിയിക്കേണ്ടവനെ' അറിയിക്കേണ്ടതുപോലെ അറിയിക്കയാണു വേണ്ടത്.

യേശുവിന്റെ അത്ഭുതപ്രവർത്തികളെ കുറിച്ചുകേട്ട ഹെരോദാവ് അസ്വസ്ഥനായി എന്നറിഞ്ഞപ്പോൾ താൻ അവിടംവിട്ട് പടകിൽ കയറി നിർജ്ജനമായൊരു സ്ഥലത്തേക്കു പുറപ്പെട്ടു പോയി. യേശുവിന്റെ പ്രാർത്ഥനാനുഭവങ്ങൾ എന്നും നമുക്കു നല്ലൊരു മാതൃകയാണ്. പിതാവുമായി എല്ലായ്പ്പോഴും സംസർഗം ചെയ്യാൻ ഇഷ്ടപ്പെട്ടിരുന്നൊരു യേശു. ജീവിതത്തിന്റെ പ്രധാനപ്പെട്ട കാര്യങ്ങൾ കടന്നുവരുമ്പോൾ അതിനു മുമ്പോ പിമ്പോ ദൈവസന്നിധിയിൽ സമയം വേർതിരിക്കുന്നത് യേശുവിന്റെ ജീവിതത്തിന്റേയും ശുശ്രൂഷയുടേയും പ്രത്യേകത ആയിരുന്നു. കാലഘട്ടത്തിന്റെ പ്രവാചകന്മാരും അഭിഷിക്ത വൃന്ദങ്ങളും രോഗശാന്തി ശുശ്രൂഷകരും മാതൃയാക്കേണ്ട നല്ലൊരു മാതൃക അവർ നമുക്കു വെച്ചേച്ചുപോയി....

.........(തുടരും)

# നാം നമ്മുടെ ദൈവത്തെ അറിയുക

പാസ്റ്റർ തോമസ് വർഗ്ഗീസ്
(കോയമ്പത്തൂർ)



***'എങ്കിലും തങ്ങളുടെ ദൈവത്തെ അറിയുന്ന ജനം ഉറച്ച് നിന്ന് വീര്യം പ്രവർത്തിക്കും, ദാനിയേൽ 11:32.***

തങ്ങളുടെ ദൈവം ആരാണെന്നും അവന്റെ പ്രവൃത്തി എന്താണെന്നും തിരിച്ചറിയുന്ന ജനം ഉറച്ച് നിന്ന് വീര്യം പ്രവർത്തിക്കും. അവർ ശക്തരായിരിക്കും, സന്തോഷമുള്ളവരായിരിക്കും, അനുഗ്രഹിക്കപ്പെട്ടവരായിരിക്കും. തങ്ങളുടെ ദൈവം ആരെന്ന് അറിയാത്തവർ ബലഹീനരും ദുഖിതരും, നിരാശരു മായിരിക്കും. 'പരിജ്ഞാനമില്ലായ്കയാൽ എന്റെ ജനം നശിച്ചുപോകുന്നു' ഹോശേയ 4:6. എന്നാൽ വാസ്തവത്തിൽ നമുക്ക് സ്നേഹവാനായ ഒരു ദൈവമാണുള്ളത്.

***1.ദൈവം കരുണയുള്ള ദൈവമാണ് പുറ 34:6.***

'യഹോവ, യഹോവയായ ദൈവം കരുണയും,കൃപയും, ദീർഘക്ഷമവും,മഹാദയയും വിശ്വസ്തതയുമുള്ളവൻ'. നമ്മൾ പലരും ചിന്തിക്കുന്നതുപോലെ പ്രവാചകന്മാരോ ദീർഘദർശിമാരോ സങ്കീർത്തനക്കാരോ എഴുതിയതല്ല ദൈവം സീനായി പർവ്വതത്തിന്റെ മുകളിൽവെച്ച് മോശയോട് നേരിട്ട് അരുളിച്ചെയ്ത വചനമാണിത്. തന്റെ വചനത്തെ നിവർത്തിക്കുവാൻ യഹോവ ജാഗരൂപനായിരിക്കും. 'നാം മുടിഞ്ഞു പോകാതിരുന്നത് യഹോവയുടെ ദയ ആകുന്നു; അവന്റെ കരുണ തീർന്നു പോയിട്ടില്ലല്ലോ' വിലാ.3:22

***2.നമ്മുടെ പ്രകൃതി അറിയുന്ന ദൈവം സങ്കീ.103:14***

'അവൻ നമ്മുടെ പ്രകൃതി അറിയുന്നുവല്ലോ.നാം പൊടി എന്ന് അവൻ ഓർക്കുന്നു'. അതേ നാം ഈ മണ്ണിൽ നിന്ന് നിർമ്മിക്കപ്പെട്ടവരാണ്. ഈ മണ്ണിലേക്ക് തിരികെ ചേർക്കപ്പെടേണ്ടവരുമാണ്. പലപ്പോഴും നാം അത് ഓർക്കാറില്ല. പക്ഷേ ദൈവത്തിനറിയാം. നാം അത് മറക്കും. ദൈവം ഓർക്കും.സ്ത്രീ മണ്ണിൽ നിന്ന് നിർമ്മിക്കപ്പെട്ടതല്ല. പുരുഷന്റെ വാരിയെല്ലുകളിൽ ഒന്നെടുത്താണ് ദൈവം സ്ത്രീയെ സൃഷ്ടിച്ചത്. എനിക്ക് ഏറ്റവും അനുയോജ്യമായ ഒരു വാരിയെല്ലിനെയാണ് ലഭിച്ചിരിക്കുന്നത്. സ്ത്രീകൾ പൊതുവെ മൃദു സ്വഭാവമുള്ളവരും സഹന ശക്തിയുള്ളവരുമായിരിക്കും. നാം ആരെന്ന് നമ്മുടെ പ്രകൃതി എന്തെന്ന് നല്ലതുപോലെ അറിയാവുന്ന ഒരു ദൈവം എനിയ്ക്കുണ്ടെന്നുള്ള എന്റെ അറിവ് എത്രയോ സന്തോഷകരമാണ്.

***3.നമ്മെ സൗഖ്യമാക്കുന്ന ദൈവം പുറ 15:26***

യഹോവ റാഫ. ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവയാകുന്നു എന്ന് എന്ന് പുറ.15:26-ൽ കാണുന്നു. കർത്താവ് നമ്മുടെ സൗഖ്യദായകനാണ്. 40 വർഷം മോശ മുഖാന്തിരം ദൈവം യിസ്രായേൽ മക്കളെ മരുഭൂമിയിൽ നടത്തി. അവരുടെ ശരീരത്തിൽ നിന്ന് എല്ലാവിധ രോഗങ്ങളും തുടച്ച് മാറ്റപ്പെട്ടു. സൗഖ്യദായകനായ യഹോവ അവരെ നടത്തിയതുകൊണ്ട് അവരിൽ ഒരു ബലഹീനനും ഉണ്ടായിരുന്നില്ല.നിങ്ങൾ രോഗിയായിരിക്കണമെന്നു ഒരിക്കലും ദൈവഹിതമല്ല. അവൻ സൗഖ്യദായകനായ കർത്താവ്.

കോയമ്പത്തൂരിലെ ഞങ്ങളുടെ ചർച്ചിൽ ദിവസം 32 ഗുളികകൾ കഴിക്കുന്ന 3 അടി ഉയരവും 20 കിലോഗ്രാം തൂക്കവുമുള്ള ഹരിപ്രസാദ് എന്ന 14 വയസുകാരനെ ശാന്തിയമ്മ എന്ന സഹോദരി കൊണ്ടുവരുവാൻ ഇടയായി. ആ കുട്ടിയെ കണ്ടാൽ ദുഃഖവും വേദനയും തോന്നും. അത്രത്തോളം വിരൂപമായ ഒരു രൂപം. അവന്റെ അമ്മ പറഞ്ഞത് 'ഞങ്ങൾ ഈ കുട്ടിയുമായി സൗഖ്യത്തിനായി പോകാത്ത സ്ഥലങ്ങളില്ല. കാണിക്കാത്ത ഡോക്ടർമാരില്ല. സകല സമ്പത്തും ചികിത്സയ്ക്കായി ചിലവിട്ടു. ഇപ്പോൾ കടവും. യേശുവിന് ഈ കുഞ്ഞിനെ സുഖപ്പെടുത്തുവാൻ കഴിയുമോ എന്ന് കണ്ണുനീരോടെ ചോദിച്ചു. ഞങ്ങൾ സഭയായി ആ കുഞ്ഞിന്വേണ്ടി ഉപവാസത്തോടെ കണ്ണീരോടെ പ്രാർത്ഥിച്ചു. കേവലം 20 കിലോഗ്രാം മാത്രമുണ്ടായിരുന്ന കുട്ടി ഇന്ന് 60 കിലോഗ്രാം തൂക്കവും 5.5 'പൊക്കവുമുണ്ട്. ഒരു ഗുളിക പേരിന് കഴിക്കുന്നുണ്ട്. കാണുന്നവർക്കും ഡോക്ടർമാർക്കും സ്വന്തക്കാർക്കും സഭയിലുള്ളവർക്കും ആ കുട്ടി ഒരത്ഭുതമാണ്. ഈ വീടുതലിന്റെ തുടർച്ചയായി ആ കുടുംബം രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് നല്ല ഉത്തമരായ വിശ്വാസികളായിരിക്കുന്നു. ഇന്ന് ഒരു കോഴ്സ് പഠിച്ച് ഹരിപ്രസാദ് സ്വന്തം തൊഴിൽ ചെയ്ത് ജീവിക്കുന്നു. ദൈവം സൗഖ്യദായകനാണ്. അസാദ്ധ്യങ്ങളെ സാദ്ധ്യമാക്കുന്നവനാണ്.

***4.ദൈവം നമുക്ക് വേണ്ടി കരുതുന്നു ഉല്പ. 22:14***

യഹോവ യിരെ. മോറിയ മലയിൽ അബ്രഹാം യിസ്സഹാക്കിനെ യാഗം കഴിയ്ക്കാനൊരുങ്ങുന്ന നിർണ്ണായക നിമിഷത്തിൽ യാഗപീഠത്തിന്റെ തൊട്ടടുത്ത് കുറ്റിക്കാട്ടിൽ ദൈവം യിസ്സഹാക്കിന് പകരമായി ഒരു ആട്ടിൻകുട്ടിയെ കാണിച്ചുകൊടുത്തു. നമ്മുടെ സ്ഥാനത്ത് മരിക്കുവാൻ തന്റെ പൊന്നോമന മകനായ, ദൈവത്തിന്റെ കുഞ്ഞാടായ ക്രിസ്തു യേശുവിനെ നൽകിയ ദൈവമാണവൻ. അവൻ യഹോവ യിരെയാണ്. നമ്മുടെ രക്ഷകനാണ്. എനിക്കുവേണ്ടി കരുതുന്ന ഒരു ദൈവമുണ്ടെന്ന് വിശ്വസിച്ചാൽ നമുക്ക് ഭയമോ നിരാശയോ ഉണ്ടാകേണ്ടതില്ല....

*.........(തുടരും)*

## Hello Health

**ജീരകം ഒന്ന് കഴിച്ച്നോക്കൂ വെറും 20 ദിവസം കൊണ്ട് ആളാകെ മാറും.**

**ഇന്ത്യൻ ഭക്ഷണത്തിലെ ഒഴിച്ചു കൂട്ടാനാകാത്ത ഒന്നാണ് ജീരകം, അല്ലേ. അത് മാത്രമല്ല കുടിക്കാനുള്ള വെള്ളത്തിൽ ജീരകം ചേർക്കാൻ ഇഷ്ടപെടുന്നവരാണ് മലയാളികൾ. അടുക്കളയിൽ പ്രത്യേക സ്ഥാനം നൽകാറുള്ള നിങ്ങൾ ഈ ഔഷധ മൂല്യത്തിന്റെ ഗുണങ്ങൾ എന്താണെന്ന് അന്വേഷിച്ചിട്ടുണ്ടോ? എങ്കിൽ ഇതാ അറിഞ്ഞോളൂ ജീരകം ഒരു പരിധിവരെ ശരീരഭാരം കുറയ്ക്കാൻ സഹായിക്കും. 20 ദിവസത്തിനുള്ളിൽ നിങ്ങളുടെ ശരീരഭാരം കുറയുന്നതാണ്.**



* രാത്രിയിൽ 2 ടേബിൾ സ്പൂൺ ജീരകം വെള്ളത്തിലിട്ട് വെയ്ക്കുക. രാവിലെ ജീരകം അരിച്ച് മാറ്റുക. ശേഷം അരകഷണം നാരങ്ങ പിഴിഞ്ഞു ചൂടാക്കി വെറും വയറ്റിൽ കുടിച്ചാൽ ഭാരം കുറഞ്ഞു കിട്ടും.

* ഒരു ടീസ്പൂൺ ജീരകം 10 സെക്കന്റ് ചൂടിൽ വറുക്കുക. ഇതിലേക്ക് അൽപ്പം വെള്ളമൊഴിക്കുക. വെള്ളം തിളച്ചു കഴിയുമ്പോൾ വാങ്ങിവെച്ച് 5 മിനിറ്റിനു ശേഷം ഊറ്റിയെടുത്തു കുടിയ്ക്കാം. ഇതിലേയ്ക്ക് അൽപ്പം തേൻ ചേർക്കുന്നത് വളരെ ഗുണകരമാണ്.

* ജീരകം പൊടിച്ചത് ഇഞ്ചി അരിഞ്ഞതും അൽപ്പം ചെറുനാരങ്ങാനീരും സാലഡോ അതുപോലുള്ള ഭക്ഷണസാധനങ്ങളോ തയ്യാറാകുമ്പോൾ ചേർത്ത് കഴിക്കുന്നത് ഗുണം തരും.

# ക്രൂശും ക്രിസ്ത്യാനിയും

**പാസ്റ്റർ വിനിൽ സി. ജോസഫ്**



യേശുക്രിസ്തുവിന്റെ അനുയായികളെ അന്ത്യോക്യയിൽ വെച്ചാണ് ആദ്യമായി ക്രിസ്ത്യാനികൾ എന്ന് വിളിച്ചു തുടങ്ങിയത്. ബൈബിളിൽ മൂന്ന് ഇടങ്ങളിൽ മാത്രമേ ക്രിസ്ത്യാനികൾ എന്ന പദമുള്ളു. ലോകം മുഴുവൻ വ്യാപിച്ചു കിടക്കുന്ന ക്രിസ്തീയ സമൂഹത്തെ ദൈവമക്കൾ, വിശുദ്ധന്മാർ, ശിഷ്യന്മാർ, വിശ്വാസികൾ, വേർപ്പെട്ടവരുടെ കൂട്ടം എന്ന് അറിയപ്പെട്ടിരുന്നു. യഥാർത്ഥ ക്രിസ്തുഭക്തന്മാർ ഈ അഞ്ച് ഗണങ്ങളുടെ ഉടമകളായിരിക്കണം.

മർക്കോസ് 8:34-ൽ 'ഒരുവൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ചു തന്റെ ക്രൂശ് എടുത്തുകൊണ്ടു എന്നെ അനുഗമിക്കട്ടെ' എന്ന് യേശുക്രിസ്തു പറഞ്ഞിരിക്കുന്നു. യേശുക്രിസ്തു ഉദ്ദേശിച്ച ക്രൂശും ക്രിസ്തീയ സമൂഹം കരുതുന്ന ക്രൂശും തമ്മിൽ വളരെ അന്തരം ഉണ്ട്.

യേശുക്രിസ്തുവിന്റെ കാലഘട്ടത്തിൽ റോമാക്കാർ ക്രൂശിനെ നികൃഷ്ടമായും നിന്ദ്യമായും കരുതിയിരുന്നു. യഹൂദന്മാരോ ക്രൂശ് അപമാനമായും വെറുക്കപ്പെട്ടതുമായി കരുതിയിരുന്നു. എന്നാൽ യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തോടുകൂടി ക്രൂശിന് പുതിയ ഭാവം വന്നു. ഈ ക്രൂശിനെ നിർബന്ധത്താൽ ചുമന്ന ശിമോൻ അനുഗ്രഹിക്കപ്പെടുകയും തലമുറകൾ ക്രിസ്തുവിൽ പ്രസിദ്ധരാകുകയും ചെയ്തു. ക്രൂശിൽ കിടന്ന് കരുണയ്ക്കായി യേശുവിനോട് യാചിച്ച കള്ളനെ ക്രൂശിൻ സ്നേഹം കൈവിട്ടില്ല. ഈ ക്രൂശിനെ ശിരസ്സാൽ വഹിച്ച യേശുക്രിസ്തുവിന്റെ മക്കളാകുന്ന നമ്മേയും അനുഗ്രഹിച്ചുകൊണ്ടേയിരിയ്ക്കുന്നു. ക്രൂശ് ഒരിക്കലും വന്ന് ഭവിക്കുന്നതല്ല അത് സ്വയം ഏറ്റെടുക്കുന്നതാണ്. മാറാരോഗങ്ങൾ, ക്യാൻസറുകൾ, തലവേദനകൾ, പലകുടുംബ പ്രശ്നങ്ങൾ ഇതൊക്കെ വന്നു ഭവിക്കുന്നതാണ്. എന്നാൽ മോശ ക്രിസ്തുവിന്റെ നിന്ദ സ്വയം ഏറ്റെടുത്തതു പോലെ ദൈവനാമത്തെ പ്രതിയുള്ള കഷ്ടങ്ങളും നിന്ദകളും പരിഹാസവും സഹിക്കുന്നതാണ്

യഥാർത്ഥ ക്രൂശ്. ആരുടേയും പ്രേരണയാൽ അല്ല, നിർബന്ധത്താലുമല്ല ദൈവസ്നേഹത്തിൽ ഇത് ഹൃദയത്തിൽ വഹിക്കണം. ക്രൂശ് എടുക്കുന്ന എല്ലാപ്രിയപ്പെട്ടവരും അറിഞ്ഞിരിക്കേണ്ട പ്രധാനപെട്ട വസ്തുത യേശു ക്രൂശ് ചുമന്നത് കാൽവറിയിൽ മരണം വരിക്കാനാണ്. ഈ ക്രൂശിനെ സ്വയം ഏറ്റെടുക്കുന്ന നാം ഓരോരുത്തരും വീട് മേടിക്കാനോ സ്ഥലങ്ങൾ മേടിച്ച് കൂട്ടുവാനോ ലോകത്തിൽ എന്തെങ്കിലും നേടുവാനോ അല്ല പിന്നെയോ ലോകവും അതിന്റെ മോഹവും ഒഴിഞ്ഞ് പോകുമെന്ന് മനസ്സിലാക്കി അതിന്റെ പുറകെ പോകാതെ കാൽവറി ദർശനം മുമ്പിൽ കണ്ടുകൊണ്ട് ജീവിക്കാൻ ശ്രമിച്ചാൽ ക്രൂശ് വ്യർത്ഥമാകത്തില്ല. ക്രൂശ് എടുക്കുന്നവർ പലവിധത്തിൽ മരിക്കണം.

1. ഗലാ.2:19 'ഞാൻ ദൈവത്തിനായി ജീവിക്കേണ്ടതിന്നു ന്യായപ്രമാണസംബന്ധമായി മരിച്ചു'. അർത്ഥാൽ നാം മറ്റുള്ളവരെ വിധിക്കാതെ നമ്മെത്തന്നെ വിധിക്കുന്ന ഒരനുഭവം വേണം.

2. ഗലാ.5:24 'ക്രിസ്തുയേശുവിനുള്ളവർ ജഢത്തെ അതിന്റെ രാഗമോഹങ്ങളോടുംകൂടെ ക്രൂശിച്ചിരിക്കുന്നു'. അതെ നാം ഓരോരുത്തരും ഇന്ദ്രിയജയമുള്ളവരായിരിക്കണം.

3.ഗലാ.6:14 'അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു'. ലോകസ്നേഹം ദൈവത്തോട് ശത്രുത്വം ആകുന്നു.

4.റോമ. 6:2 'പാപസംബന്ധമായി മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നതു എങ്ങനെ'. കർത്താവിന്റെ മരണം നാം നമ്മുടെ ശരീരത്തിൽ വഹിക്കണം.

ക്രൂശ് വഹിക്കുന്ന നാം ഓരോരുത്തരും ക്രിസ്തുവിനായി ഫലം പുറപ്പെടുവിക്കുന്ന യഥാർത്ഥ ക്രിസ്ത്യാനികൾ ആയിത്തീരാം.




JIJO ANGAMALY

# Bible Quiz

1. നീതിമാൻ ‘പനപോലെ’ തഴയ്ക്കും എന്നാണ് സങ്കീർത്തനക്കാരന്റെ ഭാഷ്യം. എന്നാൽ ‘പച്ചയിലപോലെ’ തഴയ്ക്കുന്നതാര് ?
2. യെരുശലേമിന് വിശേഷണങ്ങൾ പലതാണ് അതിനെ ‘യെബൂസ്യഗിരി’ എന്ന് വിശേഷിപ്പിച്ച വ്യക്തി ആര് ?
3. ഭഷ്യവസ്തുക്കൾ വയലിൽ ഒളിപ്പിച്ച് വെച്ചതിനാൽ സഹോദരന്മാരോടൊപ്പം കൊല്ലപ്പെടാതിരുന്നവർ എത്ര പേർ ?
4. ഉണർന്നിരുന്ന് ആടുകളെ പാലിക്കേണ്ടവരാണ് ഇടയന്മാർ. എന്നാൽ ‘രാജാവേ, നിന്റെ ഇടയന്മാർ ഉറങ്ങുന്നു’ എന്ന് പറയേണ്ടിവന്നത് ഏത് രാജാവിനോട് ?
5. ‘വാർദ്ധ്യക്യത്തിങ്കൽ പോഷകനായിരിക്കും‘ എന്ന് ആശംസ ലഭിച്ച പൗത്രനാര് ?
6. ദാരുണമായ വിധത്തിലാണ് ഈ ദേശവാസികൾ മിക്കവരും കൊല്ലപ്പെട്ടത്. ചിലരെ കൊന്നതാണെങ്കിൽ കോടാലികൊണ്ട്. ആരാണ് ഈ കൂട്ടർ ?
7. അവളുടെ കാൽക്കൽ അവൻ കുനിഞ്ഞ് വീണു എന്ന് മാത്രമല്ല അതോടെ അവന്റെ ജീവനും പോയി. അവളാര് ? അവനാര് ?
8. പിതാവാകാൻ ഏറ്റവും കൂടുതൽ കാത്തിരിക്കേണ്ടിവന്ന വ്യക്തി പി താവായ വയസ് എത്ര ?
9. ഇദ്ദേഹം ഒരു മഹാപുരോഹിതനാണ്. പെൺമക്കൾ ഉള്ളതായി രേഖയില്ല. ഇവരെല്ലാവരും ഒരേ ദിവസം ഒരേ വീട്ടിൽവെച്ച് മുറിവേറ്റു. ഇദ്ദേഹമാര് ?
10. പലവിധ ആവിശ്യങ്ങൾക്കായി പലരും ഉപവസിക്കാറുണ്ട്. ഒരിക്കലൊരു കൂട്ടർ യാത്രാ ക്ഷേമത്തിന് വേണ്ടിക്കൂടെ ഉപവസിച്ചു. എവിടെ വെച്ചാണ് ഈ തീരുമാനം കൈകൊണ്ടത് ?

**E-mail : hhgulfnews@gmail.com**

**Whatsapp : 00973 38383399**

## PUZZLE

Re arranges the letters to find the woman of the Bible.

Example: Daily=Lydia

1. Rim aim
2. Bad hero
3. Threes
4. Bite heals
5. At harm
6. Clips rail
7. Rap a ship
8. Habitat
9. Hash tune
10. Cars do

**നിബന്ധനകൾ**

1. ബൈബിൾ ക്വിസ്/പസിൽ സംബന്ധിച്ച് അന്തിമ തീരുമാനങ്ങൾ മാസ്റ്ററിൽ നിക്ഷിപ്തമായിരിക്കും
2. ഏത് പ്രായക്കാർക്കും പങ്കെടുക്കാവുന്നതാണ്
3. എല്ലാ മാസവും 20-ാം തീയതിക്ക് മുമ്പ് ഉത്തരങ്ങൾ അയക്കുക
4. ഉത്തരങ്ങൾ ഈമെയിലിലോ വാട്സാപ്പിലോ അയക്കാവുന്നതാണ്
5. **ഉത്തരങ്ങൾ അയക്കുന്നവർ പേര്, ഫോട്ടോ, ഉൾപ്പെട്ട് നിൽക്കുന്ന കൂട്ടായ്മ, കോൺടാക്ട് നമ്പർ എന്നിവ കൃത്യമായി എഴുതുക.**
6. ഒന്നിലധികം ശരിയുത്തരങ്ങൾ ഉണ്ടായാൽ നറുക്കെടുപ്പിലൂടെ വിജയിയെ കണ്ടെത്തുന്നതായിരിക്കും
7. ശരിയുത്തരം അയച്ചവരുടെ പേരുകളും വിജയിയുടെ ഫോട്ടോ ഉൾപ്പെടെ ഓരോ ലക്കത്തിലും അറിയിക്കുന്നതാണ്
8. വിജയിക്ക് ആകർഷകമായ സമ്മാനം നൽകുന്നതാണ്
9. പൂർണമല്ലാത്ത ഉത്തരങ്ങൾ പരിഗണിക്കുന്നതല്ല
10. ബൈബിൾ ക്വിസിന്റെ ഉത്തരങ്ങൾ റഫറൻസ് ഉൾപ്പെടെ അയക്കണം
11. ബൈബിൾ ക്വിസിനും പസിലിനും വെവ്വേറെ സമ്മാനങ്ങൾ നൽകുന്നതാണ്.
12. ശരിയുത്തരമയക്കുന്ന എല്ലാവർക്കും *HH Appreciation Certificate* ലഭിക്കുന്നതാണ്

# എങ്കിലും ജോണികുട്ടി....
## ഭയപ്പെടേണ്ടാ ഞാൻ നിന്നോട് കൂടെയുണ്ട്



ഷൈനി ബാബു, ഖത്തർ



അന്നും ജോണികുട്ടി പതിവുപോലെ നേരത്തെ തന്നെ എഴുന്നേറ്റു. പ്രഭാത കൃത്യങ്ങളിൽ മുഴുകി. മോണിംഗ് വാക്ക് കഴിഞ്ഞു. അതാ ന്യൂസ്പേപ്പർ എത്തി. പ്രധാന വാർത്തകളെ ഓടിച്ച് നോക്കി. തന്റെ ദൈനംദിനകാര്യങ്ങളിൽ ജോണിക്കുട്ടി വ്യാപൃതനായി.

എങ്കിലും ഞാൻ പ്രതീക്ഷിച്ചു ഒരു നന്ദി വാക്കെങ്കിലും പറയുമെന്ന്. പക്ഷേ അതുണ്ടായില്ല. എന്തിനെന്നോ ജോണിക്കുട്ടി? അനേകർ ഉറങ്ങാൻ കഴിയാതെ തിരിഞ്ഞും മറിഞ്ഞും കിടന്നപ്പോൾ നീ സുഖമായി ഉറങ്ങി. നീ ഉറങ്ങാൻ കിടന്ന സമയം മുതൽ നിന്റെ രക്ഷകനെന്നും നിന്റെ സർവ്വസ്വവുമെന്ന് നീ പറഞ്ഞിരുന്ന ഞാൻ നിനക്ക് കാവലായി നിന്നു. നിന്റെ മൂക്കിൽ കൂടിയോ ചെവിയിൽ കൂടിയോ രോഗാണുക്കളോ ചെറുകീടങ്ങളോ പ്രവേശിക്കാതിരിക്കാൻ നിന്റെ ശരീരത്തിന്റെ എല്ലാ ഭാഗങ്ങളും പെർഫെക്ട് ആയിരിക്കാൻ, എല്ലാം കൃത്യതയോടെ പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ ഞാൻ നിന്റെ അരികിലിരുന്നു. പക്ഷേ നിന്റെ കൂർക്കംവലിച്ചുള്ള ഉറക്കത്തിൽ നീ ഒന്നും അറിഞ്ഞില്ല. എന്റെ സാനിദ്ധ്യം പോലും... കൃത്യസമയത്ത് തന്നെ കാർ പാർക്ക് ചെയ്ത് ഓഫീസിൽ എത്തി. എങ്കിലും ഞാൻ പ്രതീക്ഷിച്ചു ജോണിക്കുട്ടി ഒരു നിമിഷം നീ എന്നെ ഓർക്കുമെന്ന്.....ഒരു നന്ദി വാക്കെങ്കിലും പറയുമെന്ന് പക്ഷേ അതുണ്ടായില്ല...എന്തിനാ ണെന്നോ ജോണിക്കുട്ടി?

വാഹങ്ങൾ ചീറിപാഞ്ഞ് പോകുമ്പോൾ മില്ലിമീറ്ററിന് വാഹനങ്ങൾ വെട്ടിച്ച് മാറ്റുമ്പോൾ എതിരെ വരുന്ന വാഹനങ്ങൾ നിന്റെ വാഹനത്തിൽ തട്ടാതവണ്ണം സുരക്ഷിതമായി ലക്ഷ്യസ്ഥാനത്ത് എത്തിയത് നിന്റെ ഡ്രൈവിംഗ് മികവോ നിന്റെ വാഹനത്തിന്റെ ഗുണമോ കൊണ്ടല്ല നിന്റെ ആശ്രയം എന്ന് നീ പറഞ്ഞിരുന്ന ഞാൻ, നിന്റെ വാഹനത്തിലുണ്ടായിരുന്നു. ഭാവിയെക്കുറിച്ചുള്ള പ്ലാനിംഗിൽ മുഴുകിയിരുന്ന നിനക്ക് എന്റെ സാനിദ്ധ്യം അനുഭവിച്ചറിയാൻ കഴിഞ്ഞില്ല.

ഓഫീസിൽ എസി ഓൺ ചെയ്ത് റിവോൾവിങ് ചെയറിൽ ഉപവിഷ്ടനായി ജോലിയിൽ മുഴുകി. എങ്കിലും ഞാൻ പ്രതീക്ഷിച്ചു ജോണിക്കുട്ടി ഒരു നന്ദി വാക്കെങ്കിലും നീ പറയുമെന്ന്...പക്ഷേ അതുണ്ടായില്ല. എന്തിനാണെന്നോ ജോണിക്കുട്ടി ? ഒരു ജോലിയുമില്ലാതെ നീ അലഞ്ഞ നാളുകൾ നീ മറന്നു. വിസയ്ക്കുവേണ്ടി എല്ലാം പണയപ്പെടുത്തി കണ്ണുനീരോടെ കാത്തിരുന്ന നാളുകൾ, ഇൻക്രിമെന്റിന് വേണ്ടി ഉപവാസത്തോടെ നീ പ്രാർത്ഥിച്ച നാളുകൾ എല്ലാം നീ പ്രതീക്ഷിച്ചതിലും ശ്രേഷ്ട്ടമായ് നിനക്ക് ഞാൻ തന്നു. നിന്റെ തിരക്ക് നിറഞ്ഞ ജീവിതത്തിൽ എന്നെ ഓർക്കാനോ ഒരു നന്ദി വാക്ക് പറയാൻ പാലും നിനക്ക് സമയമില്ലാതെ പോയല്ലോ...കഷ്ട്ടം.

സമയം വൈകുന്നേരം 4 മണി. ഡ്യൂട്ടി കഴിഞ്ഞു. ഭവനത്തിലേക്ക് തിരിച്ചു. സുരക്ഷിതനായി ഭവനത്തിലെത്തി. ആസ്വദിച്ചൊരു ചായ കുടിച്ചു. വിശദമായ വായനയ്ക്കുവേണ്ടി വീണ്ടും ന്യൂസ്പേപ്പർ കൈയിലെടുത്തു. വായിച്ച് വായിച്ച് അവസാനം പ്രിൻറ്റഡ് അറ്റ് ബഹ്റൈൻ എന്ന് എഴുതിയതുവരെ വായിച്ചവസാനിപ്പിച്ച് ടീവി പ്രോഗ്രാമിലേക്ക് കുടിയേറി. റിമോട്ടിലൂടെ വിരലുകൾ അതിവേഗം ചലിച്ചുകൊണ്ടിരുന്നു. ടീവി കണ്ട് സമയം പോയതറിഞ്ഞില്ല. ഒരുകാലത്ത് ഭക്ഷണത്തിന് വകയില്ലെങ്കിലും കുടുംബ പ്രാർത്ഥന മുടങ്ങിയിട്ടില്ല. ഇന്ന് അതിനൊക്കെ ആർക്കാ സമയം? ആഴ്ചയിൽ 4 മണിക്കൂർ ചർച്ചിൽ പോകുന്നുണ്ടല്ലോ അതൊക്കെ തന്നെ ധാരാളം.


പെട്ടെന്ന് റോസമ്മയുടെ ശബ്ദം ജോണികുട്ടിയുടെ കാതുകളിലെത്തി ഡിന്നർ റെഡി. ഭാര്യയും കുഞ്ഞുങ്ങളുമായി ഭക്ഷണത്തിരുന്നു. മക്കൾക്കുള്ള സ്പെഷ്യൽ മീൽസ് വെളിയിൽനിന്ന് നേരത്തെ എത്തിയിരുന്നു. വീട്ടിൽ ഉണ്ടാക്കുന്നതൊന്നും അവർക്ക് വേണ്ടാ. ജോണികുട്ടിയ്ക്ക് പണത്തിന് ബുദ്ധിമുട്ടില്ലാത്തതുകൊണ്ട് നോ പ്രോബ്ലെം.

ഓരോരുത്തരുടേയും ഇഷ്ട്ടമനുസരിച്ചുള്ള ഫുഡ് പ്ലേറ്റിൽ നിറഞ്ഞു. എങ്കിലും ഞാൻ പ്രതീക്ഷിച്ചു ഒരു നന്ദി വാക്കെങ്കിലും പറയുമെന്ന്. എന്തിനെന്നോ ജോണിക്കുട്ടി? നീ വന്ന വഴിയൊന്ന് ഓർത്തുനോക്ക്....കുഞ്ഞുങ്ങൾക്ക് നല്ല ആഹാരം കൊടുക്കാൻ നിവൃത്തിയില്ലാതിരുന്ന നാളുകൾ...ഫീസ് കൊടുക്കാത്തതുകൊണ്ട് സ്കൂളിന്റെ വരാന്തയിൽ അറ്റെൻഡൻസ് കൊടുത്തിരുന്ന കാലം. ഇപ്പൊ അവസ്ഥകളെല്ലാം ഞാൻ മാറ്റിയപ്പോൾ നീ എല്ലാം മറന്നുപോയല്ലോ മോനേ... ഭക്ഷണം കഴിഞ്ഞപ്പോൾ ഉറക്കത്തിനുള്ള സമയമായി ഒരു കോട്ടുവായോടുകൂടി ജോണിക്കുട്ടി കട്ടിലിലേക്ക്. ജോണിക്കുട്ടി ഇതാ മലക്കുന്നു. അങ്ങനെ ജോണികുട്ടിയുടെ ജീവിതത്തിൽ ദൈവം സുരക്ഷിതമായി സൂക്ഷിച്ചതിന് നന്ദി പറയാത്ത ഒരു ദിവസം കൂടി അവസാനിക്കുന്നു.

എങ്കിലും ജോണിക്കുട്ടി നീ ഭയപ്പെടേണ്ടാ ഞാൻ നിന്നോട് കൂടെയുണ്ട്. നിന്റെ ശബ്ദം ഒന്ന് കേൾക്കാൻ ഒരു നന്ദി വാക്ക് കേൾക്കാൻ ഞാൻ പ്രതീക്ഷയോടെ ഇനിയും കാത്തിരിക്കും.....

# ഒരു സ്വപ്നസാക്ഷാത്കാരം

**ടീയെസ് കപ്പമാംമൂട്ടിൽ**
അരിസോണ, യു. എസ്. എ



*കഴിഞ്ഞ നാലര ദശാബ്ദങ്ങളായി ടീയെസ് കപ്പമാംമൂട്ടിൽ എന്ന തൂലികാ നാമത്തിൽ ഈടുറ്റ രചന കളിലൂടെ ക്രൈസ്തവ സാഹിത്യ രംഗത്ത് സജീവ സാന്നിദ്ധ്യമായ പാസ്റ്റർ തോമസ് സാമുവൽ. അടുത്തയിടെ പ്രസിദ്ധീകരിച്ചതും അനു വാചകരുടെ പ്രത്യേക ശ്രദ്ധ പിടിച്ചു പറ്റിയതുമായ 'വിശ്വസാഹിത്യത്തിലെ അന ശ്വരസംഗീത' മെന്ന തന്റെ വ്യാഖ്യാന ഗ്രന്ഥത്തിലേക്ക് വെളിച്ചം വീശുകയാണ് ലേഖകൻ...*

അവഗണിക്കുവാൻ കഴിയുന്ന ഒരു നിയോഗമായിരുന്നില്ലത്. കേവലം ആറു വാക്യങ്ങൾ മാത്രമുള്ള 23-ാം സങ്കീർത്തനത്തെ അടിസ്ഥാനമാക്കി ഒരു വാഖ്യാനഗ്രന്ഥം രചിക്കുവാനുള്ള ദൈവീക നിയോഗം തുറന്ന മനസ്സോടെയാണ് ഏറ്റെടുത്തത്. കാരണം സങ്കീർത്തനങ്ങളിൽ എന്നെ ഏറ്റവുമധികം സ്വാധീനിച്ചതും ഹൃദയം കവർന്നതുമായ കീർത്തനമാണിത്.

ഒന്നോ,രണ്ടോ വർഷങ്ങൾ കൊണ്ട് രചന പൂർത്തിയാക്കാമെന്ന വിശ്വാസത്തോടെയാണ് ഈ എബ്രായ കവിത പഠിക്കുവാനും ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ആശയങ്ങൾ ഗ്രഹിക്കുവാനുമുള്ള ശ്രമം ആരംഭിച്ചത്. ഈ രചനയിൽ അന്തർലീനമായിരിക്കുന്ന സത്ത കടഞ്ഞെടുക്കുവാനുള്ള ഉദ്യമങ്ങൾക്കിടയിൽ എന്നെ സ്തബ്ധനാക്കിയത് 23 -ാം സങ്കീർത്തനതിന്റെ നിലയില്ലാക്കയങ്ങൾ. ആഴങ്ങളിൽ അനുഭവപ്പെട്ടത് ആശയങ്ങളുടെ അടിയൊഴുക്കുകൾ. അവിടെ ദൃഷ്ടിപഥങ്ങളിൽ തെളിഞ്ഞു വന്നത് ആത്മീയ മർമ്മങ്ങളുടെ വിസ്മയ ദൃശ്യങ്ങൾ.

പരമാവധി രണ്ട് വർഷങ്ങൾക്കുള്ളിൽ പൂർത്തിയാക്കാമെന്ന് കരുതിയ ഗവേഷണങ്ങൾ ഒരു ദശാബ്ദത്തോളം ദീർഘിച്ചുവെങ്കിലും കഴിഞ്ഞ വർഷം ഡിസംബർ മാസത്തിൽ പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞത് ഈ സങ്കീർത്തനത്തിന്റെ ഒന്നും രണ്ടും വാക്യങ്ങളെ ആധാരമാക്കി രചിച്ച വ്യാഖ്യാന ഗ്രന്ഥം മാത്രമാണ്. മൂന്ന് മുതൽ ആറുവരെയുള്ള വാക്യങ്ങളെ അടിസ്ഥാനമാക്കി രചിച്ചുകൊണ്ടിരിക്കുന്ന 'നിഴലുകളുറങ്ങുന്ന മരണനിഴലിൻ താഴ്‌വര' എന്ന വാഖ്യാന ഗ്രന്ഥം (രണ്ടാം വാല്യം) പണിപ്പുരയിലാണ്.

മൂന്ന് ഭാഗമായിട്ടാണ്' വിശ്വസാഹിത്യത്തിലെ അനശ്വരസംഗീതം' (23-ാം സങ്കീർത്തന വ്യാഖ്യാനം ഒന്നാം വാല്യം) എന്ന ഗ്രന്ഥം വിഭജിച്ചിരിക്കുന്നത്.

'കാലങ്ങളെ അതിജീവിച്ച വിശ്വോത്തര കാവ്യ'മെന്ന ഒന്നാം ഭാഗത്തിലെ അഞ്ച് അദ്ധ്യായങ്ങൾ ഒരു കവിത എന്ന നിലയിൽ ഈ സങ്കീർത്തനത്തിനുള്ള മികവുകൾ മാറ്റുരച്ചു നോക്കുന്ന നിഷ്പക്ഷമായ പഠനങ്ങളാണ്. ഈ എബ്രായ കവിതയുടെ മൂല്യമളക്കുവാനും വിശ്വസാഹിത്യത്തിന്റെ മുൻനിരയിൽ തന്നെ ഈ കവിത എന്തുകൊണ്ട് സ്ഥാനമർഹിക്കുന്നു എന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്തുവാനും സഹായകരമായ ഗൗരവമേറിയ പഠനങ്ങൾ എന്തെങ്കിലും മലയാളത്തിലോ, ആംഗലേയ ഭാഷ ഉൾപ്പെടെയുള്ള ഇതരഭാഷകളിലോ നടന്നിട്ടുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടില്ല.

ക്രൈസ്തവ വിശ്വാസികളിൽ ബഹുഭൂരിപക്ഷവും ദൈവത്തെ അറിയുന്നത് പിതൃപുത്രപരിശുദ്ധാത്മാവാം ത്രിയേക ദൈവമായിട്ടാണ്. അതിനപ്പുറത്ത് ദൈവത്തെക്കുറിച്ച് അവരിൽ മിക്കവർക്കും എന്തെങ്കിലും അറിവുകളുണ്ടെന്ന് തോന്നുന്നില്ല.പരിശുദ്ധാത്മാവ് ദൈവത്തെക്കുറിച്ച് തിരുവചനത്തിൽ അണിനിരത്തിയിരിക്കുന്ന വസ്തുതകളും ശക്തമായ സൂചനകളും മനസ്സിരുത്തി വായിച്ചു പഠിച്ചാൽ, ലഭിക്കുന്ന അറിവുകളുടെ മുമ്പിൽ നാം അത്ഭുത സ്തബ്ധരായി നിന്നുപോകും.'ഇടയനായ യാഹാം ദൈവ'മെന്ന രണ്ടാം ഭാഗത്തിൽ തിരുവചനത്തിൽ നിന്നുമുള്ള തെളിവുകൾ എടുത്ത് കാട്ടി പഴയ നിയമത്തിലെ ക്രിസ്തു (Pre-incarnate Christ) വിനെ വെളിച്ചത്ത് കൊണ്ടുവരുവാൻ ശ്രമിച്ചിട്ടുണ്ട്.

മൂന്നാം ഭാഗമായ 'ഇടയനൊരുക്കുന്ന നന്മ'കളിൽ ചരിത്രവും ശാസ്ത്രവും തിരുവചന സത്യങ്ങളും സമഞ്ജസമായി സമ്മേളിക്കുന്ന ഹൃദയഹാരിയായ സജീവ ചിത്രങ്ങൾ അനുവാചകരെ ആവേശോജ്ജ്വലരാക്കുവാൻ പര്യാപ്തമാണെന്ന് കർത്താവിൽ പ്രത്യാശിക്കുന്നു.

വചന പ്രഘോഷകരായ ചിലർ വേദികളിൽ ഐതിഹ്യങ്ങളുടേയും കെട്ടുകഥകളുടേയും ഊഹാപോഹങ്ങളുടേയുംപിൻബലത്തിൽ ചിന്തകളും വാദമുഖങ്ങളും പടുത്തുയർത്തുന്ന ഹൃദയഭേദകമായ കാഴ്ചയ്ക്ക് നിസ്സഹായതയോടെ സാക്ഷ്യംവഹിക്കേണ്ട ഗതികേടുണ്ടായിട്ടുണ്ട്. ഇക്കാരണത്താൽ ശാസ്ത്രീയാപഗ്രഥനങ്ങളിലൂടെ ഈ എബ്രായ കവിതയുടെ ആത്മാവിനെ തൊട്ടറിയുവാൻ സഹായകരമായ ആഖ്യാന ശൈലിയാണ് രചനയിൽ അവലംബിച്ചിരിക്കുന്നത്.

ദീർഘമായ ഒരു ദശാബ്ദത്തോളം നീണ്ടുനിന്ന പഠനങ്ങളും ഗവേഷണങ്ങളും അതോടൊപ്പം നിരന്തരമായ പ്രാർത്ഥനയും വിശ്വസാഹിത്യത്തിലെ അനശ്വര സംഗീത'മെന്ന ഈ കൃതിയുടെ പിമ്പിലുണ്ട്. രചനയ്ക്കിടയിൽ കടന്നുപോയ ഒരു ദശാബ്ദമൊരു നഷ്ടമായിരുന്നില്ലെന്ന് ഇന്ന് ഞാൻ മനസ്സിലാക്കുന്നു. എറെ ആത്മീയജീവിതത്തിൽ ദൈവസാന്നിദ്ധ്യം ഏറ്റവും അടുത്തറിയുവാൻ കഴിഞ്ഞത് ഈ ഗ്രന്ഥം ഉൾക്കൊള്ളുന്ന ആശയങ്ങൾ മുഴങ്കാലുകളിൽ നിന്നുകൊണ്ട് ഉയരങ്ങളിൽ നിന്ന് പ്രാപിച്ച നിമിഷങ്ങളിലാണ്.

രാത്രിയുടെ യാമങ്ങളിൽ ലോകം മുഴുവൻ സുഖസുഷുപ്തിയിൽ ലയിച്ചിരിക്കുമ്പോൾ നിരവധി സന്ദർഭങ്ങളിൽ അദൃശ്യമായ സ്വർഗ്ഗീയ കരങ്ങളെന്നെ തട്ടിയെഴുന്നേൽപ്പിച്ചത് ഈ ഗ്രന്ഥ രചനയ്ക്കിടയിൽ എനിക്ക് ലഭിച്ച വേറിട്ടയനുഭവങ്ങൾ. തത്സമയങ്ങളിൽ ഉയരങ്ങളിൽ നിന്നുമെന്നെ ഭരമേല്പിച്ച നൂതനാശയങ്ങൾ അപ്പോൾ തന്നെ കുറിച്ചിടുവാൻചാടിയെണീറ്റ എത്രയെത്ര സന്ദർഭങ്ങൾ.


അത്രവേഗം മറക്കുവാൻ കഴിയുന്നതല്ല ഈ ഗ്രന്ഥ രചനയുടെ ആരംഭം മുതൽ അവസാനം വരെ എനിക്ക് പ്രചോദനമേകുന്നതിലും എന്നെ കർമ്മനിരതനാക്കുന്നതിലും നിർണ്ണായകമായ പങ്കുവഹിച്ച ഒരു പിടി ഓർമ്മകൾ.

രണ്ട് ദശാബ്ദങ്ങൾക്ക് മുമ്പ് നിത്യതയുടെ തീരങ്ങളിലേക്ക് യാത്രയായ എന്റെ പ്രിയ പിതാവ് പാസ്റ്റർ എം.ടി. സാമുവൽ. ജോലിയോടും ആത്മീയ ശുശ്രൂഷയോടുമുള്ള ബന്ധത്തിൽ മൂന്നര ദശാബ്ദങ്ങൾ ബഹ്റിനിൽ നിലകൊണ്ട ക്രിസ്തുവിന്റെ പോരാളി. സാമ്പത്തിക ബുദ്ധിമുട്ടുകൾ അനു ഭവിച്ചിരുന്ന സന്ദർഭങ്ങളിൽ പോലും ശമ്പളം ലഭിക്കുമ്പോൾ എല്ലാ മാസവും ഫാമിലി ബുക്ക് ഷോപ്പിൽ നിന്നും പ്രത്യേകം തിരഞ്ഞെടുത്ത ഒരു പിടി പുസ്തകങ്ങൾ പാഴ്സലായി നാട്ടിലേക്ക് അയച്ചുതരാൻ ഒരിക്കലും മറക്കാതിരുന്ന സ്നേഹസമ്പന്നനായ പിതാവ്. ബാല്യപ്രായത്തിൽ തന്നെ എന്റെ ഇളംമനസ്സിൽ ദൈവവചനത്തിന്റെ വിത്തുകൾ വിതയ്ക്കുകയും എന്റെ കൊച്ചുകരങ്ങൾ പിടിച്ച് വായനയുടെ വാതായനങ്ങളിലൂടെ അറിവുകളാൽ സമ്പുഷ്ടമായൊരു അത്ഭുത പ്രപഞ്ചത്തിലേക്ക് ആനയിക്കുകയും ചെയ്ത എന്റെ പ്രിയ പിതാവിന്റെ സ്നേഹവും, പ്രോത്സാഹനങ്ങളും, കരുതലുകളും അനു ഭവിച്ചറിയുവാൻ അവസരങ്ങൾ ലഭിച്ചില്ലായിരുന്നുവെങ്കിൽ ഒരു ഗ്രന്ഥകർത്താവെന്ന നിലയിൽ മലയാള ക്രൈസ്തവ സാഹിത്യ രംഗത്തേക്ക് ചുവടു വെയ്ക്കാൻ എനിക്കൊരിക്കലും കഴിയുമായിരുന്നില്ല.




Bouquet

## പ്രകാശം പരത്തുന്നവർ



അന്ധകാരം നിറഞ്ഞ ഭൂമിയിൽ മനുഷ്യന് പ്രകാശമായാണ് യേശു അവതരിച്ചത്. യേശു ലോകത്തോട് വിളിച്ചുപറഞ്ഞു 'I am the light of the world" അന്ധകാരത്തിൽ തപ്പിതടഞ്ഞ അനേകർ ആ വെളിച്ചം കണ്ടു. ആ വെളിച്ചം അവരെ സത്യത്തിലേക്കും നീതിയിലേയ്ക്കും വഴി നടത്തി. ആ വെളിച്ചത്തിൽ പ്രകാശമായിത്തീർന്നവർ അനേകർക്ക് വഴികാട്ടികളായി. അങ്ങനെ ആ പ്രകാശം അനേക ചെറുപ്രകാശങ്ങളായി മാറി. ഇങ്ങനെ ആ ദിവ്യപ്രകാശം അന്ധകാരത്തിൽ തപ്പിതടയുന്ന അനേകർക്ക് ദീപമാവുന്നു.

എന്നാൽ സത്യത്തിന്റെ വെളിച്ചം പകർന്നുകിട്ടിയ അനേകർ ഇന്നും തണ്ടിന്മേൽ ശോഭിക്കാൻ തയ്യാറാകാതെ മറഞ്ഞിരിക്കുന്നു. മറ്റുള്ളവർക്ക് പ്രകാശമാകേണ്ടവർ മറഞ്ഞിരുന്നാൽ ? മറ്റൊരുതരത്തിൽ പറഞ്ഞാൽ ഭൂമിയുടെ ഉപ്പാകേണ്ടിയവർ കാരമില്ലാതെ പോയാൽ?

ഉപ്പായി മാറാനും പ്രകാശമായിത്തീരാനും 'സ്വയം' ഇല്ലാതാവണം. ഇനി ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ.... അങ്ങനെയായി മാറണം. 'സ്വയം' ഇല്ലാതാവുന്നിടത്ത് മാത്രമേ ഉപ്പാവാൻ കഴിയൂ. 'ഞാൻ' ഇല്ലാതായാൽ മാത്രമേ പ്രകാശമാവാൻ കഴിയൂ. സ്വയം ഇല്ലാതായി തീരാൻ തയ്യാറുള്ളവരെ ലോകം പ്രതീക്ഷയോടെ കാത്തിരിക്കുന്നു. ശ്രീ. ചെറിയാൻ മാത്യൂസ് ഏറ്റെടുത്തിരിക്കുന്ന ഈ ദൗത്യം അനേകർക്ക് പ്രത്യാശയായി തീരട്ടെ. അന്ധകാരത്തിൽ ജ്വലിക്കുന്ന ദീപനാളമായി മാറാൻ അനേകർക്ക് പ്രചോദനമാവട്ടെ ഈ സംരംഭം എന്ന് ഹൃദയപൂർവ്വം ആഗ്രഹിക്കുന്നു. നമുക്ക് ഈ ലോകത്തിന് പ്രകാശമായി മാറാം... ഉപ്പായിത്തീരാം എന്ന പ്രത്യാശയോടെ !

സ്നേഹപൂർവ്വം

**ജോൺ തോമസ്**
ദോഹ, ഖത്തർ

# മിഡിൽ ഈസ്റ്റ് പെന്തെക്കോസ്റ്റൽ ചർച്ചിന്റെ (MEPC) ഭാരവാഹികൾ

മിഡിൽ ഈസ്റ്റ് പെന്തെക്കോസ്റ്റ് ചർച്ചിന്റെ(MEPC)2017-18 വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു. 2017 ജനുവരി മാസം 28-ാം തീയതി അസംബ്ലീസ് ഓഫ് ഗോഡ് ചർച്ചിൽ വെച്ച് കൂടിയ ജനറൽ ബോഡി മീറ്റിംഗിൽ വെച്ച് പ്രസിഡന്റ്:പാസ്റ്റർ ജെയ്സൺ കുഴിവിള (ഐപിസി ബഹറിൻ), വൈസ് പ്രസിഡന്റ്: പാസ്റ്റർ ലിജോ മാത്യു (ചർച്ച് ഓഫ് ഗോഡ്), ജനറൽ സെക്രട്ടറി: ബ്രദർ കെ.ജെ ജോൺസൺ (ഐപിസി ഹെബ്രോൺ), ജോയിന്റ് ജനറൽ സെക്രട്ടറി: ബ്രദർ തോമസ് സാമുവേൽ (ഷാരോൺ ഫെല്ലോഷിപ്പ്), ട്രഷറർ: ബ്രദർ ബാബു ഫിലിപ്പ് (ഐപിസി ഇമ്മാനുവേൽ, ( ജോയിന്റ് ട്രഷറർ: ബ്രദർ സന്തോഷ് തോമസ് (ഐപിസി ശാലോം) എന്നിവരേയും കമ്മിറ്റി മെമ്പേഴ്സായി ബ്രദർ ഡേവിസ് ജോൺ (എ.ജി. ചർച്ച്), ബ്രദർ ഷാജൻ മാത്യു (ഐപിസി ബഹറിൻ), ബ്രദർ പ്രസാദ് ജോയ് (ഐപിസി ബഹറിൻ), ബ്രദർ പ്രവീൺ ആന്റണി (ചർച്ച് ഓഫ് ഗോഡ്) എന്നിവരേയും തിരഞ്ഞെടുത്തു. ഇവരെ കൂടാതെ പാസ്റ്റർ കെ എം ജോർജ്ജ് (ഐപിസി ഹെബ്രോൺ), പാസ്റ്റർ മാത്തൻ സാമുവേൽ (ഐപിസി ശാലേം), പാസ്റ്റർ സൈമൺ ഫിലിപ്പ് (ഷാരോൺ ഫെല്ലോഷിപ്പ്), പാസ്റ്റർ തോമസ് കുര്യൻ (എ.ജി ചർച്ച്), പാസ്റ്റർ തോമസ് ചാക്കോ (ഇമ്മാനുവൽ ഐ.പി.സി.) എന്നിവരെ പെർമനന്റ് മെംബേഴ്സായും ബ്രദർ തോമസ് എബ്രഹാമിനെ (എജി ചർച്ച്) ഓഡിറ്ററായും തിരഞ്ഞെടുത്തു. ബ്രദർ ഡേവിസ് ജോണിനെ പ്രയർ കോഡിനേറ്റർ ആയും ബ്രദർ പ്രസാദ് ജോയിയെ വർഷിപ്പ് ലീഡറുമായി നിയോഗിച്ചു.


പാസ്റ്റർ ജെയ്സൺ കുഴിവിള


പാസ്റ്റർ ലിജോ മാത്യു


പാസ്റ്റർ കെ എം ജോർജ്ജ്


പാസ്റ്റർ തോമസ് കുര്യൻ


പാസ്റ്റർ സൈമൺ ഫിലിപ്പ്


പാസ്റ്റർ തോമസ് ചാക്കോ


ബ്രദർ കെ. ജെ. ജോൺസൻ


ബ്രദർ തോമസ് സാമുവേൽ


ബ്രദർ ബാബു ഫിലിപ്പ്


ബ്രദർ സന്തോഷ് തോമസ്


ബ്രദർ ഡേവിസ് ജോൺ


ബ്രദർ ഷാജൻ മാത്യു


ബ്രദർ പ്രവീൺ ആന്റണി


ബ്രദർ തോമസ് എബ്രഹാം


ബ്രദർ പ്രസാദ് ജോയി

# ആത്മാവിൽ ജീവിയ്ക്കാം

പാസ്റ്റർ കെ.ജി. ഡാനിയൽ

വിവിധ കാലഘട്ടങ്ങളിൽ ഭൂമിയിൽ ദൈവം തന്റെ പ്രവൃത്തി ചെയ്തെടുക്കുവാൻ പരിശുദ്ധാത്മാവിനെ തന്റെ ജനത്തിന്റെ മേൽ പകർന്നിട്ടുള്ളത് വിശുദ്ധ ബൈബിളിൽ നാം വായിക്കുന്നു.

നിഴൽപോലെ നിൽക്കുന്ന പഴയനിയമപുസ്തകത്തിൽ പരിശുദ്ധാത്മപ്രവൃത്തി ശക്തമായി നടക്കുന്നത് കാണുവാൻ സാധിക്കും എങ്കിലും യേശുവിന്റെ സ്വർഗ്ഗാരോഹണശേഷം പ്രാർത്ഥിച്ചുകൊണ്ടിരുന്ന ശിഷ്യന്മാരുടെമേൽ പരിശുദ്ധാത്മാവിനെ നൽകികൊണ്ട് പെന്തെക്കോസ്തുനാൾ ആരംഭിച്ച ആത്മപ്രവൃത്തി ഇന്നും ശക്തമായി തുടർന്നുകൊണ്ടേയിരിക്കുന്നു. ക്രിസ്തുവിന്റെ വരവോളം ആത്മാവിനെ പകരപ്പെടുവാൻ ഇന്നും ദൈവം അനേകരെ വിളിക്കുകയും തിരഞ്ഞെടുക്കുകയും വേർതിരിക്കുകയും ചെയ്തുകൊണ്ടേയിരിക്കുന്നു.

സെഖര്യാവ് എന്ന പ്രവാചകനിലൂടെ ദൈവം അരുളിചെയ്തത് "സൈന്യത്താലല്ല ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രേ" (സെഖ 4:6). യുദ്ധങ്ങൾക്കോ പണത്തിനോ അധികാരങ്ങൾക്കോ മാനുഷികമായ ഏതൊരു ശക്തിക്കോ ചെയ്യുവാൻ കഴിയാത്തതിനെ ചെയ്തെടുക്കുവാൻ ദൈവത്തിന്റെ ആത്മശക്തിയാൽ സാധ്യമത്രെ. പുതിയനിയമവും നമ്മോട് പറയുന്നത് ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്ന ദൈവം എന്നത്രെ (എഫെ.3:20).

യേശുക്രിസ്തു നിക്കോദിമോസിനോട് പറയുന്നത് " ജഡത്താൽ ജനിച്ചത് ജഡം ആകുന്നു; ആത്മാവിനാൽ ജനിച്ചത് ആത്മാവ് ആകുന്നു" (യോഹ.3:6). വെള്ളത്താലും ആത്മാവിനാലും ജനിക്കണം. അപ്രകാരമുള്ള വീണ്ടും ജനനം പ്രാപിക്കാത്തവർ സ്വർഗ്ഗരാജ്യം കാണുകയില്ല. യേശു ക്രിസ്തുവിലുള്ള വിശ്വാസത്താലും ഏറ്റു പറച്ചിലിനാലും ദൈവാത്മാവുമായുള്ള ആധികാരികമായ ബന്ധം സ്ഥാപിക്കപ്പെടുകയും ദൈവീക അധികാരത്താൽ നയിക്കപ്പെടുകയും ചെയ്യുന്നവരത്രെ ദൈവമക്കൾ.



ഒന്നാം മനുഷ്യനായ ആദാമിനെ സൃഷ്ടിച്ച് അവൻറെ ഉള്ളിൽ ആത്മാവിനെ പകർന്ന് ജീവനുള്ള ദേഹിയാക്കിയ ദൈവം ആദാമിനോട് കൽപ്പിച്ചത് നിങ്ങൾ സന്താനപുഷ്ടി ഉള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞ് "അതിനെ അടക്കി സമുദ്രത്തിലെ മത്സ്യത്തിന്മേലും ആകാശത്തിലെ പറവജാതിയിന്മേലും സകല ഭൂചരജന്തുവിന്മേലും വാഴുവീൻ". ആത്മീക മനുഷ്യനായ ആദമിൽ ദൈവം നിക്ഷേപിച്ച ആത്മീക അധികാരം സകലത്തിനേയും വാഴുവാൻ ഉള്ളതായിരുന്നു. എന്നാൽ സാത്താൻ ഹവ്വായെ ഉപായത്താൽ വശീകരിച്ച് പ്രലോഭനത്താൽ ദൈവകല്പനയെ ലംഘിപ്പിച്ചു. അനുസരണക്കേടിനാൽ ദൈവം കല്പിച്ചതുപോലെ ആത്മീകനിർജ്ജീവത്വം മനുഷ്യനിൽ നിന്നും ദൈവീക അധികാരത്തെ ചോർത്തി കളഞ്ഞില്ലേ ?. എന്നാൽ ആത്മാവാകുന്ന ദൈവത്തിൽ നിന്നും അകന്നുപോയ മനുഷ്യകുലത്തെ ആത്മീക പുത്രത്വത്തിലേക്കു മടക്കികൊണ്ടുവരുവാനുള്ള ദൈവീക പദ്ധതിയ്ക്കായി അയയ്ക്കപ്പെട്ടവനത്രെ ക്രിസ്തുയേശു. രക്തത്തിൽനിന്നും ജനിക്കാതെ ആത്മാവിനാൽ മറിയയിൽ ഭൂജാതനായി. പാപമില്ലാത്തവനായി സാത്താന്യപ്രലോഭനങ്ങളെ ജയിച്ചു ജഡത്തിൽ ഭൂമിയിൽ ജീവിക്കുകയും പാപത്തിൻറെ പരിഹാരകനായി പ്രായശ്ചിത്തബലിയായി മരണം അനുഭവിക്കുകയും മരണത്തേയും പാതാളത്തേയും ജയിച്ചു ഉയർത്തെഴുന്നേറ്റു സ്വർഗ്ഗത്തിൽ വസിക്കുകയും ചെയ്യുന്നവനത്രേ യേശുക്രിസ്തു.

അവനിൽ വിശ്വസിക്കുന്ന നമുക്കും ആത്മാവിനെ നൽകുവാൻ ക്രിസ്തുവിനെ ദൈവം പരസ്യമായി നിർത്തിയിരിക്കുന്നു.

> ദൈവകല്പനാ ലംഘനത്താൽ നിർജ്ജീവത്വത്തിൽ ആയിപോയ മനുഷ്യാത്മാവിനെ ദൈവാത്മാ സ്പർശനത്താൽ സജീവമാകുന്നതോടുകൂടെ ഒരു വ്യക്തിയിൽ ദൈവാത്മാവ് പ്രവൃത്തിക്കുവാൻ ആരംഭിക്കുകയായി.

ആ ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുവാൻ തക്കവണ്ണം ദൈവം ലോകത്തെ സ്നേഹിച്ചു (യോഹ.3:16). പാപമോചനത്തിനായി യേശുക്രിസ്തുവിൽ നിങ്ങൾ വിശ്വസിച്ച നിമിഷം മുതൽ ദൈവത്തിന്റെ ആത്മാവ് നിങ്ങളുടെ ആത്മാവിൽ വന്നിരിക്കുന്നു. ആത്മാവിനാൽ വീണ്ടും ജനനം പ്രാപിച്ച ഏതൊരു വ്യക്തിയും ആത്മാവിനാൽ നയിക്കപ്പെടുന്നവരായി മാറുവാനത്രേ ദൈവം ആഗ്രഹിക്കുന്നത്. ആത്മാവിനെ അനുസരിച്ച് നടക്കുവിൻ; എന്നാൽ നിങ്ങൾ ജഡത്തിന്റെ മോഹം നിവർത്തിക്കുകയില്ല എന്ന് പൗലോസ് അപ്പോസ്തോലൻ ഗലാത്യ സഭയോട് പറയുന്നത് ഇന്ന് ദൈവാത്മാവ് നമ്മോടും പറയുന്നില്ലേ ? അപ്രകാരം ആത്മാവിനാൽ നയിക്കപ്പെടുന്ന അനുഭവം നിങ്ങളുടെ ജീവിതത്തിൽ പ്രാപിയ്ക്കുവാൻ ഇടയായാൽ അത് നിങ്ങളെ അമാനുഷികമായ ആത്മീക നിലവാരത്തിലേക്ക് ഉയർത്തുമെന്ന് വിശ്വസിക്കാമോ ?

ക്രിസ്തുയേശു ഉയർത്തെഴുന്നേറ്റ് 40 നാൾ ശിഷ്യന്മാരോടുകൂടെ ആയിരുന്നപ്പോൾ അവരോട് പറഞ്ഞത് ആത്മാവിനെ പ്രാപിയ്ക്കുവാനും, ശക്തിയെ പ്രാപിക്കുവാനും, ശക്തി ലഭിച്ചിട്ട് യെരുശലേമിലും, യെഹൂദ്യയിലും, ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും തന്റെ സാക്ഷികളാകുവാനത്രേ (അപ്പൊ. പ്രവൃ.1:4-8 ). ദൈവരാജ്യം ഭൂമിയിൽ സ്ഥാപിക്കപ്പെടുവാൻ ആത്മശക്തി പ്രാപിച്ച മനുഷ്യനെയാണ് ദൈവത്തിന് ആവിശ്യം എന്നറിയാമോ? ദൈവരാജ്യം വചനത്തിലല്ല, ശക്തിയിലത്രേ എന്ന് ബൈബിളിൽ നാം വായിയ്ക്കുന്നില്ലേ ? (1 കൊരി.4:20).

യേശു പറഞ്ഞു "വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും;എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും; പുതുഭാഷകളിൽ സംസാരിക്കും; സർപ്പങ്ങളെ പിടിച്ചെടുക്കും; മരണകരമായ യാതൊന്നു കുടിച്ചാലും അവർക്ക് ഹാനി വരികയില്ല; രോഗികളുടെമേൽ കൈവെച്ചാൽ അവർക്ക് സൗഖ്യം വരും" (മർ.16:17,18).

Tip Off...

## Advice from Sunday School Uncle



# Sojourners...

*Dear Children,*

*William Shakespeare in his drama "As you like it" described world as a stage. He compared the world to a stage and life to a play that catalogues the seven stages of man's life. "All the world's stage and all the men and women merely players, they have their exits and entrances". He started with a character of an infant and ended with second childishness. All human beings are merely actors for a short span.*

*Whereas Bible teaches us that we are on this earth for a short while. Sojourners (guests) don't get attached to the country they are passing through. David told the people of his kingdom "for we are strangers before God and sojourners, as were all our fathers: our days on the earth are as a shadow, and there is none abiding" (1st Chronicle 29:15)He was a king over many people and yet he decided to be a guest in the earth. Jacob spoke about it as "my days of pilgrimage". The Apostle Peter referred to believers as strangers and pilgrims. The heroes of faith in Hebrews chapter eleven, by their life style declared that they were strangers and sojourners on this earth.*

*Most of us don't view ourselves as sojourners and thus heaven is not our prime focus, instead we worry about how do I face my exam? Will the exam result help my further studies? What will help me to overcome personal problems? I strongly suggest you all to cement in your heart, the central motive of the Christian life thatis the love of God shown to us on the cross. This should motivate you to endure any hardship for the few years you are on this earth.*

*For one thing, when you visit your friend or a relative to stay with them for few days, you don't worry about your breakfast or dinner, shelter etc.;it is the duty of the host to take care of everything during your stay. Same way, God has given us the promise that He will fulfil all of our needs in this earthly life. Hence your thought should be "I am here for a short period". When the ravens stopped bringing bread for Elijah, God arranged a widow to provide food for him. After a while, God provided special food through His angel when he was afraid of Jezebel. Ravens-widow-angel – the great amazing caring hand of God to the sojourner, Elijah and then he was taken up to heaven in chariots of fire.*

*Let us sing together*
*"I am a Christian and my name is pilgrim*
*I am on a journey but I am not alone*
*Jesus is with me and he goes before me----*
*And He is leading me Home…*
*Here's where your road begins, don't stop don't settle in-----*
*Head high keep your eyes above*
*Don't think of giving up*
*He brought you this far He won't stop now*
*Walk o-on walk o-on"*

HH Studio



സങ്കീർത്തനം 119 ഒരു തെറ്റും കൂടാതെ പറഞ്ഞ Stanly John Varghese -ന് IPC Hebron PYPA-യുടെ വകയായി PASTOR K.M. George പാരിതോഷികം നൽകുന്നു. PYPA President Br. Vinod Iype സമീപം

HH Rhythm



**Emlyn James**

## STAY CONNECTED

*There was a time when we used to marvel at God's creation*
*But now we seem to be starting down at some crazy invention.*
*Bible says "each one should carry his own load"*
*So now each one carries his own "I Phone"*
*Our forefathers used to look up and pray to God*
*Well we look up, for WI-FI signals.*
*We buy now covers so that our screen don't get scratched*
*But we don't even care when our Bible has been smashed.*
*"Pray without ceasing " has become "Post without thinking"*
*"Give thanks in all circumstances"*
*Is actually*
*"Give 'status update' in all circumstances".*
*We comment and we like, we post and we share*
*While we push away Jesus and all of his care.*
*We strive so hard to stay connected to our friends.*
*But very few are going to be there when our time ends.*
*So turn away from your phone, forget the display*
*We've got a very short life, live it in God's away.*
*Don't waste your life getting caught in the net*
*'Cause when the Lord comes nothing is worse than regret.*
*Let's leave distractions behind, and serve the Lord in fear*
*Follow our Father's instructions, for the end is near*
Like *if you agree* share *if you believe*




COMMAND

**കൊലൊസ്സ്യർ 3:17**

വാക്കിനാലോ, ക്രിയയാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തും അവൻ മുഖാന്തരം പിതാവായ ദൈവത്തിന്നു സ്തോത്രം പറഞ്ഞുംകൊണ്ടിരിപ്പിൻ.

PROMISE

**1 കൊരിന്ത്യർ 10:13**

മനുഷ്യർക്കു നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്കു നേരിട്ടിട്ടില്ല; ദൈവം വിശ്വസ്തൻ; നിങ്ങൾക്കു കഴിയുന്നതിന്നു മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്കു സഹിപ്പാൻ കഴിയേണ്ടതിന്നു പരീക്ഷയോടു കൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും.

# അവർ ആഗ്രഹിച്ച തുറമുഖത്ത് അവൻ അവരെ എത്തിച്ചു

പാസ്റ്റർ ലിജോ മാത്യു



ദൈവീക നിർദ്ദേശങ്ങൾക്കും ആലോചനകൾക്കും ചെവികൊടുക്കാതെ യിസ്രായേൽ ജനം ഏറ്റവും ഭീകരമായ അവസ്ഥയിലൂടെ കടന്നു പോകേണ്ടിവന്നു.

സങ്കീ.107:23 മുതൽ 32 വരെയുള്ള വാക്യങ്ങളിൽ കൊടുംകാറ്റിൽ അകപ്പെട്ട കപ്പൽപോലെ ദൈവജനത്തിന്റെ അവസ്ഥ ആയിത്തീർന്നതായി കാണുന്നു. കപ്പൽ കയറി സമുദ്രത്തിൽ ഓടിയവർ, പേരുവെള്ളങ്ങളിൽ വ്യാപാരം ചെയ്യുവർ ദൈവത്തിന്റെ കൽപ്പന അനുസരിയ്ക്കാകയാൽ വളരെ കഷ്ട്ടപെട്ടു. ദൈവത്തിന്റെ പ്രവൃത്തികളെയും അത്ഭുതങ്ങളെയും കണ്ട ദൈവജനം ദൈവത്തിൽ നിന്ന് അകന്നു പിന്മാറിയപ്പോൾ അവരുടെ ജീവിതത്തിൽ വലിയ കൊടുങ്കാറ്റിന്റേയും തിരമാലയുടേയും അനുഭവം ഉണ്ടായി.

ആ സാഹചര്യങ്ങളിൽ തങ്ങൾ ആശ്രയിച്ചതായ അവരുടെ ബുദ്ധിയും കഴിവും അവരെ കൈവിട്ടു. ജീവിക്കുന്ന ഒരു ദൈവത്തിന് മാത്രമേ തങ്ങളെ രക്ഷിപ്പാൻ കഴിയുകയുള്ളൂ എന്ന സത്യം മനസ്സിലാക്കി അവർ തങ്ങളുടെ കഷ്ടതയിൽ ദൈവത്തോട് നിലവിളിച്ചു. നമ്മുടെ ദൈവം കരുണാസമ്പന്നനായ ദൈവമാണ്. അവന്റെ കോപം ക്ഷണനേരം മാത്രമേയുള്ളൂ. എങ്കിലും അവന്റെ പ്രസാദം എന്നേക്കും നിലനിൽക്കുന്നതാണ്.

അതുകൊണ്ടാണ് പാപത്തിൽ വീണുപോയ മാനവജാതിയെ രക്ഷിപ്പാൻ തൻറെ ഏകജാതനായ പുത്രനെ ലോകത്തിലേക്ക് അയച്ചത്. യേശു പാപികളെ സ്നേഹിക്കുന്നു, പാപത്തെ വെറുക്കുന്നു. സകല മാനവജാതിയുടേയും പാപത്തിന്റെ പരിഹാരത്തിനായി യേശു കാൽവറിയിൽയാഗമായി മാറി. പാപത്തിന്റെ കുഴഞ്ഞ നാശകരമായ ചേറ്റിലേക്ക് അവൻ പാപികളെ തേടിവന്നു. മാത്രവുമല്ല നാം അനുഗ്രഹം പ്രാപിപ്പാൻ അവൻ നമുക്കുവണ്ടി ശാപമായിത്തീർന്നു. നമ്മെ നിത്യ മരണത്തിൽ നിന്ന് വീണ്ടെടുത്ത് നിത്യജീവന്റെ അവകാശിയാക്കി തീർത്തു. ആ കർത്താവ് ഇന്നും പ്രവൃത്തിച്ചുകൊണ്ടിരിക്കുന്നു. ആരാണോ ഈ ക്രിസ്തുവിനെ വിശ്വസിക്കുന്നത് അവർക്ക് നിത്യജീവൻ ലഭിക്കുവാൻ ഇടയായി തീരും.

ആയതിനാൽ ഏത് കഷ്ടതയുടെ നടുവിലും പ്രയാസത്തിന്റെ വേളകളിലും മനസ്സ് തകർന്നിരിക്കുന്ന അവസ്ഥകളിലും ആരും സഹായിയ്ക്കാൻ ഇല്ലാത്ത സാഹചര്യങ്ങളിലും നാം യേശുവിനോട് നിലവിളിച്ചാൽ അവൻ തീർച്ചയായും നമുക്കുവേണ്ടി പ്രവൃത്തിക്കുന്നവനാണ്. മാത്രവുമല്ല നമ്മുടെ ഏത് വിഷയങ്ങളും



ഹൃദയം തുറന്ന് സംസാരിക്കുവാൻ കർത്താവിനോട് മാത്രമേ കഴിയുകയുള്ളൂ. അങ്ങനെ ആത്മാർത്ഥതയോടും ആവിശ്യബോധത്തോടും നാം നിലവിളിക്കുമ്പോൾ നമ്മുടെ അരികിലേക്ക് ഓടിവരുന്ന നമ്മുടെ കർത്താവിനോട് നമുക്ക് ധൈര്യത്തോടെ സംസാരിക്കാം.

കഷ്ടതയിലും പ്രയാസത്തിലും ഞെരുക്കത്തിലുമായിരുന്ന ദൈവജനത്തിന്റെ നിലവിളി കേട്ട് അവരുടെ ജീവന്റെ ഭീക്ഷണിയായി അവരെ നശിപ്പിക്കുവാൻ ഉയർന്നു വരുന്ന തിരമാലകളുടേയും കൊടുംകാറ്റിന്റേയും മുകളിലൂടെ യേശു കടന്നു വന്ന് നമുക്ക് ലഭിക്കുവാൻ സാദ്ധ്യതയില്ല എന്ന് കരുതിയ ശാന്തത തരും. യേശു നമ്മുടെ ഉള്ളിലേക്ക് വരുമ്പോൾ നമുക്ക് എതിരെ ഉയർന്ന് വരുന്ന കൊടുംകാറ്റുകൾ ശാന്തമാവുകയും തിരമാലകൾ അടങ്ങുകയും ചെയ്യും കാരണം അവൻ സർവ്വസൃഷ്ട്ടിയുടേയും സൃഷ്ട്ടാവ് ആണ് മാത്രവുമല്ല അതെ സാഗരത്തിലൂടെ നമ്മെ മുമ്പോട്ട് നയിച്ച് നാം ആഗ്രഹിക്കുന്ന തുറമുഖത്ത് അവൻ എത്തിക്കും.

പ്രതികൂലത്തിന്റേയും പ്രയാസത്തിന്റേയും സാമ്പത്തിക ഞെരുക്കങ്ങളുടേയും കടഭാരത്തിന്റേയും രോഗത്തിന്റേയും ദുഖത്തിന്റേയും നാട്ടുവിൽ ഒരു പ്രത്യാശയും ഇല്ലാതെ ജീവിക്കുന്നവർ ഈ നല്ല കർത്താവിനെ വിളിച്ചാൽ കർത്താവ് നമ്മെ പ്രത്യാശയുടെ തുറമുഖത്ത് എത്തിക്കുവാൻ ഇടയാകും. ആ പ്രത്യാശയുടെ തുറമുഖമാണ് നമ്മുടെ ക്രിസ്തു.

ഈ പ്രത്യാശയുടെ തുറമുഖമായ ക്രിസ്തുവിനെ അനേകായിരങ്ങളിലേക്ക് എത്തിക്കുവാൻ ഈ വാർത്താപത്രിക മുഖാന്തിരം ദൈവം ഇടയാകട്ടെ എന്ന് ആശംസിക്കുന്നു. കൂടാതെ ചർച്ച് ഓഫ് ഗോഡ് ഫുൾ ഗോസ്പൽ പ്രയർ ഫെല്ലോഷിപ്പിന്റെ പേരിലുള്ള ആശംസകളും അറിയിയ്ക്കുന്നു. ദൈവം നമ്മെ ധാരാളം അനുഗ്രഹിക്കുമാറാകട്ടെ.

# Trusting God When We Don't Understand

Sis.May Manoj



Many times in life we go through experiences that seem bitter to us. But in God's eyes, those are the very moments, He is making things better. The Bible says , " In everything God works forthe good of those who love Him, who are called according to His purpose". We might not understand the process or be able to fully comprehend what God is upto. But the best thing we can choose to do is to trust God even when we don't understand, even when we don't see the end from the beginning. We need to have full confidence in what God is doing in our lives.

God never makes mistakes and He knows exactly what He's doing.Trust God, His will, His timing, His ways, His plans and processes.God takes care of even the tiny details of our lives, that eveeryone else fails to see. He knows us completely and His plans and ways are always the best for us.As William Cooper says in his hymn:

*'God moves in a mysterious way His wonders to perform*
*He plans His footsteps in the sea and rides upon the storm.*

*Ye fearful saints fresh courage take,*
*The clouds ye so much dread are big with mercy*
*And shall break in blessings on your head*

*Blind unbelief is sure to err and scan His work in vain,*
*God is His own interpreter and He will make it plain.'*

God has a purpose in our adversities,storms,heartaches, humiliations,delays, losses and all the things that make us ask why. One day, we'll see and understand God's purpose behind that path He chose specifically for us.When we don't understand whats happening, in our most difficult moments, we can cry out to God. We can pray,

***"God, I don't understand all the things that are happening in my life, right now. I don't know why all the things are happening. But, I choose to trust in you, to have full cofidence and faith in what you're doing in my life."***

God wants us to walk by faith even when we don't understand His plans.

Let's think of when God spoke to Abraham to leave his people ,to go to the land that God would show him.Abraham didn't understand or see God's plan, but he chose to walk by faith even when He couldn't fully comprehend what God was upto, in his life. Faith is, trusting God, even when we don't understand His plan for our lives.Joseph while being betrayed by his brothers, while being taken away from his dear father to a foreign and kept in jail, didn't understand what God was doing. Moses, while fleeing from Pharaoh to Midian and tending the sheep didn't know that God would use him to deliver Israel. David while caring for sheep didn't know that oneday would become become King of Israel.

So, let's remember to trust God at times we don't understand what He is doing. God has a purpose for your pain, a reason for your struggle and reward for your faithfulness. Don't give up!Trust God completely!

# Jesus Christ, the beacon of our hope

Pastor Wilson Cherian
Bangalore



What's hope? How's it defined? How was it realized in the Greco- Roman world and what's the new concept of 'hope' in the Gospel context? Hope denotes expectations of good times and things in the future. In general, people hope to do well or be better in every aspect of life that includes health, career and family. However, as one who follows Christ, our ultimate hope is not confined to the material world but the Kingdom of God. Therefore, we read seek ye first the Kingdom of God and all these things shall be added unto you (Matthew 6:33). In this article, we will confine to the understanding of hope in the Greco-Roman world and the gospels.

### *Hope in the Greco-Roman world*

Hope in the Greek Philosophies and in the Roman Empire did not address the aspiration of the people adequately. Rather they led to the deep desire to look forward for a lasting hope.

In the Greek understanding, hope- elpis- denotes anticipation of the future for good or bad. Hope is good for the wise people who base their expectation on scientific evaluations but for others it can turn to be deluding. Thus in the Greek context, hope is the blessing of only the wise and intelligent and an unattainable vision for the common people. The Greek philosophies are complex in effect that they include various strands together. On one hand, Plato extends hope beyond the present life, so that one need not fear death. On the other hand, Stoics undermine the concept of hope stating it as subjective projection of the future. The Greek philosophers thus attempt to eradicate fear of death either by offering life beyond death or by maintaining death as end in itself like the Epicurean philosophy. From religious perspective, Greco-Roman deities like Zeus, assure hope in the earthly perspective. Augustus the first Roman emperor is lauded for fulfilling old hopes and igniting new hopes. Augustus is known for bringing peace in the Roman republic. Augustus fought against all fighting factions within Roman republic, shed blood, killed and subdued them. Therefore, the Roman republic gifted him the title of emperor. Thereafter, Roman republic became Roman Empire (BC 31). The Roman Empire continued to have the attitude to dominate, exploit and subdue others including Palestine. The enthronement of Herod the Great as a vassal king of Roman Empire, appointment of Governor Pilate in Judea, and the tax system evidences the control of Roman Empire over Palestine and their exploitation. It's into the midst of this oppressed Jewish people, waiting to be liberated from an oppressive regime waiting for a Messiah, that Jesus appeared on earth proclaiming hope (Matthew 1:21). The name Jesus means one who would save his people. In the Gospel of Matthew, people expected deliverance from the bondage of Romans, and the Jewish leaders who aligned with the Roman Empire in their exploitation.

*....(To be continued in the next issue)*

# ദൈവം എന്നെ മറക്കുമാറാക്കി
## (ഉൽപ്പ. 41.51)

സ്റ്റീഫൻ ജോൺ
(റിയാദ്, സൗദി അറേബ്യ)



എന്റെ സകല കഷ്ടതയും എന്റെ പിതൃഭവനം ഒക്കേയും ദൈവം എന്നെ മറക്കുമാറാക്കി എന്ന് പറഞ്ഞു യോസേഫ് തന്റെ ആദ്യജാതന്നു മനശ്ശെ എന്ന് പേരിട്ടു.

ജീവിത യാത്രയിൽ നാം അഭിമുഖീകരിക്കുന്ന കഷ്ടതകളും വേദനകളും മറന്ന് മുന്നോട്ട് പോകണമെന്ന് ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നുവെന്ന് യോസേഫിന്റെ ജീവിതം നമ്മെ ഉപദേശിക്കുന്നു.

സത്യവേദപുസ്തകത്തിൽ ഉന്നതസ്ഥാനങ്ങളിലേക്ക് ഉയർത്തപ്പെട്ടവരെല്ലാം ശ്രേഷ്ടസ്വഭാവത്തിന്റെ ഉടമകൾ ആയിരുന്നു. ആവിശ്യം ഇല്ലാത്തത് ജീവിത യാത്രയിൽ ഭാരം ഉളവാക്കുന്നതെല്ലാം മറക്കുവാൻ വിശേഷമായ കൃപ ലഭിച്ച വ്യക്തിയായിരുന്നു യോസേഫ്.

യഹോവ വർദ്ധിപ്പിക്കട്ടെ എന്ന് അർത്ഥമുള്ള യോസേഫ്, സ്വന്തസഹോദരന്മാർക്ക് സ്വപ്നക്കാരനും യിശ്മായേല്യ കച്ചവടക്കാർക്ക് 20 വെള്ളിക്കാശിന് മാത്രം വിലയുള്ളവനും പോത്തിഫറിന്റെ ഭവനത്തിൽ അടിമയും കാരാഗൃഹത്തിൽ കുറ്റവാളിയും ആയിരുന്നെങ്കിലും യഹോവ വർദ്ധിപ്പിക്കുവാൻ ആരംഭിച്ചപ്പോൾ രാജ്യത്തിലെ രണ്ടാമനായി ഉയർന്നു.

അടിമയിൽ നിന്ന് അത്യുന്നത പദവിയിൽ എത്തിയ യോസഫ് ജീവിതത്തിന്റെ ഇന്നലകളിൽ ജീവിക്കുവാൻ ആഗ്രഹിച്ചില്ല. മിസ്രയീം ദേശത്തിന് അധിപതി ആയിട്ടും പകരം വീട്ടുവാൻ സകല സാഹചര്യങ്ങൾ ഒത്തുവന്നപ്പോഴും തന്റെ സഹോദരന്മാർ തന്നോട് ചെയ്ത സകല അനീതികളും മറന്ന് പൂർവ്വകാല വൈരാഗ്യങ്ങൾ ക്ഷമിച്ച് ഹൃദയ വിശാലതയോടെ അവരോട് ഇടപ്പെട്ടു.

പ്രതികാരം ചെയ്വാൻ അവസരം കിട്ടിയപ്പോഴും എല്ലാം മറന്ന് കരയേണ്ടതിന് ബദ്ധപ്പെട്ടു സ്ഥലം അന്വേഷിച്ച് അറയിൽ കയറി മനസുരുകി കരയുന്ന യോസഫ് പറയുന്നത് നിങ്ങൾ അല്ല ദൈവം അത്രേ എന്നെ ഇവിടെ അയച്ചത്(ഉല്പ.45.8).

പ്രിയരേ, ദൈവീക നന്മകളും വാഗ്ദത്തങ്ങളും നമ്മെക്കുറിച്ച് നിരവധി ആണെങ്കിലും പ്രാപിച്ചെടുക്കുവാൻ കഴിയാത്തത് മറക്കേണ്ടത് ഓർത്ത് വെയ്ക്കുകയും ഓർക്കേണ്ടത് മറന്നു പോകുന്നതും കൊണ്ടാണ്. ദൈവം അനുഗ്രഹങ്ങൾ തരുമ്പോൾ ഇന്നലകളിൽ മറ്റുള്ളവർ അറിഞ്ഞും അറിയാതേയും നമ്മോട് ചെയ്തിട്ടുള്ള തിന്മകൾ മറക്കുവാൻ നാം തയ്യാറാകണം. ജീവിത യാത്രയിൽ ആരെല്ലാം തനിക്ക് പ്രതികൂലമായിരുന്നോ അതെല്ലാം യോസഫ് മറന്നു. മറ്റുള്ളവർ ചെയ്തത് മറക്കുക മാത്രമല്ല പിതൃഭവനത്തെ ഓർത്ത്, ആവിശ്യമായ ധാന്യങ്ങളും മറ്റ് ആവശ്യസാധനങ്ങളും കൊടുത്തു വിടുന്നതിനൊപ്പം പിതാവിനെ കൂട്ടികൊണ്ട് വരാനുള്ള രാജരഥങ്ങളേയും അയയ്ക്കുന്നു.

ദൈവം ദേശത്ത് മാനിക്കുമ്പോൾ ഇന്നലകളിൽ പ്രതികൂലമായി നിന്ന വ്യക്തികൾ,സംഭവങ്ങൾ ദൈവഹിതപ്രകാരം ആയിരുന്നുവെന്ന് മനസ്സിലാക്കി മറക്കേണ്ടത് മറന്ന് പരമവിളിയുടെ ലാക്കിലേയ്ക്ക് നമുക്ക് മുന്നേറാം.

# സാക്ഷികൾ

എബ്രഹാം വർഗീസ് (ഖത്തർ)



നാം ദൃക്സാക്ഷി ആയ ഒരു സംഭവം, അല്ലെങ്കിൽ നാം അനുഭവിച്ച ഒരു കാര്യം മറ്റുള്ളവരെ പറഞ്ഞു ബോദ്ധ്യപ്പെടുത്തുന്നതാണ് സാക്ഷികൾ ആകുക എന്നത് കൊണ്ട് വിവക്ഷിക്കുന്നത്. കോടതികളിൽ കേസുകൾ തീർപ്പാക്കുന്നത് സാക്ഷി മൊഴികളെ അടിസ്ഥാനമാക്കിയാണ്. സാക്ഷികളുടെ അഭാവം പല കേസുകളും തെളിയക്കപ്പെടാതെ പോകുന്നു. സാക്ഷി പറയാനുള്ള വിമുഖത അല്ലെങ്കിൽ സാക്ഷി പറയാനുള്ള ബുദ്ധിമുട്ടാണിതിന് കാരണം.

ഇപ്രകാരം തന്നെയാണ് ക്രിസ്തീയ ഗോളത്തിലും സംഭവിച്ചുകൊണ്ടിരിക്കുന്നത്. നാം ക്രിസ്തുവിൽ സാക്ഷികളാകത്തതിനാൽ അനേകർ നശിച്ചുപോകുന്നു. യേശു സ്വർഗ്ഗാരോഹണത്തിന് മുമ്പ് അവസാനമായി ശിഷ്യന്മാരോട് കല്പിച്ചത് ലോകമെമ്പാടും പോയി സാക്ഷികൾ ആകുവാനാണ്(അപ്പൊ. പ്രവ.1.8). മത്താ.28.19,20 ലെ മഹാനിയോഗവുമായി നാം കൂട്ടി വായിയ്ക്കുമ്പോൾ ക്രിസ്തീയ ജീവിതം ഒരു സാക്ഷ്യ ജീവിതമാണെന്ന് കാണാം.

നമ്മുടെ പൊതുവെ ഉള്ള ചിന്താഗതി സുവിശേഷ പ്രവർത്തനം പാസ്റ്റർമാർക്കോ അല്ലെങ്കിൽ അതിനായി ദൈവം പ്രത്യേകം തിരഞ്ഞെടുത്തവർക്കോ മാത്രമുള്ളതാണ് എന്നാണ്. അവരെ ദൈവം ഒരു പ്രത്യേക ശുശ്രൂഷയ്ക്കായി തിരഞ്ഞെടുത്തു എന്നത് വാസ്തവം തന്നെയാണ്. എന്നാൽ സാക്ഷികളാകുക എന്നത് യേശു എല്ലാവരോടും കല്പിച്ചിട്ടുള്ളതാണ്. പൗലോസ് പറയുന്നത് സുവിശേഷം അറിയിച്ചില്ലാ എങ്കിൽ എനിക്ക് അയ്യോ കഷ്ടം എന്നാണ്.

വിശ്വാസം കേൾവിയാലും കേൾവി ദൈവത്തിന്റെ വചനത്താലും വരുന്നു. അവർ വിശ്വസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിയ്ക്കും, അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും(റോമ.10.14). നാം സുവിശേഷം അറിയിക്കുന്നില്ലായെങ്കിൽ എങ്ങനെ അവിശ്വാസി ദൈവത്തെ അറിയും.

> *എന്നാൽ സാക്ഷികളാകുക എന്നത് യേശു എല്ലാവരോടും കല്പിച്ചിട്ടുള്ളതാണ്.*

സുവിശേഷം സംബന്ധിച്ച് നമുക്ക് വലിയ ഉത്തരവാദിത്വമുണ്ട്. ദുഷ്ടനെ അവന്റെ ദുഷ്ടതയെക്കുറിച്ച് ഓർമ്മപ്പെടുത്താൻ ദൈവം നമ്മോട് പറഞ്ഞാൽ നാം അപ്രകാരം ചെയ്യാതിരുന്നാൽ അതിന്റെ കുറ്റം നമ്മുടെമേൽ വരും(യെഹ.33.9). യെശ.58.1 ൽ ഉറക്കെ നിലവിളക്ക കാഹളംപോലെ നിന്റെ ശബ്ദം ഉയർത്തി ജനത്തിന്റെ ലംഘനത്തേയും പാപത്തേയും അറിയിയ്ക്കുക എന്ന് കാണുന്നു. യേശു തന്റെ ഗിരിപ്രഭാഷണത്തിൽ നമ്മെ ഭൂമിയുടെ ഉപ്പാണെന്ന് പറഞ്ഞിരിക്കുന്നു. ഉപ്പ് രുചി വരുത്താനുള്ളതാണ്. ഉപ്പ് രുചി വരുത്തുന്നുല്ലായെങ്കിൽ പുറത്ത് കളയാൻ മാത്രമേ ഉതകൂ.

അതുപോലെ നമ്മെ ലോകത്തിന്റെ വെളിച്ചമാക്കി വെച്ചിരിക്കുന്നു. വിളക്ക് തണ്ടിന്മേൽ വെക്കുമ്പോളാണ് എല്ലാവർക്കും കാണും വണ്ണും പ്രകാശിക്കുക. അപ്രകാരം മനുഷ്യൻ ദൈവത്തെ മഹത്വപ്പെടുത്തേണ്ടതിന് നമ്മുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കണം.

ഇത് സദ്വർത്തമാന ദിവസം, നാമോ പുലരും വരെ മിണ്ടാതിരുന്നാൽ നമുക്ക് കുറ്റം വരും(2രാജാ.7.9).

*......(തുടരും)*

# രക്ഷ എന്ന ദാനം

പാസ്റ്റർ സി.എം. ചെറിയാൻ
(കോന്നി)

“രക്ഷ എന്നത് സിംഹാസനത്തിൽ ഇരിക്കുന്നവനായ നമ്മുടെ ദൈവത്തിന്റേയും കുഞ്ഞാടിന്റേയും ദാനം എന്ന് അവര് അത്യുച്ചത്തിൽ ആർത്തുകൊണ്ടിരുന്നു” (വെളി. 7.10).

പത്രോസ് ആത്മനിറവിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. വ്യർത്ഥവും പിതൃപാരമ്പര്യവുമായ നിങ്ങളുടെ നടപ്പിൽനിന്നും നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന് വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെകൊണ്ടല്ല ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രേ(1പത്രൊ. 1.18,19).

കൈവശാവകാശം നഷ്ടപ്പെട്ട് അന്യാധീനമാക്കപ്പെട്ട അവസ്ഥയിൽ നിന്നും തിരികെ പ്രാപിയ്ക്കുന്ന അവസ്ഥയ്ക്കത്രേ വീണ്ടെടുപ്പ് എന്ന് പറയുന്നത്. ദൈവം മനുഷ്യനെ സ്വന്ത സാദൃശ്യത്തിലും അവസ്ഥയിലും തേജസ്സുള്ളവനായി അധികാരമുള്ളവനായിട്ടത്രേ സൃഷ്ടിച്ചത്. ദൈവം അവനെ സർവ്വ അധികാരത്തോടും മഹത്വത്തോടും കൂടെ ഏദനിൽ ആക്കി. വ്യവസ്ഥ ഇല്ലാതെ ആയിരുന്നില്ല. ഫലഭൂയിഷ്ടവും മനോഹരവുമായിരുന്നു ഏദൻ. സകലത്തിന്മേലും അധികാരവും മനുഷ്യന് നല്കി. ഭക്ഷിപ്പാനായി വിയർപ്പ് ചിന്തേണ്ടിയിരുന്നില്ല. കറയില്ലാത്ത,വിഷമില്ലാത്ത എല്ലാവിധമായ ഫലങ്ങളും അവനാഹാരമായി നല്കി.

ധരിപ്പാൻ തേജസ്സിന്റെ വസ്ത്രം നൽകിയിരുന്നു. ഇഷ്ടമുള്ളത് ആവശ്യം പോലെ ഭക്ഷിക്കാം. എന്നാല ഒരു കല്പനയും നല്കി. തോട്ടത്തിന്റെ നടുവിൽ നിൽക്കുന്ന നന്മ തിന്മകളുടെ അറിവിന്റെ വൃക്ഷത്തിന്റെ ഫലം പറിച്ച് തിന്നരുത്. തിന്നുന്ന നാളിൽ നീ മരിക്കും.

എന്നാൽ ഒരു ദിവസം ദൈവം പതിവുപോലെ തോട്ടത്തിൽ വന്നു. മനുഷ്യനെ കാണുന്നില്ല. ദൈവം വിളിച്ചു ആദാമേ, നീ എവിടെ? മറുപടി തോട്ടത്തിൽ നിന്റെ കാലൊച്ച കേട്ട് ഞാൻ ഭയപ്പെട്ടുപോയി. ആദം ദൈവത്തിൽ നി ന്നും മറഞ്ഞ് മരത്തിൻ കീഴിൽ ഒളിച്ചിരിക്കുകയാണ്. കല്പനാലംഘനം ഭയത്തെ ഉളവാക്കുന്നു.

അരുത് എന്ന കല്പന മനുഷ്യനും ഭാര്യയും ലംഘിച്ചു. തിന്നരുത് എന്ന കല്പന ലംഘിച്ച നിമിഷം തേജസിന്റെ വസ്ത്രം ഇല്ലാതെയായി. ഹാ കഷ്ടം നഗ്നത വെളിപ്പെട്ടു. നാണം മറയ്ക്കുവാൻ അത്തിഇല തുന്നിക്കെട്ടി. വെയിലായി അത്തിഇല കരിഞ്ഞു വീണു. അവന്റെ നിസ്സഹായതയിൽ ദൈവം അവനായി തോൽവസ്ത്രം ഉണ്ടാക്കി ഉടുപ്പിച്ചു. അതിനായ് ഒരു മൃഗം കൊല്ലപ്പെട്ടു, ഒരു ആട്ടിൻകുട്ടി.

ഒരു നാളിൽ യോഹന്നാൻ സ്നാപകൻ, യേശുകർത്താവിന് വേണ്ടി വഴിയൊരുക്കുവാൻ ദൈവം അയച്ച വലിയ മനുഷ്യൻ, യേശുകർത്താവ് തന്റെ പിന്നാലെ വരുന്നത് കണ്ട് ഇങ്ങനെ വിളിച്ചു പറഞ്ഞു ഇതാ ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവകുഞ്ഞാട് (യോഹ.1.29).



പഴയ നിയമത്തിൽ മഹാപാപപരിഹാരദിവസത്തിൽ പുരോഹിതൻ പാളയത്തിലുള്ള എല്ലാവരുടേയും പാപം ഒരു ആടിന്റെ തലയിൽ കൈവെച്ചാക്കി, അതിനെ നിയോഗിക്കപ്പെട്ട ഒരുവൻ മുഖാന്തിരം തിരികെ വരാതെവണ്ണം മരുഭൂമിയിലേയ്ക്ക് വിടുന്നു (ലേവ്യ.16.21), ഇത് ന്യാ യപ്രമാണം.

ആട്ടുകൊറ്റന്റേയും പശുക്കിടാങ്ങളുടേയും രക്തത്തിന് പാപപാരിഹാരം വരുത്തുവാൻ കഴിയുന്നില്ല. ന്യായപ്രമാണം വഴിമാറി. ആകയാൽ ന്യായപ്രമാണത്തിന് കഴിയാഞ്ഞതിനെ സാധിപ്പാൻ ദൈവം ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചു. സകല മനുഷ്യരുടേയും പാപത്തിനായി യേശു പാളയത്തിന് പുറത്ത് കഷ്ടം അനുഭവിച്ചു (എബ്രാ.13.12,13).

പാപത്താൽ മനുഷ്യൻ ദൈവത്തിൽനിന്നും അകന്നു. സമാധാനം നഷ്ടപ്പെട്ടു. നാനാരോഗങ്ങൾക്ക് അധീനരായി. യെശ.53.6 ൽ അവൻ നമ്മുടെ രോഗങ്ങളെ വഹിച്ചു. പാപങ്ങളെ ചുമന്നു. കാൽവറിയിൽ യാഗമായിതീർന്നു. രക്ഷ സൗജന്യമാണ്. ദൈവം വലിയ വില കൊടുത്തു. യേശു സ്നേഹത്തോടെ വിളിക്കുന്നു. വരുക.

## GREEK Vocabulary

Pastor Wilson Cherian

| | Greek | Transliteration | Meaning | Reference |
|---|---|---|---|---|
| 1 | **Qeo.j** | Theos | God | John 1:1 |
| 2 | **Ku,rioj** | Kurios | Lord/master | Matthew 10:25 |
| 3 | **Xristo,j** | Christos | Christ/anointed one | Matthew 1:16 |
| 4 | **avpo,stoloj** | apostolos | apostle/messenger | John 13:16 |
| 5 | **vIhsou/j** | Iēsous | Jesus | Matthew 1:16 |

# Knowledge of right and wrong is not sufficient for obedience

**Merin Varghese Bose**
*Palmerston North, New Zealand*



Knowing what is right or wrong should be enough to help us live obediently, right? Why is it not that simple? So, how do we actually obey God? Right from the beginning, when God saw something that was not good, he fixed it. For instance, when he made Adam and saw that it was not good for him to be alone, God made him a woman. Again, after they sinned, and he saw that they did their best to try and cover up, God clothed them. God revealed his standards and when the Israelites couldn't keep them, he sent Jesus to fulfill them, for them and us and "made him who had no sin to be sin for us, so that in him we might become the righteousness of God" 2 Corinthians 5:21.

However, after we have been made righteous in Christ Jesus, why do many Christians still face the same dilemma of disobedience or unrighteous living? See how God has always been in charge of making everything perfect? Let us remind ourselves, "it is God who makes both us and you stand firm in Christ." 2 Corinthians 1:21. This increases our faith and confidence in God, because we are not trusting in ourselves, but, in Him. Paul earnestly prayed that, " the glorious Father, may give you the Spirit of wisdom and revelation, so that you may know him better." When we know God more, we can live in his obedience and freedom that is found in Him. Jesus paid with his blood so that, " You have been set free from sin and have become slaves to righteousness." So as one who is in Christ, it is righteousness that has power over us, and not sin. Romans 12:1&2 says "Therefore, I urge you, brothers and sisters, in view of God's mercy, to offer your bodies as a living sacrifice, holy and pleasing to God-this is your true and proper worship. Do not conform to the pattern of this world, but be transformed by the renewing of your mind. Then you will be able to test and approve what God's will is-his good, pleasing and perfect will". When we offer ourselves to God as often as we can- when we are driving, when we are at work, when we are preparing food, when shopping, when we are with our family and friends, God can do his will through us more and more. When we continually renew our minds by reminding ourselves of the pattern of the kingdom of God, we can live according his good will.

So, let us be reminded of trustworthy encouragements through the Holy Spirit, "for it is God who works in you to will and to act in order to fulfill his good purpose". Philippians 2:13. The more we are reminded of who is working in us, the more we can allow God's will to flow through. When we constantly try to obey God in our own will (with all good intention), it can wear us down and bear very little fruit (if at all). Bearing fruit comes naturally to a fruit tree, fruits of the spirit comes naturally to the perfect Holy Spirit, so let us allow God to work in us at every time. The more we know God, the more we can relax and have faith, that "in all things God works for the good of those who love him, who have been called according to his purpose." Romans 8:28.
Amen

# നിങ്ങളും പ്രാപിപ്പാൻ തക്കവണ്ണം ഓടുവിൻ

പാസ്റ്റർ റ്റി.റ്റി. തോമസ്

*.....(1-ാം പേജിൽ നിന്നും തുടർച്ച)*

അധികാരസ്ഥനെ ഭയപ്പെടാതിരിപ്പാൻ ഇച്ഛിക്കുന്നുവോ? നന്മ ചെയ്ക; എന്നാൽ അവനോടു പുകഴ്ച ലഭിക്കും. നിന്റെ നന്മയ്ക്കായിട്ടല്ലോ അവൻ ദൈവശുശ്രൂഷകനായിരിക്കുന്നതു; നീ തിന്മ ചെയ്താലോ ഭയപ്പെടുക; വെറുതെ അല്ല അവൻ വാൾ വഹിക്കുന്നതു; അവൻ ദോഷം പ്രവർത്തിക്കുന്നവന്റെ ശിക്ഷയ്ക്കായി പ്രതിക്കാരിയായ ദൈവശുശ്രൂഷക്കാരൻ തന്നെ. അതുകൊണ്ടു ശിക്ഷയെ മാത്രമല്ല മനസാക്ഷിയേയും വിചാരിച്ചു കീഴടങ്ങുക ആവിശ്യം. അതുകൊണ്ടു നിങ്ങൾ നികുതിയും കൊടുക്കുന്നു. അവർ ദൈവശുശ്രൂഷകന്മാരും ആ കാര്യം തന്നെ നോക്കുന്നവരുമാകുന്നു. എല്ലാവർക്കും കടമായുള്ളതു കൊടുപ്പിൻ; നികുതി കൊടുക്കേണ്ടവന്നു നികുതി; ചുങ്കം കൊടുക്കേണ്ടവന്നു ചുങ്കം; ഭയം കാണിക്കേണ്ടവന്നു ഭയം; മാനം കാണിക്കേണ്ടവന്നു മാനം" - റോമ.13:1 - 7.

ഭരണാധിപന്മാരായ ഹിസ് മെജസ്റ്റി കിംഗ് ഹമദ് ബിൻ ഇസാ അൽ ഖലീഫ, ഹിസ് റോയൽ ഹൈനെസ്സ് പ്രിൻസ് ഖലീഫ ബിൻ സൽമാൻ അൽ ഖലീഫ, ഹിസ് റോയൽ ഹൈനെസ്സ് പ്രിൻസ് സൽമാൻ ബിൻ ഹമദ് അൽ ഖലീഫയ്ക്കും സ്വദേശികൾക്കും വിദേശികൾക്കും ദൈവത്തിൻറെ അനുഗ്രഹാശിസുകൾ നേരുന്നു. ദൈവം എല്ലാവരേയും അനുഗ്രഹിക്കട്ടെ.

**വിഷയത്തിലേക്ക് പ്രവേശിക്കുന്നു:-**

1 കൊരി. 9:24-27 വരെയുള്ള ഭാഗങ്ങളാണ് പഠന വിഷയം. സമയതിരക്കിനാൽ എത്ര പേർ വായിയ്ക്കും എന്ന സംശയം ഉള്ളതുകൊണ്ട് വേദഭാഗം ചുവടെ ചേർക്കുന്നു. "ഓട്ടകളത്തിൽ ഓടുന്നവർ എല്ലാവരും ഓടുന്നു എങ്കിലും ഒരുവനേ വിരുതു പ്രാപിക്കുന്നുള്ളു എന്നു അറിയുന്നില്ലയോ? നിങ്ങളും പ്രാപിപ്പാന്തക്കവണ്ണം ഓടുവിൻ. അങ്കം പൊരുതുന്നവൻ ഒക്കേയും സകലത്തിലും വർജ്ജനം ആചരിക്കുന്നു. അതോ, അവർ വാടുന്ന കിരീടവും നാമോ വാടാത്തതും പ്രാപിക്കേണ്ടതിന്നു തന്നേ. ആകയാൽ ഞാൻ നിശ്ചയമില്ലാത്തവണ്ണമല്ല ഓടുന്നതു; ആകാശത്തെ കുത്തുന്നതുപോലെയല്ല ഞാൻ മുഷ്ടിയുദ്ധം ചെയ്യുന്നതു. മറ്റുള്ളവരോടു പ്രസംഗിച്ചശേഷം ഞാൻ തന്നെ കൊള്ളരുതാത്തവനായി പോകാതിരിക്കേണ്ടതിന്നു എൻറെ ശരീരത്തെ ദണ്ഡിപ്പിച്ചു അടിമയാക്കുകയത്രേ ചെയ്യുന്നതു".

ഒളിമ്പിക് ഗെയിം ആരംഭിച്ചത് BC 776 -ൽ ആണ്. അത് BC 5, BC 4 ശതകങ്ങളിൽ ക്ഷയിച്ച് AD 1700- ാടെ ഇല്ലാതെയായി. ഒളിമ്പിക് മത്സരം വീണ്ടും സജീവമായത് 1896 - ൽ ആദൻസിലാണ്. തുടക്കത്തിൽ ഓട്ടമത്സരം മാത്രമായിരുന്നു പിന്നീടാണ് വിവിധ മത്സരയിനങ്ങൾ അതിലുൾപ്പെടുത്തി വിപുലീകരിച്ചത്.

അന്നുണ്ടായിരുന്ന ഓട്ടമത്സരമാണ് ഈ വേദഭാഗത്ത് പൗലോസ് വിവരിക്കുന്നത്. ഓട്ടമത്സരത്തിൽ ഓടുവാൻ അനേകരുണ്ടായിരുന്നുവെങ്കിലും വിരുത് ലഭിക്കുന്നത് ഒരാൾക്ക് മാത്രമാണ്. അത് നൽകിയിരുന്നത് കാട്ടൊലിവിന്റെ ഇലകൾകൊണ്ടുള്ള കിരീടമാണ്. അത് ചില മണിക്കൂറുകളോ ദിവസങ്ങളോ കഴിയുമ്പോൾ ഉണങ്ങി പോകും.

കൊരിന്ത്യ സഭയ്ക്ക് ഈ മത്സരത്തെ പരിചയം ഉള്ളതിനാൽ ഇത് ഓർപ്പിച്ച് ക്രിസ്തീയജീവിതം വിജയത്തിൽ എത്തിക്കുവാൻ പൗലോസ് പ്രബോധിപ്പിച്ചെഴുതുന്ന ലേഖനമാണ് കൊരുന്ത്യ ലേഖനം. അന്നത്തെ ഒരു പ്രധാന നഗരമായിരുന്നു കൊരിന്ത്. ആ പട്ടണത്തിൽ പൗലോസിന്റെ പ്രവർത്തനഫലമായി രൂപം കൊണ്ട കൊരിന്ത്യ സഭ കാലം പിന്നിട്ടപ്പോൾ അതിൻറെ ഉദ്ധേശശുദ്ധിയിൽനിന്ന് പിന്മാറി, മാറിമാറി വന്ന അപ്പോസ്തോലന്മാരുടെ പലവിധ ശുശ്രൂഷകളാൽ സഭ അധഃപതിച്ചു.

കൊരിന്ത്യ സഭയിൽ ഇന്നത്തെ സഭകളിൽ ഉള്ളതുപോലെ പാർട്ടി സ്പിരിറ്റ് മുതൽ എല്ലാ മ്ലേച്ഛതകളും ഉണ്ടായിരുന്നു. ആരംഭം മുതൽ പഠിച്ചാൽ ആ സഭയിൽ 4 ഗ്രൂപ്പിനെ കാണാം (1 കൊരി. 1:12). അങ്ങനെ ഗ്രൂപ്പിസം മുതൽ സകല ദുർനടപ്പുകളും ഉടലെടുത്തു. ദുർനടപ്പിന്റെ അങ്ങേയറ്റം വരെ സഭ എത്തി. 1 കൊരി. 5-ാം അദ്ധ്യായത്തിൽ അപ്പൻറെ ഭാര്യയെ വെച്ചുകൊണ്ടിരിക്കുന്ന അവസ്ഥ ഉണ്ടായി. ഇത് ചിലർക്ക് മനസ്സിലാകുത്തില്ല. മനസ്സിലാക്കുന്നവർ മനസ്സിലാക്കുക അല്ലാത്തവർക്ക് ലേഖകനെ സമീപിക്കാം. ഇത്തരത്തിൽ ആത്മീകമായി അധഃപതിച്ച കൊരിന്ത്യ സഭയെ ശാസിച്ച് നേരെ ആക്കുക എന്നതാണ് ലേഖനം കൊണ്ടുദ്ദേശിക്കുന്നത്.

അങ്ങനെ എഴുതി വരുമ്പോൾ ഒമ്പതാം അദ്ധ്യായത്തിൽ സുപരിചിതമായ ഓട്ടമത്സരത്തെ ക്രിസ്തീയജീവിതത്തോട് താരതമ്യപ്പെടുത്തി അവർക്ക് വിവരിച്ചുകൊടുക്കുന്നു. ക്രിസ്തീയ ജീവിതമാകുന്ന ഓട്ടകളത്തിൽ വിജയികളാകുന്ന സകലർക്കും കിരീടം ഉണ്ട്. ഈ ഓട്ടകളത്തിൽ വിജയിക്കണം എങ്കിൽ പലകാര്യങ്ങൾ നാം പ്രവർത്തിപഥത്തിൽ കൊണ്ടുവരണം.

ഒന്നാമതായി നാം നിയമപ്രകാരം ഓടണം. എങ്ങനെയെങ്കിലും കുറുക്കുവഴിയിൽ കൂടി ലക്ഷ്യത്തിൽ എത്തിയാൽ സമ്മാനം ലഭിക്കയില്ല. എന്നാൽ ഇന്നത്തെ പലപഠിപ്പിക്കലും എങ്ങനെ ഓടിയാലും നാം ലക്ഷ്യസ്ഥാനത്ത് എത്തുമെന്നാണ്, അത് ശരിയല്ല. ദൈവവചനം അനുശാസിക്കുന്ന വ്യവസ്ഥകൾ പരിരക്ഷിച്ചുകൊണ്ട് ശരിയായ ട്രാക്കിൽക്കൂടി ഓടിയെത്തുന്നവർക്കാണ് വിരുത്, അവരെയാണ് ജയാളികൾ ആയി പ്രഖ്യാപിക്കുന്നത്.

**ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാം:-**

ഷൈനി വിൽസൺ നല്ലൊരു ഓട്ടക്കാരി ആയിരുന്നു.ഓടി ഒന്നാം സ്ഥാനത്ത് എത്തി സമ്മാനം കരസ്ഥമാക്കി. എന്നാൽ സൂക്ഷ്മപരിശോധനയിൽ ട്രാക്ക് തെറ്റി ഓടിയതായി കണ്ടുപിടിച്ചതിനാൽ സമ്മാനം തിരികെ കൊടുക്കേണ്ടി വന്നു.

പുതിയ തലമുറയ്ക്ക് പരിചയമുള്ള മറ്റൊരു ഓട്ടക്കാരനാണല്ലോ ബെൻ ജോൺസൻ. മത്സരത്തിൽ വിജയിയായി പക്ഷേ സൂക്ഷ്മപരിശോധനയിൽ ഉത്തേജക മരുന്ന് ഉപയോഗിച്ചു എന്ന് കണ്ടു ലഭിച്ച സമ്മാനം തിരികെ കൊടുക്കേണ്ടിവന്നു. തിരികെ കൊടുക്കേണ്ടി വരുന്നതിനേക്കാൾ ഭേദം നേടാതിരിക്കുന്നതല്ലേ ?

പി ടി ഉഷയെക്കുറിച്ച് പൊതുവിൽ ഉള്ള അഭിപ്രായം തുടക്കത്തിൽ സ്ഥിരമായി ചില പിഴവുകൾ വരുത്തുമെങ്കിലും മറ്റുള്ളവരെ പിമ്പിലാക്കി ഓടി അവസാനിപ്പിക്കുന്നതിൽ അസാമാന്യ കഴിവുള്ള ഓട്ടക്കാരി എന്നാണ്. അടുത്ത കാലത്ത് സമ്മാനങ്ങൾ വാരികൂട്ടികൊണ്ടിരിക്കുന്ന ഉസൈൻ ബോൾട്ട് നല്ലൊരു ഓട്ടക്കാരനാണ്.

നാം ഓടി ലക്ഷ്യസ്ഥാനത്ത് എത്തിയാൽ പോരാ വ്യവസ്ഥപ്രകാരം ഓടണം. 1 കൊരി.9:24 - ൽ അതാണ് പൗലോസ് പറയുന്നത് "നിങ്ങളും പ്രാപിപ്പാന്തക്കവണ്ണം ഓടുവിൻ". 25-ാം വാക്യത്തിൽ "അങ്കം പൊരുതുന്നവൻ ഒക്കെയും സകലത്തിലും വർജ്ജനം ആചരിക്കുന്നു".

ബോക്സിങ്ങിലും പ്രത്യേക നിബന്ധനകൾ ഉണ്ട്. ഇടിക്കേണ്ട ഭാഗത്തല്ലാതെ ഇടിച്ചു എതിരാളിയെ വീഴ്ത്തിയാൽ വിജയിയായി അംഗീകരിക്കില്ല. ഇടിയേറ്റ് ഒരുപക്ഷേ എതിരാളി വീണേക്കാം.

ക്രിസ്തീയ ജീവിതമാകുന്ന ഓട്ടകളത്തിലെ വ്യവസ്ഥകളും ത്യജിക്കേണ്ട വസ്തുതകളും ഉൾകൊള്ളുന്ന പുസ്തകമാണ് നാം കൊണ്ടുനടക്കുന്ന സത്യവേദപുസ്തകം. അത് വായിച്ച് പഠിച്ച് അതിൽ പറയുന്ന വ്യവസ്ഥപ്രകാരം ഓടി എത്തുന്നവർക്കാണ് വിരുത് ലഭിക്കുന്നത്. നമ്മുടെ ഓട്ടം വ്യവസ്ഥപ്രകാരവും ലക്ഷ്യബോധത്തോടുകൂടിയുള്ളതും അല്ലായെങ്കിൽ ലക്ഷ്യത്തിൽ എത്തുക പ്രയാസമാണ്. അല്ലാ ലക്ഷ്യത്തിൽ എത്തിയാൽ തന്നെ സൂക്ഷ്മ പരിശോധനയിൽ നമ്മുടെ തെറ്റുകൾ കണ്ടുപിടിക്കപെടുകയും വിരുത് നഷ്ടമാകുകയും ചെയ്യും. അനേകർ ഓടുവാൻ ഇറങ്ങി വീണുപോയി. ഇന്ന് ഓടുന്നു എന്ന് പറയുന്നവർ അബദ്ധോപദേശത്തിലൂടെ തങ്ങളുടേയും മറ്റനേകരുടെയും ലക്ഷ്യം തെറ്റിച്ചു കളയുന്നു....

.....(തുടരും)

# ഭാരം ചുമക്കുന്ന സാഹോദര്യ ബന്ധം

പാസ്റ്റർ പി.സി. വർഗീസ്

*(....1-ാം പേജിൽ നിന്നും തുടർച്ച)*

1. ഓരോരുത്തൻ താന്താന്റെ ചുമട് ചുമക്കുക: കർത്താവ് അനുവദിക്കുന്ന ഭാരം ലഘുവാണ് ( മത്തായി 11:30, ഗലാ 6:5 ).

അവിശ്വാസിയായ ഭർത്താവ് തന്നെ കൊല്ലുമെന്ന് ഭീഷണി മുഴക്കിയ വിവരം സഹോദരി ദൈവദാസനെ അറിയിച്ചു. " നീ ഭയപ്പെടേണ്ടാ അയാൾ ഒന്നും ചെയ്യില്ല" എന്ന് ദൈവദാസൻ പറഞ്ഞു. പിന്നീട് അയാൾ ഉപദേശിയെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയപ്പോൾ, അടുത്ത പള്ളിയിൽ പോയി ആരാധിപ്പാൻ സഹോദരിയോട് ദൈവദാസൻ ആവശ്യപ്പെട്ടു! ഈ പ്രവണത ശരിയല്ല. 1976 ൽ United Kingdom Merchante Shipping Act നിലവിൽ വന്നപ്പോൾ "Load Line Mark" കപ്പലുകളിൽ നിർബന്ധമാക്കി. അതിന്റെ പിന്നിൽ പ്രവർത്തിച്ച Samuel Plimsoll ന്റെ പേരിൽ "Plimsoll Mark" കപ്പലുകളിൽ അടയാളപ്പെടുത്തി. ഈ അടയാളം വരെ മാത്രമേ ഭാരം കയറ്റുവാൻ പാടുള്ളൂ. കണ്ടെയ്നറിന്റെ ഭാരം വരുമ്പോൾ കപ്പൽ പറയും "മതി". എന്നാൽ കപ്പലുടമ അത് ചെവിക്കൊള്ളാതെ മാർക്ക് അനുസരിച്ചു മാത്രം ഭാരം നിറയ്ക്കുന്നു. ഭാരം നിറയ്ക്കുവാൻ ആ ഉടമസ്ഥന് അറിയാവുന്നതുപോലെ നമുക്ക് എത്രത്തോളം ഭാരം വഹിക്കാൻ കഴിയുമെന്ന് കർത്താവിനറിയാം.

2. തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമക്കുക ( ഗലാ.6:1,2 ) : ദൈവകൃപയിൽ നിൽക്കുന്നവൻ (ആത്മീയൻ) തെറ്റിൽ അകപ്പെട്ടവനെ സൗമ്യതയുടെ ആത്മാവിനാൽ യഥാസ്ഥാനപ്പെടുത്തണം. നീന്തുന്നവനെ ആരും രക്ഷിക്കാറില്ല. വെള്ളം കുടിക്കുന്നവനെയാണ് രക്ഷിക്കേണ്ടത്. തെറ്റിൽ അകപ്പെട്ടവനെ അത് ബോധ്യപ്പെടുത്തി യഥാസ്ഥാനപ്പെടുത്തുവാൻ നാം ബാദ്ധ്യസ്ഥരാണ്.

ഒരിക്കൽ മകന്റെ മരണം മൂലം തളർന്ന മാതാപിതാക്കൾ ആ നാട്ടിലെ പ്രഭുവിന്റെ അടുത്തെത്തി. ആ ദുഃഖം തിരിച്ചറിഞ്ഞ പ്രഭു അവരോട് "ദുഃഖവും ഭാരവുമില്ലാത്ത" വീടുകൾ സന്ദർശിച്ച് മടങ്ങി വരുവാൻ ആവശ്യപ്പെട്ടു. ഭവന സന്ദർശനം നടത്തിയപ്പോൾ എല്ലാവർക്കും ഒന്നല്ലെങ്കിൽ മറ്റൊരു നിലയിൽ ഭാരങ്ങൾ ഉണ്ട് എന്ന് അവർ തിരിച്ചറിഞ്ഞു. ഇതറിഞ്ഞ പ്രഭു അവരോട് സധൈര്യം മുന്നേറുവാൻ ആവശ്യപ്പെട്ടു. അതുപോലെ തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമക്കുവാൻ നാം സന്നദ്ധരാകണം.

3. യേശുക്രിസ്തുവിന്റെ ചൂടടയാളം ശരീരത്തിൽ ചുമക്കുക: ക്രിസ്തു നിമിത്തം പൗലോസ് കഷ്ട്ടം സഹിച്ചു ( 2 കൊരിന്ത്യർ 11:21-28) എങ്കിൽ നമുക്കും ഒരു ചൂടടയാളം ആവിശ്യമാണ്. അഗ്നിയിൽ അകപ്പെട്ട കുടുംബത്തിൽ അനാഥയായ് തീർന്ന പിഞ്ചുപൈതലിനെ, സൗഖ്യം ലഭിച്ചനന്തരം കോടതിയിൽ കൊണ്ടുവന്നു. പൈതലിനെ സ്വന്തമാക്കുവാൻ അനേകർ എത്തി. സ്വന്തം ജീവനെ തൃണവൽഗണിച്ച് കുഞ്ഞിനെ രക്ഷപ്പെടുത്തിയപ്പോൾ പൊള്ളലേറ്റ് വിരൂപനായ വ്യക്തി കോടതിയിൽ എത്തി."കണ്ടില്ലേ എൻറെ ശരീരത്തിലെ പാടുകൾ, ഇത് പൈതലിനെ രക്ഷിക്കും വേളയിൽ പൊള്ളലേറ്റതിന്റെ പാടുകളാണ്". കോടതിയുടെ തീരുമാനം ഉടൻ എത്തി. അദ്ദേഹത്തിന് ആ കുഞ്ഞിനെ നല്കി. യേശുവിന്റെ മുറിപ്പാടുകൾ,ഉഴവുചാലുകൾ നമുക്ക് രക്ഷയായിത്തീർന്നു.

സഹോദരൻ എന്ന നിയലയിൽ കൂട്ടു സഹോദരനോടുള്ള ഉത്തരവാദിത്വം നിർവഹിച്ച് മുന്നേറാൻ ദൈവം നമ്മെക്കുറിച്ചാഗ്രഹിക്കുന്നു.

വേദനിക്കുന്ന,ഭാരം ചുമക്കുന്ന,ആവിശ്യത്തിലിരിക്കുന്ന അനേകർ ഒരു ചുമടുതാങ്ങി എന്ന നിലയിൽ ഈ "ഹലോ ഹോപ്പ്" ജേണൽ നിലനിൽക്കട്ടെ എന്നാശംസിച്ചുകൊണ്ട് ഈ ലേഖനം പര്യവസാനിപ്പിക്കുന്നു.

# തിരക്ക് പിടിച്ച ഓട്ടത്തിൽ നാം എവിടെ എത്തി നിൽക്കുന്നു ?

**പാസ്റ്റർ ബോസ്സ് ബി. വർഗ്ഗീസ്**



ഏതാണ്ട് അര നൂറ്റാണ്ടുകൾക്ക് മുൻപ് കേരളത്തിന്റെ അങ്ങോളം ഇങ്ങോളം സന്ധ്യസമയത്തും പുലർച്ചയ്ക്കും നാം നോക്കിയാൽ പ്രാർത്ഥനയുടെ ശബ്ദങ്ങൾ ആയിരുന്നു. ജാതിഭേദം കൂടാതെ പ്രഭാത പ്രാർത്ഥനകളും സന്ധ്യനാമങ്ങളും കേൾക്കാമായിരുന്നു. അത് അന്നത്തെ എല്ലാ നാട്ടുകാരുടെയും ക്രിസ്തീയ കുടുംബങ്ങളുടെയും ഐശ്വര്യത്തിനു കാരണമായിരുന്നു. അന്നത്തെ ജനവും ഉത്സാഹികളായിരുന്നു. ഇന്ന് നോക്കിയാൽ അലസതയുള്ള ജനമായിട്ട് തീർന്നിരിക്കുന്നു.

അന്നുള്ള ജനങ്ങൾ തമ്മിൽ തമ്മിൽ സഹകരണവും ബഹുമാനവുമുള്ളവർ ആയിരുന്നു. ദൈവത്തിലുള്ള ആശ്രയവും എല്ലാവരുടെയും കൂടപ്പിറപ്പ് ആയിരുന്നു. ഇന്ന് നമുക്ക് തിരക്ക് കൂടി ഒന്നിനും സമയവുമില്ല. ആ കാലത്ത് ജോലിക്ക് വേണ്ടി പ്രാ ർത്ഥിച്ചു ദൈവം ജോലിയും,വരുമാനവും ഒക്കെ കൊടുത്തു. ആയതിനാൽ ദൈവത്തിലാശ്രയവും ബഹുമാനവും തമ്മിൽ തമ്മിൽ സ്നേഹവും ഉണ്ടായിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതി അതല്ല. ദൈവം മാറ്റം കൊടുത്തപ്പോൾ ജോലിയിൽ നി ന്ന് ജോലിയിലേക്ക് പാഞ്ഞുള്ള ഓട്ടം സമയം തന്നെ തികയാതെ വന്നു തുടങ്ങി. ജോലി കഴിഞ്ഞ് വന്നാൽ ടീവിയുടെ മുന്നിൽ അനവധി പുതിയ പുതിയ സീരിയലുകളും ചാനലുകളും വാർത്തകളും ഒക്കെയുണ്ടല്ലോ. കൂടാതെ കൂട്ടുകാർ കൂടിയുള്ള സൊറ പറച്ചിലും പിന്നെ പിന്നെ ക്ഷീണവും ഉറക്കവും. ഇതൊന്നും മാറ്റിവെക്കുവാൻ കഴിയാതെ വന്നപ്പോൾ സന്ധ്യാസമയത്തുള്ള പ്രാർത്ഥനയും വെളുപ്പിനെ എഴുന്നേറ്റുള്ള പ്രാർത്ഥനയും മാറ്റിവെക്കുക മാത്രമാണ് പിന്നീടുള്ള എളുപ്പ മാർഗ്ഗം.




ഇങ്ങനെയുള്ള കുടുംബത്തിൽ നി ന്ന് ദൈവീക സാന്നിദ്ധ്യം മാറ്റപ്പെട്ടു. ആ സ്ഥാനം പിശാച് ഏറ്റെടുത്തു. പണ്ടുണ്ടായിരുന്ന ഐശ്യര്യവും സമാധാനവും ഇല്ലാതെയായി. കുടുംബങ്ങൾ തമ്മിലുള്ള ഛിദ്രത ഉടലെടുത്തു. ഭാര്യാഭർത്താക്കന്മാർ തമ്മിൽ തമ്മിൽ കാണുന്നതു പോലും വളരെ വിരളമായി. മക്കൾ വീട്ടിൽ വരുമ്പോൾ അവരെ ഒന്ന് സ്നേഹിക്കുവാനോ അവരോട് ഒപ്പം അല്പ്പം സമയം ചിലവഴിക്കുവാനോ മാതാപിതാക്കൾക്ക് കഴിയാതെയായി. തിരക്ക് പിടിച്ച ഈ ഓട്ടത്തിൽ ഐശ്വര്യവും സന്തോഷവും എല്ലാം മാറ്റപ്പെട്ടു. നാം ഇപ്പോൾ എവിടെ എത്തിനിൽക്കുന്നു എന്നൊരു തിരഞ്ഞു നോട്ടം ഏറ്റവും അനിവാര്യമായിരിക്കുന്നു.

പണ്ട് പഴയ വീടുകളിൽ ഞെങ്ങിയും ഞെരുങ്ങിയും ആയിരുന്നു താമസം. അന്ന് സമാധാനമുണ്ടായിരുന്നു.ഇന്ന് മനോഹരമായതും വിശാലമായ വീടുകളും എസി മുറികളും സുഖകരമായ കിടക്കകളും,ടിവി, വീട്ടിൽ ആവ ശ്യത്തിന് വേലക്കാരും അങ്ങനെ എല്ലാ സുഖസൗകര്യങ്ങളും ആയപ്പോൾ കുഞ്ഞുങ്ങൾ അവരുടെ സ്വാതന്ത്ര്യത്തിനും മാതാപിതാക്കൾ അവരുടെ സൗകര്യത്തിനും മുമ്പോട്ട് നീങ്ങി. അതുകൊണ്ട് കുഞ്ഞുങ്ങൾക്ക് മാതാപിതാക്കളുമായുള്ള അടുപ്പവും സമ്പർക്കവും കുറഞ്ഞു. അവരുടെ മാനസിക വ്യഥകൾ തമ്മിൽ പറഞ്ഞു അശ്വസിക്കുവാനോ അവർക്ക് ആവശ്യമുള്ള പരിചരണം കൊടുക്കുവാനോ മാതാപിതാക്കളുടെ വാത്സല്യവും സ്നേഹവും അവർക്ക് ലഭിക്കുവാനോ കഴിയാതെ വരുന്നു. ഇപ്പോൾ അവർ ബേബി സിറ്റിംഗിലും ട്യൂഷൻ സെന്ററിലൊക്കെയായി ദിവസം തള്ളി നീക്കുന്നു.

.....തുടരും

# Holy Spirit- Councillor

**Pastor Sunny John**
Cambridge, UK



1.The Holy Spirit is one among the triune God. In the beginning of the bible we can see how the Spirit of God was hovering over the face of the waters. In the beginning the earth was without form, void and in a completely darkened state, but the Spirit of God started to work and creations took place. The Holy Spirit and the word of God in unity redeemed the wasteland into a place of habitation. The Holy Spirit not only adorned the earth but also adorned nations. He created and adorned the sky. (Job 26:12-13).

The movement of the Holy Spirit was specific since the deliverance of the Israelites from Egypt. God assured Moses that His presence would go before him (Exodus 33-14-15). God asked Moses to build a tabernacle for the indwelling of His presence amid his people during their exodus. God asked Moses to construct the tabernacleaccording to the pattern that Moses was shown in the mountain of Horeb .God also anointed Bezalel and Oholiab with the wisdom to make all the craftsmanship. They both did as per the divine knowledge imparted upon by the Holy Spirit.

2. The Holy Spirit was dealing directly with the formation of the tabernacle for God. Similarly, the Holy Spirit adorns each believer of the new testament as the habitation of God (Eph 2:22) or the temple of God. The filling of the Holy Spirit leads to craftsmanship or production. God always wants to fill His people with the Holy Spirit. Jesus was filled with the Spirit during His baptism in the river Jordan and that filling led Him to the wilderness to be tempted by devil. Jesus overcame temptation, became victorious and the devil departed from Him. On the day of Pentecost, the disciples of Jesus were filled up with the Holy Spirit . They literally became bold to testify Jesus and established the word of God by wonders and miracles among the gentile crowd. The Holy Spirit is the divine gift from God for the new testament church.

During the old testament period ,prophets and kings were anointed to do the will of God. King Saul and King David were anointed through the prophet Samuel. When Moses handed over his charge to Joshua to lead the Israelites into Canaan, he blessed him with the anointing of the Spirit. The bible says that Joshua was filled up with the Holy Spirit....

(....to be continued)

## മിഡിൽ ഈസ്റ്റ് പെന്തെക്കോസ്റ്റൽ ചർച്ചിന്റെ(MEPC) പ്രയർ മീറ്റിംഗ്

മിഡിൽ ഈസ്റ്റ് പെന്തെക്കോസ്റ്റൽ ചർച്ചിന്റെ(MEPC) ഈ വർഷത്തെ ആദ്യ പ്രയർ മീറ്റിംഗ് 2017 മാർച്ച് 18 ന് ഷാരോൺ ഫെല്ലോഷിപ്പ് ചർച്ചിന്റെ പ്രയർ ഹാളിൽ വെച്ച് നടന്നു. ബ്രദർ ഡേവിസ് ജോൺ നേതൃത്വം നൽകിയ മീറ്റിംഗിൽ പാസ്റ്റർ ലിജോ മാത്യു ദൈവ വചനത്തിൽ നിന്ന് ശ്രുശ്രൂഷിയ്ക്കുകയും പാസ്റ്റർ. പി.സി. വർഗ്ഗീസ് പ്രാർത്ഥിച്ച് ആശീർവാദത്തോടെ മീറ്റിംഗ് അവസാനിക്കുകയും ചെയ്തു.

**Intercession India**
Standing in the Gap - Ezekiel : 22:30

Intercession India is a registered Christian Ministry as Trust & Society in Kerala since 1991 having FCRA Registration from the ministry of Home Affairs, New Delhi since 1994. As a ministry it has completed 25 years of successful service to the poor and needy of the society irrespective of caste, creed or the religious background of the people, fulfilling the great commission of the Lord Jesus Christ.

Intercession India was founded by Pastor John K. Chacko, who hails in kerala. Pastor E.V.Kurien is the General secretary and Pastor Sajan Varughese is working as a coordinator. The Ministry has three orphanages, five churches and good books centre dedicated to Christian literature. Other missions include Child Survival Project, Hospital Ministry, Home to the Homeless alon with other initiatives.





Pray and support diligently for our ministry.

**Contact Address in India**
**Intercession India Trust**
**1-Amarjyothy Complex,**
**South Pampady, Kottayam,**
**Kerala, India, Pin: 686521, Tel:**
**0091 9495214705,**
**0091 4812506075**
**intercessionindiatrust@gmail.com**
**www.intercessionindia.org**

# Bouquet



പ്രിയ സഹോദരൻ ചെറിയാൻ മാത്യൂസിനാൽ 'ഹലോ ഹോപ്പ്' എന്നൊരു ക്രിസ്തീയ പ്രസിദ്ധീകരണം ഈ 'മുത്തുകളുടെ രാജ്യം' എന്നറിയപ്പെടുന്ന ബഹറിനി ൽ വിശ്വാസികളുടെ ഇടയിൽ പ്രസിദ്ധീകരിപ്പാൻ പോകുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. ഈ നാളുകളിൽ ക്രിസ്തീയ പ്രസിദ്ധീകരണങ്ങൾ കൂണുപോലെ വർദ്ധിച്ചു വരുന്ന കാലം ആണ്. എന്നാൽ പലതിലും ആത്മീക നിലവാരങ്ങൾ ഇല്ലാത്തതിനാൽ വളരെ വേഗം കെട്ടടങ്ങുന്നു.

'ഹാലോ ഹോപ്പ്–ഹോപ്പ് ഹാർബർ ഫോർ ബിലീവേഴ്സ് ' എന്ന പേര് കേട്ടപ്പോൾ എന്റെ ഹൃദയത്തിൽ വന്ന ഒരു ഗാനത്തിന്റെ ഒരുവരി ഇവിടെ കുറിക്കട്ടെ 'ശാന്ത തുറമുഖം അടുത്തു എന്റെ കാന്തനോട് ഞാൻ ഏറ്റം അടുത്തു'.

'ഹാലോ ഹോപ്പ്'എന്ന ഈ പ്രസിദ്ധീകരണം ബഹ്റൈനിലും മറ്റ്'ഗൾഫ്' രാജ്യങ്ങളിലും അനേകായി രങ്ങളെ അരുമ മണവാളനായ കർത്താവിന്റെ ശാന്ത തുറമുഖത്ത് എത്തിക്കുവാൻ ഒരു മാർഗ്ഗദർശി ആകട്ടെ എന്ന് പ്രാർത്ഥിക്കുന്നു, ആ ശംസിക്കുന്നു.

എന്ന് ക്രിസ്തുവിൽ,

**പാസ്റ്റർ ജോർജ് വറുഗ്ഗീസ്**

ചർച്ച് ഓഫ് ഗോഡ് ഇൻ ബഹ്റൈൻ



ബഹറിനിലെ ദൈവമക്കൾക്കിടയിൽ നിന്ന് 'ഹലോ ഹോപ്പ്' ജേർണൽ തുടക്കം കുറിക്കുമ്പോൾ, ഇങ്ങനെ ഒരു ആശയത്തിന് പിറകിലുള്ള ഇതിന്റെ അണിയറ പ്രവർത്തകരെ അഭിനന്ദിക്കുന്നു. ഉപദേശവ്യത്യാസമില്ലാത്ത സഭകളുടെ ആത്മീയ ഐക്യത്തിനും, വളർച്ചക്കും അതോടൊപ്പം, ദൈവരാജ്യത്തിന്റെ വ്യാപ്തിക്കും ഈ സംരംഭം ഇടയാകട്ടെ എന്ന് ആശംസിക്കുന്നു.

**റോയി മാത്യൂസ്**

"ഐ.പി.സി. വോയിസ്" ബഹറിൻ



Greetings to you in the matchless name of our Lord and Savior Jesus Christ

I consider it a honor and privilege to greet the believers monthly journal "Hello Hope"

Although there are various publications globally only for are there originated from the G.C.C countries especially from the Kingdom of Bahrain. I take this opportunity to appreciate Br.Cherian Mathews for his vision which almighty God has given in his heart.

Our Lord is "Great in councel and mighty in works". May the Lord bless this small begining to a great blessing and many are encouraged and rooted in the word of God.

I pray earnestly that the "Hello Hope" be a beacon of hope for the perishing souls.

Also I sincerely wish that this journal be a blessing to thousands and the articles which would be published be inspiring to all those who read it.

May the good God bless those who are tirelessly labour for this good cause.

In His service

**Pr.Thomas Chacko**

**Immanuel IPC,Bahrain**



*Greetings in the name of our ever-loving Saviour Lord Jesus Christ!*

Indeed, it's a great pleasure to know that an enthusiastic team headed by Bro. Cherian Mathews is launching a Christian monthly publication "Hope Harbour". Glory and Honour to our dear Lord for His love and guidance bestowed upon our brother Cherian and team to accomplish their dream.

On this auspicious occasion, I wish and pray that our Heavenly Father may help and guide them to do more and more for the Glory of His name in the coming days. Our Church Pastor, KM George and all Church believers join me in congratulating the team on their great effort.

*With Christian love and prayers,*
*Yours in Christ,*

**Thomas Mathew**
**Secretary,**
**IPC Hebron**
**Bahrain**



എന്റെ പ്രിയ സഹോദരൻ ചെറിയാൻ മാത്യൂസിന്റെ ഹൃദയത്തിൽ ദൈവം നല്കിയ ഒരു സമകാലീന വാർത്താ പത്രിക എന്ന ആഗ്രഹം ഹലോ ഹോപ്പ് എന്നൊരു ജേണലായി പുറത്തിറങ്ങുന്നതിൽ ഞാൻ ദൈവനാമത്തിൽ സന്തോഷിക്കുന്നു.

വിശ്വാസ വ്യത്യാസങ്ങൾക്കതീതമായി സ്നേഹത്തിന്റേയും ദിവ്യസമാധാനത്തിന്റേയും ആത്മപ്രകാശ ഗോപുരമായി തീരാൻ ഹലോ ഹോപ്പിന് കഴിയട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിയ്ക്കുന്നു.

ഹൃദ്യമായ ആശംസകളോടെ,
ഒരു അഭ്യുദയകാംക്ഷി,

**ജോർജുകുട്ടി. കെ**

# HH Rejoice

For by me your days will be multiplied,
And years of life will be added to you.
(Proverbs 9:11)


"ഞാൻ മുഖാന്തരം നിന്റെ നാളുകൾ പെരുകും;
നിനക്കു ദീർഘായുസ്സു ഉണ്ടാകും."
(സദൃശ്യവാക്യങ്ങൾ 9:11)



Gaius Babu George
April 1


Moses V. john
April 2


Abel varghese
April 4



Andrea Mariam Siju
April 5


Adharsh Anil
April 8



Anita Ann John
April 11


Deborah Elsa Rebu
April 15


Jeromy Jijo
April 17



Diya Sara Siby
April 20


Ajo Koshy
April 22


Calvin Koshy
April 25


Serah Mariam Jimson
April 27

# HH Studio







Pastor P.C. Varghese was invited as one of the Guest Speakers to preach the Word of God at the IPC Navapur Festival of Good News Convention 2017, held at Maharashtra, India where over 3500 native people gathered.

# Ebenezer International Holding Company W.L.L.,

## *Growing in God's wisdom*

Ebenezer International Holding Company W.L.L., with a commitment to serve the society in many better ways, is growing with excellence and passion. Enriched by a futuristic vision to build a responsible generation, Ebenezer is paving new paths.

Founded by Dr. T.T. Thomas, a highly successful and well respected person in Bahrain, who has more than three decades of management experience, Ebenezer strives hard to enlighten everybody with God's wisdom. Mr. Jaan Thomas is the CEO who spearheads the activities to fulfill a noble mission. Three top brass educational institutions; Ebenezer International Residential School-Kerala, Ebenezer Private School-Bahrain and The New Indian School-Bahrain come under the canopy of the Holding Company.

Out of the desire to contribute positively to the place they belonged to, Ebenezer International Residential School in Kerala was founded in 2002 on a profound thought of giving the state a benchmark to look upto. The state-of-the art school has students from different countries, with refined infrastructure and facilities Mr. Jaan Thomas believes that quality should be modelled first in what we run. Education can be only acquired through hands-on practical experience and real-life challenges.



Jaan Thomas
*CEO*

The New Indian School, Bahrain established in 1990, is run by a team of dedicated enthusiasts representing a cross section of the Indian community. The School focuses on the development of the integrated personality of every child.

Ebenezer Private School, Bahrain is also an esteemed educational institution , that provides quality education in British curriculum.

## *With Profound obligation...*



ദൈവജനത്തിന്റെ ആത്മീയ അഭിവൃദ്ധിക്കും ഐക്യതയ്ക്കും കെട്ടുറപ്പിനുമായി *"Hello Hope"-Hope Harbour for Believers* എന്നൊരു ജേണൽ പ്രസിദ്ധീകരിക്കാൻ സാധിച്ചതിൽ സകല മാനവും മഹത്വവും സർവ്വശക്തനായ ദൈവത്തിന് അർപ്പിക്കുന്നു. മാധ്യമരംഗത്തെ കഴിഞ്ഞ നീണ്ട 32 വർഷത്തെ അനുഭവ സമ്പത്തോ പരിചയങ്ങളോ ഒരു പ്രധാന ഘടകമായി വരാത്തവണ്ണം പൂർണ്ണമായി സമയത്തിന്റെ തികവിങ്കൽ ദൈവാശ്രയ ബോധത്തോടെ ഒരു സമകാലീന വാർത്താ പത്രിക നിലവിൽ വന്നത് ദൈവജനത്തിന് അനുഗ്രഹമായി തീരട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. ഈ സ്വപ്നസ്ക്ഷാത്കാരത്തിന് ആക്കം കൂട്ടിയവരോടും ഒപ്പം നിന്നവരോടുമുള്ള നന്ദി എന്റെ ഹൃദയത്തിൽ എന്നുമുണ്ടായിരിക്കും. ആശംസകൾ, ലേഖനങ്ങൾ, പരസ്യങ്ങൾ മറ്റിതര ആത്മീയ രചനകളുമായി ഞങ്ങളോടൊപ്പം ചേർന്നവരേ, ഇനിയും നിങ്ങളുടെ താലന്തുകൾ ദൈവജനത്തിന് പ്രയോജനമായി ഭവിക്കട്ടെയെന്ന് ആശംസിക്കുന്നു.. പ്രിയ തങ്കച്ചായൻ (പാസ്റ്റർ.റ്റി.റ്റി. തോമസ്) നൽകിയ പ്രചോദനവും സഹായവും ഏറെ മുന്നോട്ട് പോകുവാൻ കരുത്തേകിയതും പ്രത്യേകം ഓർക്കുന്നു. ശ്രദ്ധിക്കപ്പെടാതെ പോകുന്ന പിഴവുകൾ ചൂണ്ടികാണിച്ചാൽ അവയൊക്കെ തിരുത്തിയും നമ്മുടെ സാമൂഹിക നീതിയ്ക്കോ വിശ്വാസ പ്രമാണങ്ങൾക്കോ എതിരായ എല്ലാ കാര്യങ്ങളേയും ലാഭേച്ഛ കൂടാതെ ഒഴിവാക്കികൊണ്ടും മുന്നോട്ട് പോകുവാൻ എല്ലാ അഭ്യുദയകാംക്ഷികളുടേയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

എല്ലാവരോടുമുള്ള അഗാധമായ കടപ്പാടോടെ,

ചെറിയാൻ മാത്യൂസ്
ഡയറക്ടർ & മാനേജിംഗ് എഡിറ്റർ
cherian1234@gmail.com

# തക്ക തുണ

## *Matrimonial*

Brethren parents living in USA since year 2013 prayerfully invites suitable proposals for their son (29/ height 185 cm.). Born and brought up in Kerala, he has Masters in Business Administration (Finance) and currently employed in a reputed Business firm in California. He is born again, baptized and an active member of the local assembly. Seeks proposals from parents of God fearing, born again, baptized and qualified girls.
**Email:**
**jesustheredeemer2016 @gmail.com**

Brethren parents living in USA since year 2013 prayerfully invites suitable proposals for a suitable bridegroom for their daughter, who is born and brought up in Kerala, born again, baptized, spiritual and in active fellowship with the local assembly. She is 26 yrs old, 5.6 ft tall, BSc Nurse and currently employed in a reputed Hospital as RN in California. Contact with more details along with recent photographs (family photo preferable).
**Email:**
**jesustheredeemer2016 @gmail.com**

Syrian Christian Pentecostal parents invite proposals for their only daughter (32,5'4",MSc) working in Kochi from parents of God fearing, Spirit filled and professionally qualified Pentecostal boys. **Kerala Matrimonial ID - E2615270**
**Contact Numbers:**
**India:**
**0091 4842893823**
**0091 8281853165**
**Bahrain**
**00973 38172259**
**00973 36770627**
**Email:**
**samueljohn53@ymail.com**

R.C Background Pentecostal parents invite proposals for their daughter (DOB 12.10.1990/152CM) BA. LLB working withlegal firm in Bengaluru, from parents of Born again, baptized professionally qualified and employed boys.
**Contact :**
**+91 9447534467,**
**+91 9207168691,**
**+91 9946775191**





Transforming Lives for a Better Future...

# Ebenezer International Holding Co. W.L.L.

Kingdom of Bahrain

**E**XCELLENCE
**B**RAVE
**E**XEMPLARY
**N**OBLE
**E**XCEPTIONAL
**Z**EALOUS
**E**FFICIENT
**R**ESPECT

















**Dr. T.T. Thomas**
Founder & Chairman

## Our Schools

### The New Indian School W.L.L.

ESTD. 1990

P.O. Box 33131, Isa Town, Kingdom of Bahrain, Tel: +973 17622350 Fax: +973 17622351
nischool@batelco.com.bh | www.ebenezerirs.org

### Ebenezer International Residential School

ESTD. 2001

Thottumalil Ebenezer Gardens, Ratnagiri, Pattithanam P.O., Ettumanoor, Kottayam - 686 631, Kerala.
School Office Tel : +91 481-2537797, Tel : + 91 481 2537783, 2538736, Fax : + 91 481 2536687
info@ebenezerirs.org | www.ebenezerirs.org

### Ebenezer Private School

British Curriculum

ESTD. 2006

P.O. Box 82099, Budaiya, Kingdom of Bahrain, Tel: +973 17404118, Fax: +973 17404236
info@ebenezerprivateschool.org | www.ebenezerprivateschool.org

**Ebenezer International Holding Company W.L.L.**
**P.O. Box 82099, Kingdom of Bahrain, Tel: +973 17404118, Fax: +973 17404236, E-mail: info.ebenezerholdings.com**

STEERING

Managing & Responsible Editor: **Cherian Mathews**, Chief Editor: **Rajeev Stuvert**, Creative Editor: **Georgekutty Sebastian**
Correspondents: **Roy Mathews, Jojo Joseph, Anil Thomas,** Printed & Published by: Phoenix Publishing House, 2A Princeton, Skyline Ivy League, Kakkanad, Kochi, Kerala, India, Pin 682030 Tel: +91 9947877914, Licence# RNI No.KERMAL/2017/469833/ERN

© Copyright reserved. The concept and content of this publication remain the exclusive property of Phoenix Publishing House and must not be reproduced in any form whatsoever without prior permission. Every effort has been made to ensure the accuracy of the information contained in this publication. However, Phoenix Publishihg House cannot accept legal responsibilty for any error or omission.

Exclusive Gulf Representative
فينكس للتسويق والابداع ذ.م.م
PHOENIX
MARKETING & CREATIONS W.L.L

P.O. Box 10489, Kingdom of Bahrain, Tel: 39336575, hhgulfnews@gmail.com

For Private Circulation only